TAB

# TRICHUR ARCHDIOCESAN BULLETIN

2023 ഒക്ടോബർ വാല്യം: 90 ലക്കം: 10




കാനാൻകാരിയുടെ വിശ്വാസം (മത്താ. 15, 28)

Synod 2021 2024

For a synodal Church

communion | participation | mission

കൂട്ടായ്മ | പങ്കാളിത്തം | പ്രേഷിതദൗത്യം



2023 സെപ്റ്റംബർ 03ന് പറപ്പൂർ സെന്റ് ജോൺ നെപുംസ്യാന്റെ
നാമധേയത്തിലുള്ള പഴയ ഇടവക ദൈവാലയത്തിന്റെ നവീകരിച്ച അൾത്താര.



Trichur Archdiocesan Bulletin TAB
ESTD: 1934

**ഒക്ടോബർ 2023**
ലക്കം: 10 വാല്യം: 90

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

*Chief Editor*
Fr. Francis Aloor

*Executive Editor*
Fr. Daijo Poruthur

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
www.trichurarchdiocese.org

| | |
|---|---|
| പരിശുദ്ധ പിതാവിന്റെ സന്ദേശം | 4 |
| സർക്കുലർ | 13 |
| മെത്രാന്മാർക്കുള്ള കത്ത് | 18 |
| സിനഡ് (മധ്യസ്ഥ പ്രാർത്ഥന) | 22 |
| കച്ചേരിക്കാര്യം | 26 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 34 |
| സഹായമെത്രാന്റെ പരിപാടികൾ | 34 |
| നാളാഗമം | 36 |
| നാമകരണ നടപടികൾ | 40 |
| വൈദികർ | 44 |
| സന്യസ്തർ | 47 |
| മതബോധനം | 53 |
| സ്ഥാപനങ്ങൾ | 59 |
| സംഘടനകൾ | 78 |
| എവുപ്രാസ്യാ മിഷൻ | 100 |

# സന്ദേശം
## പരിശുദ്ധ പിതാവ്
## ഫ്രാൻസിസ് പാപ്പാ

Ref: No: 3918/K-5/KCBC/OL/DS
14.09.2023

### 2023 ആഗോളപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം

ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ (ലൂക്കാ 24: 13–35 കാണുക)

പ്രിയ സഹോദരീ സഹോദരന്മാരേ,

വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ കഥയെ ആസ്പദമാക്കി, "ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ," എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത്. ആ രണ്ട് ശിഷ്യരും അസ്വസ്ഥരും നിരാലംബരും ആയിരുന്നു. എന്നാൽ, വചനത്തിലും അപ്പം മുറിക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ അവരിൽ പുതിയൊരു ചൈതന്യം ഉടലെടുക്കുകയുണ്ടായി. ഉടൻതന്നെ ജറുസലേമിലേക്ക് തിരികെ പോകാനും "കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു" എന്ന് പ്രഖ്യാപിക്കാനുമുള്ള ആഗ്രഹം അവരിൽ ജനിക്കുകയുണ്ടായി. ശിഷ്യർക്ക് ഉണ്ടായ ഈ മാനസാ

ന്തരം സുവിശേഷത്തിലെ വിവരണത്തിൽ വ്യക്തമാണ്. ശിഷ്യരിൽ ഉണ്ടായ വ്യത്യാസത്തിലേക്ക് സുവിശേഷ വിവരണത്തിലെ ചില സൂചനകൾ പ്രകടമായി വിരൽചൂണ്ടുന്നു: യേശു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ, അവരുടെ ഉള്ളിൽ "അവരുടെ ഹൃദയങ്ങൾ ജ്വലിക്കുക" ആയിരുന്നു; അവർ അവിടത്തെ തിരിച്ചറിഞ്ഞു കഴിഞ്ഞപ്പോൾ "അവരുടെ നയനങ്ങൾ തുറക്കപ്പെട്ടു;" അവസാനമായി, ''അവരുടെ പാദങ്ങൾ പാത പുൽകി.'' പ്രേഷിതശിഷ്യരായ എല്ലാവരുടെയും സഞ്ചാരത്തെ പ്രതിഫലിപ്പിക്കുന്ന ഈ മൂന്ന് ചിത്രങ്ങളെ ധ്യാനിച്ചുകൊണ്ട് ഇന്നത്തെ ലോകത്തിൽ സുവിശേഷ വൽക്കരണ പ്രക്രിയയിൽ ഏർപ്പെടാനുള്ള വിളി നമുക്ക് നവീകരിക്കാം.

1. "അവൻ നമുക്ക് വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചു തന്നപ്പോൾ," നമ്മുടെ ഹൃദയങ്ങൾ ജ്വലിക്കുക ആയിരുന്നു. നമ്മുടെ പ്രേഷിത പ്രവർത്തനത്തിൽ *ദൈവവചനം നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.* ജെറുസലേമിൽനിന്ന് എമ്മാവൂസിലേക്കുള്ള യാത്രയ്ക്കിടെ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ദുഃഖഭരിതമായിരുന്നു. അവരുടെ മ്ലാനവദനങ്ങൾ അക്കാര്യം വ്യക്തമാക്കിയിരുന്നു; അവർ വിശ്വാസം അർപ്പിച്ചിരുന്ന യേശുവിന്റെ മരണമായിരുന്നു അതിനു കാരണം. ക്രൂശിക്കപ്പെട്ട തങ്ങളുടെ ഗുരുവിന്റെ പരാജയ പശ്ചാത്തലത്തിൽ അവിടന്ന് മിശിഹാ ആണെന്നുള്ള അവരുടെ പ്രത്യാശപൂർവ്വമായ വിശ്വാസം തകർക്കപ്പെട്ടിരുന്നു (വാ. 21 കാണുക).

''അവർ സംസാരിക്കുകയും തർക്കിക്കുകയും ചെയ്തു കൊണ്ടുപോകുമ്പോൾ യേശുതന്നെ അടുത്തെത്തി അവരോടൊപ്പം യാത്രചെയ്തു" (വാ. 15). ആദ്യശിഷ്യരെ വിളിച്ച വേളയിൽ എന്നപോലെ, ഇപ്പോൾ അവർ മ്ളാനവദനരായിരുന്ന നേരത്ത് കർത്താവ് മുൻകൈയെടുത്തുകൊണ്ട് അവരുടെ മധ്യേ വരുന്നു; അവിടന്ന് അവരെ സമീപിച്ച്, അവരുടെ കൂടെനടക്കുന്നു. അതുപോലെ തന്റെ നിസ്സീമമായ കരുണയാൽ അവിടത്തേക്ക് നമ്മോട് ഒരിക്കലും മടുപ്പ് തോന്നുകയില്ല. നമ്മുടെ എല്ലാ പരാജയങ്ങൾക്കും സംശയങ്ങൾക്കും ബലഹീനതകൾക്കും ഉപരിയാണ് അവിടത്തെ കരുണ; അല്പവിശ്വാസികളായ നാം നമ്മുടെ ദുഃഖവും നൈരാശ്യവാദവുംമൂലം "ഭോഷന്മാരും ഹൃദയം മന്ദീഭവിച്ചവരും" (വാ. 25) ആയാൽപ്പോലും. അന്നത്തെപ്പോലെ ഇന്നും ഉത്ഥിതനായ കർത്താവ് തന്റെ പ്രേഷിത ശിഷ്യരോട് ചേർന്നിരിക്കുന്നു. അവിടന്ന് അവരുടെ ചാരെ നടക്കുന്നു, ഏറെ പ്രത്യേകിച്ച് അവർ ലക്ഷ്യരഹിതരും നിരുത്സാഹപ്പെട്ടവരും തങ്ങൾക്ക് ചുറ്റും നിൽക്കുന്നതും തങ്ങളെ വലയം ചെയ്യാൻ ഉദ്ദേശിക്കുന്നതുമായ തിന്മയുടെ രഹസ്യത്തെ

ഭയപ്പെടുന്നവരും ആകുമ്പോൾ. ആകയാൽ, "പ്രത്യാശ മോഷ്ടിക്കപ്പെട്ട വരാകാതിരിക്കാൻ നമുക്ക് ശ്രമിക്കാം" (*സുവിശേഷത്തിന്റെ സന്തോഷം*, [*Evangelii Gaudium*], 86). നമ്മുടെ എല്ലാ പ്രശ്നങ്ങൾക്കും അതീതനായ വനാണ് കർത്താവ്, പ്രത്യേകിച്ച് ലോകത്തോട് സുവിശേഷം പ്രഘോഷിക്കുക എന്ന നമ്മുടെ ദൗത്യത്തിന് മുന്നിലാണ് പ്രസ്തുത പ്രശ്നങ്ങൾ നാം അഭിമുഖീകരിക്കുന്നതെങ്കിൽ. എന്തെന്നാൽ, ഈ ദൗത്യം അവിടത്തേതാണ്; നമ്മൾ കേവലം വിനീത സഹപ്രവർ ത്തകരത്രേ, "പ്രയോജനമില്ലാത്ത ദാസർ" (ലൂക്കാ 17:10 കാണുക).

ഇത്തരുണത്തിൽ പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടിരി ക്കുന്ന ലോകം മുഴുവനുള്ള എല്ലാ സ്ത്രീ പുരുഷന്മാരെയും എന്റെ സാമിപ്യം അറിയിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു, ഏറെ പ്രത്യേകിച്ച് ഏതെങ്കിലും തരത്തിൽ ഈ പ്രക്രിയയിൽ ആയിരിക്കുമ്പോൾ വലിയ സഹനം ഏറ്റെടുത്തിരിക്കുന്നവരോട്. പ്രിയ സുഹൃത്തുക്കളേ, ഉത്ഥി തനായ നാഥൻ നിങ്ങളോടൊപ്പം എപ്പോഴുമുണ്ട്. നിങ്ങളുടെ ഔദാര്യ വും വിദൂര നാടുകളിൽ സുവിശേഷവൽക്കരണം നടത്തുന്ന നിങ്ങളുടെ ദൗത്യത്തിൽ നിങ്ങൾ ചെയ്യുന്ന ത്യാഗപൂർണമായ പ്രവൃത്തികളെയും അവിടന്ന് കാണുന്നു. നിങ്ങളുടെ ദിവസങ്ങളെല്ലാം സ്വസ്ഥവും കാർമേഘരഹിതവും ആണെന്ന് ഞാൻ കരുതുന്നില്ല. എന്നാൽ, തന്റെ പീഡാനുഭവത്തിനുമുമ്പായി തന്റെ സുഹൃത്തുക്കളോട് അവിടന്ന് പറഞ്ഞത് നമുക്ക് വിസ്മരിക്കാതിരിക്കാം: "ലോകത്തിൽ നിങ്ങൾക്കു ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമുള്ളവരായിരിക്കുവിൻ; ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (യോഹ 16:33).

എമ്മാവൂസിലേക്കുള്ള വഴിയിലെ രണ്ട് ശിഷ്യരെ ശ്രവിച്ചശേഷം, "മോശ മുതൽ എല്ലാ പ്രവാചകന്മാരും വിശുദ്ധ ലിഖിതങ്ങളിലെല്ലാം തന്നെപ്പറ്റി എഴുതിയിരുന്നവ അവൻ അവർക്കു വ്യാഖ്യാനിച്ചു കൊടുത്തു" (ലൂക്കാ 24:27). ശിഷ്യരുടെ ഹൃദയങ്ങൾ, അവർ പിന്നീട് പരസ്പരം പങ്കുവച്ചതുപോലെ, ഉത്സാഹഭരിതമായി: "വഴിയിൽവച്ച് അവൻ നമ്മോടു സംസാരിച്ചുകൊണ്ടിരുന്നപ്പോഴും നമ്മോടു വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുകൊണ്ടിരുന്നപ്പോഴും നമ്മുടെ ഹൃദയം ജ്വലിക്കുകയായിരുന്നില്ലേ?" (വാ. 32). യേശുതന്നെയാണ് ജീവിക്കുന്ന വചനം; അവിടത്തേക്കു മാത്രമേ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കാ നാവൂ; എന്തെന്നാൽ അവിടന്ന് അവയെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യുന്നു.

ഈ പശ്ചാത്തലത്തിലാണ് നാം വിശുദ്ധ ജെറോമിന്റെ സൂക്തം കൂടുതൽ വ്യക്തമായി മനസ്സിലാക്കുന്നത്: "വിശുദ്ധലിഖിതങ്ങളെക്കുറി ച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്"

(*ഏശയ്യായുടെ ഗ്രന്ഥത്തിന്റെ വ്യാഖ്യാനം*, ആമുഖം [*Commentary on Isaiah*, Prologue]). "കർത്താവ് നമുക്കത് വ്യാഖ്യാനിച്ചുതന്നില്ലെങ്കിൽ, വിശുദ്ധ ലിഖിതങ്ങൾ ആഴത്തിൽ മനസ്സിലാക്കാൻ നമുക്ക് കഴിയുകയില്ല; അതേ സമയം, മറിച്ചുള്ളതും ഇതുപോലെതന്നെ സത്യമാണ്: വിശുദ്ധലിഖിതങ്ങൾ ഇല്ലാതെ യേശുവിന്റെ ദൗത്യത്തിലെ സംഭവങ്ങളും ലോകത്തിൽ അവന്റെ സഭയുടെ ദൗത്യവും അസ്പഷ്ടമായിരിക്കും" (*അവൻ അവർക്ക് തുറന്നുകൊടുത്തു*, 1 [*Aperuit Illis*]). ആയതിനാൽ, ക്രിസ്തീയ ജീവിതത്തിൽ വിശുദ്ധ ലിഖിതങ്ങളെക്കുറിച്ചുള്ള അറിവ് പ്രധാനപ്പെട്ടതാണ്; ക്രിസ്തുവിനെയും അവിടത്തെ സുവിശേഷത്തെയും പ്രസംഗിക്കണമെങ്കിലാകട്ടെ ഈ അറിവ് അതിലേറെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. അങ്ങനെയല്ലെങ്കിൽ, നിങ്ങൾ കൈമാറുന്നത് നിങ്ങളുടെ ആശയങ്ങളും പദ്ധതികളും ആയിരിക്കില്ലേ? ഒരു തണുത്ത ഹൃദയത്തിന് മറ്റുഹൃദയങ്ങളെ ഒരിക്കലും ജ്വലിപ്പിക്കാൻ ആകുകയില്ലല്ലോ!

ഉത്ഥിതനായ നാഥൻതന്നെ നമുക്ക് വിശുദ്ധ ലിഖിതങ്ങളുടെ അർത്ഥം വ്യാഖ്യാനിച്ചുതരുന്നതിനാൽ അവിടന്നിനാൽ അനുഗമനം ചെയ്യപ്പെടാൻ നാം സദാ സന്നദ്ധരായിരിക്കണം. അവിടന്ന് നമ്മുടെ ഉള്ളിൽ നമ്മുടെ ഹൃദയങ്ങളെ ജ്വലിപ്പിക്കട്ടെ; അവിടന്ന് നമ്മെ പ്രകാശിപ്പിക്കുകയും പരിവർത്തനപ്പെടുത്തുകയും ചെയ്യട്ടെ. അങ്ങനെ നമുക്ക് ലോകത്തിന്റെ മുമ്പിൽ അവിടത്തെ ആത്മാവിൽനിന്നുവരുന്ന ശക്തിയിലും ജ്ഞാനത്തിലും രക്ഷയുടെ രഹസ്യം പ്രഘോഷിക്കാനാകും.

2. അപ്പം മുറിച്ചപ്പോൾ "ഞങ്ങളുടെ കണ്ണുകൾ തുറക്കുകയും ഞങ്ങൾ അവനെ തിരിച്ചറിയുകയും ചെയ്തു." ദിവ്യകാരുണ്യത്തിലെ യേശു നമ്മുടെ പ്രേഷിതദൗത്യത്തിന്റെ ഉറവയും ഉച്ചിയും ആണ്.

ദൈവവചനത്തിനായി തങ്ങളുടെ ഹൃദയങ്ങൾ ജ്വലിച്ചുകൊണ്ടിരുന്നതിനാൽ എമ്മാവൂസിലേക്ക് പോയ ശിഷ്യർ നേരം സന്ധ്യയായതിനാൽ തങ്ങളുടെ കൂടെചേർന്ന ആ അപരിചിതനായ വഴിപോക്കനെ തങ്ങളോടൊപ്പം വസിക്കാൻ ക്ഷണിച്ചു. അവർ മേശക്കരികിൽ ഇരുന്നനേരം അവിടന്ന് അപ്പം മുറിച്ച് നൽകിയപ്പോൾ അവരുടെ നയനങ്ങൾ തുറക്കപ്പെടുകയും അവർ അവിടത്തെ തിരിച്ചറിയുകയും ചെയ്തു. ശിഷ്യരുടെ നയനങ്ങൾ തുറക്കപ്പെടാൻ ഇടയാക്കിയ നിർണായക ഘടകം യേശു നിർവഹിച്ച അനുക്രമമായ ചില പ്രവൃത്തികൾ ആണ്: അവിടന്ന് അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് അവർക്കു കൊടുത്തു. ഒരു യഹൂദ ഭവനത്തിലെ കുടുംബനാഥൻ സാധാരണ ചെയ്തിരുന്ന പ്രവൃത്തികളാണവ. എന്നാൽ പരിശുദ്ധാത്മാവിന്റെ

കൃപാവരത്തിൽ യേശുക്രിസ്തു അത് ചെയ്തപ്പോൾ മേശയ്ക്കരികിൽ ഇരുന്ന ആ രണ്ടുപേർക്കും അത് അപ്പം വർദ്ധിപ്പിക്കലിന്റെയും, എല്ലാറ്റിനും ഉപരിയായി, കുരിശിലെ ബലിയുടെ കൂദാശയായ ദിവ്യകാരുണ്യത്തിന്റെയും അടയാളം ആവർത്തിക്കുന്നതിന്റെ അനുഭവമായിരുന്നു. എന്നാൽ അപ്പം മുറിച്ച അതേ നിമിഷംതന്നെ, അവർ യേശുവിനെ തിരിച്ചറിഞ്ഞപ്പോൾതന്നെ, "അവൻ അവരിൽനിന്ന് അപ്രത്യക്ഷനായി" (ലൂക്കാ 24:31). ഇവിടെ നാം നമ്മുടെ വിശ്വാസത്തിന്റെ ഒരു അടിസ്ഥാന യാഥാർഥ്യം തിരിച്ചറിയുന്നു: അപ്പം മുറിക്കുന്ന ക്രിസ്തു ഇപ്പോൾ മുറിക്കപ്പെടുന്ന അപ്പമായി ഭവിക്കുന്നു; അവിടന്ന് ശിഷ്യരുടെ ഇടയിൽ പങ്കുവയ്ക്കപ്പെടുകയും ഉൾക്കൊള്ളപ്പെടുകയും ചെയ്യുന്നു. അവിടന്ന് ഇനിമേൽ കാണപ്പെടുന്നില്ല; അവിടന്നിപ്പോൾ ശിഷ്യരുടെ ഹൃദയങ്ങളിൽ പ്രവേശിച്ചവനായി; അങ്ങനെ അവർ കൂടുതൽ ജ്വലിക്കുന്നവരായിത്തീരും. അത് അവരെ ഉത്ഥിതനായ നാഥനെ കണ്ടുമുട്ടിയതിന്റെ അതുല്യമായ അനുഭവം എല്ലാവരുമായി പങ്കുവയ്ക്കാൻ ഉടനെതന്നെ ഇറങ്ങിപുറപ്പെടാൻ പ്രേരിപ്പിക്കുന്നു. ആകയാൽ, ഉത്ഥിതനായ ക്രിസ്തു അപ്പം മുറിക്കുന്നവനും അതേസമയംതന്നെ നമുക്കായി മുറിക്കപ്പെട്ട അപ്പമായും ഭവിക്കുന്നു. അതിനാൽ, ഓരോ പ്രേഷിത ശിഷ്യനും യേശുവിനെപ്പോലെ ആയിത്തീരാൻ വിളിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ ക്രിസ്തുവിലൂടെയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താലും അവൻ അപ്പം മുറിക്കുന്നവനും ലോകത്തിനുവേണ്ടി മുറിക്കപ്പെടുന്ന അപ്പമായും മാറേണ്ടിയിരിക്കുന്നു.

യഥാർത്ഥത്തിൽ ക്രിസ്തുനാമത്തിൽ വിശക്കുന്നവരുമായി ഭൗതികമായ അപ്പം മുറിക്കുന്നതുതന്നെ ക്രൈസ്തവ പ്രേഷിതപ്രവൃത്തിയാണെന്ന് തിരിച്ചറിയേണ്ടതുണ്ട്. അങ്ങനെയെങ്കിൽ, ദിവ്യകാരുണ്യ അപ്പംമുറിക്കൽ അതിനേക്കാളേറെ വലിയ പ്രേഷിതപ്രവർത്തനം അല്ലേ? കാരണം, ക്രിസ്തു തന്നെയാണ് മുറിക്കപ്പെടുന്നത്; അത് പ്രേഷിത പ്രവർത്തനത്തിന്റെ സമുന്നത ഭാവമാണ്; എന്തെന്നാൽ സഭയുടെ ജീവിതത്തിന്റെയും പ്രേഷിതദൗത്യത്തിന്റെയും ഉറവയും ഉച്ചിയും ആണ് ദിവ്യകാരുണ്യം.

ബെനഡിക്ട് പതിനാറാം പാപ്പാ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ: "ദിവ്യകാരുണ്യ കൂദാശയിൽ നാം ആഘോഷിക്കുന്ന സ്നേഹം നമുക്ക് സ്വകാര്യമായി വയ്ക്കാവുന്ന ഒന്നല്ല. എല്ലാവരുമായി അത് പങ്കുവയ്ക്കണം എന്ന് അത് അതിന്റെ സ്വഭാവത്തിൽത്തന്നെ ആവശ്യപ്പെടുന്നു. ലോകത്തിനു ആവശ്യമായിരിക്കുന്നത് ദൈവത്തിന്റെ സ്നേഹമാണ്. ക്രിസ്തുവിനെ കണ്ടുമുട്ടുകയും അവനിൽ വിശ്വസിക്കുകയും ചെയ്യുക ലോകത്തിന്റെ ആവശ്യമാണ്. അതുകൊണ്ട് ദിവ്യകാരുണ്യം

സഭയുടെ ജീവിതത്തിന്റെ മാത്രമല്ല, അവളുടെ പ്രേഷിതദൗത്യത്തിന്റെയും ഉറവിടവും അത്യുച്ചസ്ഥാനവുമാണ്: 'യഥാർത്ഥ ദിവ്യകാരുണ്യപരമായ സഭ ഒരു പ്രേഷിത സഭയാണ്'(*സ്നേഹത്തിന്റെ കൂദാശ* [Sacramentum Caritatis], 84).

ഫലം പുറപ്പെടുവിക്കണമെങ്കിൽ നാം യേശുവുമായി ഐക്യപ്പെട്ടിരിക്കണം (യോഹ 15;4–9 കാണുക). ദൈനംദിനമുള്ള പ്രാർത്ഥന വഴിയാണ് ഈ ഐക്യം സാധ്യമാകുന്നത്, ഏറെ പ്രത്യേകിച്ച് ദിവ്യകാരുണ്യ ആരാധനവഴി. ദിവ്യകാരുണ്യ ആരാധനയിൽ ദിവ്യകൂദാശയിൽ നമ്മോടൊപ്പം ആയിരിക്കുന്ന കർത്താവിന്റെ സാന്നിധ്യത്തിൽ നാം നിശബ്ദരായി ഇരിക്കുകയാണല്ലോ! ക്രിസ്തുവുമായുള്ള ഐക്യം സ്നേഹപൂർവ്വം പരിപോഷിപ്പിക്കുന്നതുവഴി പ്രേഷിതശിഷ്യന് ഒരു പ്രവർത്തനനിരതനായ യോഗിയായി (mystic in action) തീരാൻ സാധിക്കും. നമ്മുടെ ഹൃദയങ്ങൾ എപ്പോഴും യേശുവുമായുള്ള സഹവാസത്തിൽ ആയിരിക്കാൻ കാംക്ഷിക്കട്ടെ, ഏറെ പ്രത്യേകിച്ച് സായം സന്ധ്യകളിൽ; എമ്മാവൂസിലേക്ക്പോയ ആ രണ്ട് ശിഷ്യരുടെ തീക്ഷ്ണമായ യാചന അവയിൽ പ്രതിധ്വനിക്കട്ടെ: "നാഥാ ഞങ്ങളോടൊത്ത് വസിച്ചാലും" (ലൂക്ക 24:29 കാണുക).

3. നമ്മുടെ പാദങ്ങൾ പാതയിൽ ആയിരിക്കുകയും ഉത്ഥിതനായ ക്രിസ്തുവിനെക്കുറിച്ച് മറ്റുള്ളവരോട് സന്തോഷപൂർവ്വം സംസാരിക്കുകയും ചെയ്യുന്നു. എപ്പോഴും പുറത്തേക്ക് ഗമിക്കുന്ന സനാതന യുവത്വമുള്ള ഒരു സഭയുടെ ചിത്രമാണിത്.

അപ്പം മുറിക്കലിൽ കണ്ണുകൾ തുറക്കപ്പെടുകയും അങ്ങനെ യേശുവിനെ തിരിച്ചറിയുകയും ചെയ്ത ആ ശിഷ്യർ "ഉടനെതന്നെ ജറുസലേമിലേക്ക് തിരികെ പോയി" (ലൂക്കാ 24:33 കാണുക). കർത്താവിനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ തിടുക്കത്തിൽ നടത്തിയ ഈ പുറപ്പാട് ഒരു കാര്യം വ്യക്തമാക്കുന്നു: "സുവിശേഷത്തിന്റെ സന്തോഷം യേശുവിനെ കണ്ടുമുട്ടുന്ന എല്ലാവരുടെയും ഹൃദയങ്ങളിലും ജീവിതം മുഴുവനിലും നിറയുന്നു. അവിടന്നുവഴിയായി രക്ഷ പ്രാപിക്കാനായി തങ്ങളെത്തന്നെ അനുവദിക്കുന്നവർ പാപം, ദുഃഖം, ആന്തരികശൂന്യത, ഏകാന്തത എന്നിവയിൽനിന്ന് സ്വതന്ത്രരാക്കപ്പെടുന്നു. യേശുക്രിസ്തുവിനോടൊപ്പം സന്തോഷം നിരന്തരം ജനിക്കുകയും പുനർജനിക്കുകയും ചെയ്യുന്നു" (*സുവിശേഷത്തിന്റെ സന്തോഷം*, 1).

അവിടത്തെക്കുറിച്ച് എല്ലാവരോടും പറയാനുള്ള അത്യുത്സാഹം ജനിപ്പിക്കപ്പെടാതെ ഒരാൾക്ക് താൻ ഉത്ഥിതനായ യേശുവിനെ യഥാർത്ഥമായും കണ്ടുമുട്ടി എന്ന് പറയാൻ ആകില്ല. ആകയാൽ, നമ്മുടെ

പ്രേഷിതദൗത്യത്തിന് പ്രഥമവും പ്രധാനവുമായ വിഭവം എന്ന് പറയുന്നത് ഉത്ഥിതനായ ക്രിസ്തുവിനെ വിശുദ്ധലിഖിതങ്ങളിലും ദിവ്യകാരുണ്യത്തിലും തിരിച്ചറിഞ്ഞ ആളുകളാണ്; തങ്ങളുടെ ഹൃദയ ങ്ങളിൽ അവിടത്തെ അഗ്നിയും മിഴികളിൽ അവിടത്തെ പ്രകാശവും പേറുന്നവരാണവർ. ബുദ്ധിമുട്ടേറിയതും അന്ധകാരപൂരിതവുമായ വേളകളിൽപോലും ഒരിക്കലും അവസാനിക്കാത്ത ജീവനെക്കുറിച്ച് അവർക്ക് സാക്ഷ്യം നൽകാനാകും.

"പാതകളിൽ ആയിരിക്കുന്ന പാദങ്ങൾ" എന്ന ചിത്രം ജനതക ളോടുള്ള പ്രേഷിതദൗത്യത്തിന്റെ (*missio ad gentes)* സനാതന സാധുത യെക്കുറിച്ച് വീണ്ടും നമ്മെ ഓർമിപ്പിക്കുന്നു. അതായത്, ഉത്ഥിതനായ നാഥൻ സഭയെ ഭരമേല്പിച്ച ഭൂമിയുടെ അതിർത്തികൾവരെ എല്ലാ വ്യക്തികളെയും ജനപദങ്ങളെയും സുവിശേഷ വൽക്കരിക്കുക എന്ന് പ്രേഷിതദൗത്യം. അനീതിയുടെ അസംഖ്യം സാഹചര്യങ്ങളാലും ഒട്ടന വധി ഭിന്നതകളാലും യുദ്ധങ്ങളാലും മുറിവേറ്റിരിക്കുന്ന നമ്മുടെ മനുഷ്യ കുടുംബത്തിന് ഇന്ന് മറ്റെന്നേക്കാളും ഉപരി സമാധാനത്തിന്റെ സദ്‌വാർ ത്തയും ക്രിസ്തുവിലുള്ള രക്ഷയും ആവശ്യമായിരിക്കുന്നു. ഈ അവസ രത്തിൽ വീണ്ടും ഞാൻ ഊന്നിപ്പറയുന്നു, "സുവിശേഷം ലഭിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. ആരെയും ഒഴിവാക്കാതെ സുവിശേഷം പ്രഘോഷിക്കാൻ ക്രൈസ്തവർക്ക് കടമയുമുണ്ട്. പുതിയ ബാധ്യതകൾ അടിച്ചേൽപ്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി കാണപ്പെടണം" (*സുവിശേഷ ത്തിന്റെ സന്തോഷം*, 14). നാം വ്യക്തികൾ എന്ന നിലയിലും സമൂഹ ങ്ങൾ എന്ന നിലയിലും പ്രേഷിത ദൗത്യത്തിനായി പരിവർത്തനപ്പെടണം എന്നതായിരിക്കണം നമ്മുടെ മുഖ്യലക്ഷ്യം, എന്തെന്നാൽ, സഭയുടെ മുഴുവൻ പ്രവർത്തനത്തിനും അടിസ്ഥാന മാതൃക ആയിരിക്കുന്നത് പ്രേ ഷിതപ്രവർത്തനം തന്നെയാണ്" (*സുവിശേഷത്തിന്റെ സന്തോഷം*, 15).

പൗലോസ് അപ്പോസ്തലൻ പറയുന്നതുപോലെ ക്രിസ്തുവിന്റെ സ്നേഹം നമ്മെ കീഴടക്കുകയും നിർബന്ധിക്കുകയും ചെയ്യുന്നു (2 കോറി 5:14 കാണുക). ഈ സ്നേഹത്തിന് രണ്ടു വശങ്ങളുണ്ട്: ക്രിസ്തുവിന് നമ്മോടുള്ള സ്നേഹം; അത് നമ്മുടെ സ്നേഹത്തെ ക്ഷണിക്കുകയും പ്രചോദിപ്പിക്കുകയും അവനോടുള്ള സ്നേഹത്തി നായി നമ്മെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. ഈ സ്നേഹമാണ് സഭയെ രൂപപ്പെടുത്തുന്നത്; അത് നിരന്തരം നവമായിക്കൊണ്ടിരിക്കുകയും സഭയെ യുവത്വത്തിൽ നിലനിറത്തുകയും ചെയ്യുന്നു. എന്തെന്നാൽ,

ക്രിസ്തുവിന്റെ സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ അവളുടെ എല്ലാ അംഗങ്ങളെയും ഭരമേൽപ്പിക്കുന്നു: "ജീവിക്കുന്നവർ ഇനിയും തങ്ങൾക്കുവേണ്ടി ജീവിക്കാതെ, തങ്ങളെപ്രതി മരിക്കുകയും ഉയിർക്കുകയും ചെയ്തവനുവേണ്ടി ജീവിക്കേണ്ടതിനാണ് അവിടന്ന് എല്ലാവർക്കുംവേണ്ടി മരിച്ചത്" (2 കോറി 5:15) എന്ന ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണിത്. നമുക്കെല്ലാവർക്കും ഈ പ്രേഷിതദൗത്യത്തിനോട് സഹകരിക്കാനാകും: നമ്മുടെ പ്രാർത്ഥനകൾ, പ്രവർത്തനങ്ങൾ, നമ്മുടെ ഭൗതിക കാഴ്ചവസ്തുക്കൾ, നമ്മുടെ സഹന ത്തിലുള്ള കാഴ്ചവയ്പ്പ്, നമ്മുടെ വ്യക്തിപരമായ സാക്ഷ്യം എന്നിവവഴി. ഭൗതികവും ആധ്യാത്മികവുമായ തലങ്ങളിലുള്ള പ്രേഷിത സഹകരണത്തിന് ഉത്തമ സാഹചര്യങ്ങൾ ഒരുക്കുന്ന പ്രസ്ഥാനങ്ങളാണ് പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ. അതിനാൽ, ലോക മിഷൻ ഞായറാഴ്ചയിലെ ധനസമാഹരണം വിശ്വാസ പ്രചാരണത്തിനുള്ള പൊന്തിഫിക്കൽ സൊസൈറ്റിക്ക് (Pontifical Society for the Propagation of the Faith) വേണ്ടിയുള്ളതാണ്.

മിഷനറി പ്രവർത്തനത്തിനുവേണ്ടിയുള്ള സഭയുടെ ത്വര അവളുടെ എല്ലാ അംഗങ്ങളും തമ്മിലുള്ളതും എല്ലാ തലത്തിലുള്ളതുമായ പ്രേഷിതസഹകരണത്തിന് നമ്മെ ക്ഷണിക്കുന്നു. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ താക്കോൽ സംജ്ഞകളാൽ നയിക്കപ്പെട്ട് സഭ ഇപ്പോൾ നടത്തുന്ന സിനഡാത്മക സഞ്ചാരത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങളിലൊന്ന് ഇതുതന്നെയാണ്. ഈ സഞ്ചാരം എന്ന് പറയുന്നത് സഭ തന്നിലേക്ക്തന്നെ തിരിയുന്നതിന്റെ ഭാവമല്ല; സഭ എന്ത് വിശ്വസിക്കുകയും എന്ത് നടപ്പിൽ വരുത്തുകയും ചെയ്യണമെന്നതിന്റെ വോട്ടെടുപ്പല്ല അത്; അത് മാനുഷീകമായ മുൻഗണനകൾ നിർണ്ണയിക്കുന്ന ഒരു കാര്യവും അല്ല. മറിച്ച്, എമ്മാവൂസിലേക്കുപോയ ശിഷ്യരെപ്പോലെ, ഉത്ഥിതനായ നാഥനെ ശ്രവിച്ചുകൊണ്ട് ഇറങ്ങിപ്പുറപ്പെടുന്ന ഭാവമാണ് സഭയ്ക്കുള്ളത്. എന്തെന്നാൽ, വിശുദ്ധ ലിഖിതങ്ങൾ വ്യാഖ്യാനിച്ചുതരാനും നമുക്കായി അപ്പം മുറിച്ചുതരാനും കർത്താവ് എപ്പോഴും നമ്മുടെ പക്കലേക്ക് വരുന്നു; അങ്ങനെ പരിശുദ്ധാത്മാവിന്റെ ശക്തിയാൽ ലോകത്തിൽ അവിടത്തെ ദൗത്യം നമുക്ക് നിർവഹിക്കാനാകും.

വഴിമധ്യേ എന്താണ് സംഭവിച്ചതെന്ന് എമ്മാവൂസിലേക്ക് പോയ ആ രണ്ട് ശിഷ്യർ മറ്റുള്ളവരോട് പറഞ്ഞതുപോലെ (ലൂക്കാ 24:35 കാണുക) നമ്മുടെ പ്രഘോഷണം കർത്താവായ ക്രിസ്തുവിനെക്കുറിച്ച് ആയിരിക്കും; അത് അവിടത്തെ ജീവൻ, പീഡാനുഭവം, മരണം, ഉത്ഥാനം എന്നിവയെയും അവിടന്ന് നമ്മുടെ ജീവിതങ്ങളിൽ നടത്തിയ

സ്നേഹത്തിന്റെ വിസ്മയങ്ങളെക്കുറിച്ചും ആയിരിക്കും. ആകയാൽ, ഉത്ഥിതനായ നാഥനുമായ കണ്ടുമുട്ടലിനാൽ പ്രകാശിതരും അവിടത്തെ ആത്മാവാൽ പ്രചോദിതരുമായി നമുക്ക് വീണ്ടും ഇറങ്ങിപുറപ്പെടാം. ജ്വലിക്കുന്ന ഹൃദയവുമായി നമുക്ക് ഇറങ്ങി ചെല്ലാം; നമ്മുടെ നയനങ്ങൾ തുറന്നു വയ്ക്കാം; നമ്മുടെ പാദങ്ങൾ പാതയിൽ മുന്നേറട്ടെ. മറ്റുള്ള വരുടെ ഹൃദയങ്ങൾ ദൈവവചനത്താൽ ഉജ്ജ്വലിപ്പിക്കപ്പെടുന്നതിനും ദിവ്യകാരുണ്യത്തിലുള്ള യേശുവിലേക്ക് അവരുടെ കണ്ണുകൾ തിരിക്കുന്നതിനും ദൈവം മനുഷ്യരാശിക്കു മുഴുവനുമായി ചൊരിഞ്ഞിരിക്കുന്ന സമാധാനത്തിന്റെയും രക്ഷയുടെയും പാതയിലൂടെ ഒരുമിച്ച് സഞ്ചരിക്കുന്നതിനുമായി നമുക്ക് അവരെ ക്ഷണിക്കുകയും ചെയ്യാം.

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യരുടെ മാതാവും പ്രേഷിത രംഗങ്ങളുടെ രാജ്ഞിയും പാതയിലെ സ്ത്രീയുമായ പരിശുദ്ധ കന്യക മറിയം നമുക്കുവേണ്ടി പ്രാർത്ഥിക്കട്ടെ.

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് കർത്താവിന്റെ പ്രത്യക്ഷവൽക്കരണ മഹോത്സവദിനത്തിൽ, 2023 ജനുവരി ആറാം തീയതി നൽകിയത്.

**ഫ്രാൻസിസ് പാപ്പാ**

---

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

# സർക്കുലർ

## മാർ ആൻഡ്രൂസ് താഴത്ത്

1950/ 2023
18.09.2023 C-7

മിശിഹായിൽ പ്രിയ വൈദികരെ, സമർപ്പിതരെ, സഹോദരി സഹോദരന്മാരെ,

പരിശുദ്ധ അമ്മയ്ക്ക് പ്രതിഷ്ഠിതമായ ഒക്ടോബർ മാസത്തിലേക്ക് പ്രവേശിക്കുന്ന ഈ അവസരത്തിൽ ഏതാനും പ്രധാന കാര്യങ്ങൾ നിങ്ങളെ അറിയിക്കാനാണ് ഞാൻ ഈ സർക്കുലർ അയക്കുന്നത്.

**1. ജപമാലമാസം :** ഒക്ടോബർ പരി. കന്യകാമറിയത്തിന് പ്രതിഷ്ഠിതമായ ജപമാലമാസമാണ്. 7-ാം തിയ്യതി ജപമാലരാജ്ഞിയുടെ തിരുന്നാൾ നാം ആഘോഷിക്കുന്നു. പരി. അമ്മയുടെ മദ്ധ്യസ്ഥത തേടി ഈശോയുടെ രക്ഷാകര രഹസ്യങ്ങളെ ജപമാലയിലൂടെ ധ്യാനിക്കുന്ന നമുക്ക് ഈ അവസരം കുടുംബങ്ങളുടേയും സഭയുടേയും ശാക്തീകരണം ലക്ഷ്യം വച്ച് അനുഗ്രഹദായകമാക്കാം.

**2. മിഷൻമാസം:** പ്രേഷിതചൈതന്യം പ്രകടിപ്പിക്കുന്ന മിഷൻമാസമായും നാം ഒക്ടോബർ മാസം ആചരിക്കുന്നു. വിശുദ്ധ ലൂക്കായുടെ സുവിശേഷത്തിൽ കാണുന്ന എമ്മാവൂസിലേക്ക് പോയ ശിഷ്യരുടെ

സംഭവത്തെ ആസ്പദമാക്കി, 'ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ' (ലൂക്കാ 24: 13–35) എന്ന ആപ്തവാക്യമാണ് ഈ വർഷത്തെ ആഗോളപ്രേഷിത ഞായറിന് (2023 ഒക്ടോബർ 22) ഫ്രാൻ സീസ് മാർപ്പാപ്പ തിരഞ്ഞെടുത്തിരിക്കുന്നത്. വചനത്തിലും അപ്പം മുറി ക്കലിലും ക്രിസ്തുവിനെ കണ്ടുമുട്ടിയ ആ രണ്ട് ശിഷ്യരുടെ ഹൃദയങ്ങൾ ജ്വലിച്ചു. ഉടനെ ചലിക്കുന്ന പാദങ്ങളോടെ അവർ ജറുസലേമിലേക്ക് തിരികെ പോകുകയും ശിഷ്യരോടൊത്തുള്ള കൂട്ടായ്മയിൽ കർത്താവ് സത്യമായി ഉയിർത്തെഴുന്നേറ്റു എന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഈ മാനസാന്തരത്തിലേക്കും വിശ്വാസപ്രഖ്യാപനത്തിലേക്കും സഭാകൂട്ടായ്മ യിലേക്കുമുള്ള തിരികെ നടത്തത്തിനുമാണ് മിഷൻഞായർ നമ്മെ ക്ഷണിക്കുന്നത്.

**3. സിനഡാത്മകതയെക്കുറിച്ചുള്ള സാർവത്രികസഭയിലെ മെത്രാന്മാരുടെ സിനഡ്**: 2023 വർഷത്തിൽ ഒക്ടോബർ മാസത്തിനുള്ള മറ്റൊരു പ്രത്യേകത സിനഡാത്മകതയെക്കുറിച്ചുള്ള സാർവത്രികസഭയിലെ മെത്രാന്മാരുടെ സിനഡിന്റെ ഒന്നാം ഭാഗം 2023 ഒക്ടോബർ മാസം 4–ാം തീയ്യതി മുതൽ 29–ാം തീയ്യതി വരെയുള്ള ദിവസങ്ങളിൽ, റോമിൽ വച്ച് നടക്കുന്നു എന്നതാണ്. അതിന് ഒരുക്കമായി സെപ്റ്റംബർ മാസം 30–ാം തിയ്യതി മുതൽ സിനഡ് പിതാക്കന്മാർ ധ്യാനത്തിലേയ്ക്ക് പ്രവേശിക്കുന്നു. ഈ അവസരത്തിൽ മെത്രാന്മാരുടെ സിനഡിന്റെ വിജയത്തിനായി പ്രാർത്ഥിക്കുവാൻ ഫ്രാൻസിസ് മാർപാപ്പയും സിനഡിനുവേണ്ടിയുള്ള കാര്യാലയത്തിന്റെ സെക്രട്ടറി ജനറൽ കർദിനാൾ മാരിയോ ഗ്രെക്കും ആവശ്യപ്പെട്ടിട്ടുണ്ട്. ഫ്രാൻസിസ് മാർപ്പാപ്പ പറയുന്നു: 'പ്രാർത്ഥനയില്ലെങ്കിൽ സിനഡില്ല' (2022 ഒക്ടോബറിലെ മാർപ്പാപ്പയുടെ പ്രാർത്ഥനാനിയോഗം). സിനഡിനുവേണ്ടിയുള്ള പ്രാർത്ഥനയിൽ നമുക്കുണ്ടായിരിക്കേണ്ട മനോഭാവത്തേക്കുറിച്ചു കർദിനാൾ ഗ്രെക്ക് മെത്രാന്മാർക്കെഴുതിയ കത്തിൽ പറയുന്നത് ഇപ്രകാരമാണ്: പ്രാർത്ഥന – 1. ശ്രവണമാണ് (ദൈവവചനത്തെയും പരിശുദ്ധാത്മാവിനെയും ശ്രവിക്കൽ) 2. ആരാധനായാണ് 3. മധ്യസ്ഥത യാചിക്കലാണ് 4. നന്ദി പ്രകാശനമാണ്. ഇപ്രകാരമുള്ള പ്രാർത്ഥനവഴി ദൈവജനം മുഴുവൻ സിനഡിൽ പങ്കുചേരുന്നു.

സീറോ മലബാർ സഭയിൽനിന്ന് മേജർ ആർച്ചബിഷപ്പ് അഭിവന്ദ്യ മാർ ജോർജ്ജ് ആലഞ്ചേരി പിതാവും അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവും ഞാനും ഈ സിനഡിൽ പങ്കെടുക്കുന്നുണ്ട്. നിങ്ങളുടെ പ്രാർത്ഥന പ്രത്യേകം അഭ്യർത്ഥിക്കുന്നു.

"ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം,

പ്രേഷിതദൗത്യം" എന്നതാണ് സിനഡിൽ മെത്രാന്മാരുടെ ചർച്ചാവിഷയമായി നൽകപ്പെട്ടിട്ടുള്ളത്. യേശു മൂലക്കല്ലും അപ്പസ്തോലന്മാർ അടിത്തറയുമായി പരിശുദ്ധാത്മാവിനാൽ പണിയപ്പെട്ട ഭവനമായ സഭയിലെ അംഗങ്ങളായ (എഫേ. 2: 19–22) ദൈവജനമായ നാം, യേശുവിനോട് ചേർന്ന് ഒരുമിച്ച് നടക്കാനുള്ള ക്ഷണമായിട്ടാണ് (റോമ. 15: 5–6) സിനഡിനെ വിഭാവനം ചെയ്തിരിക്കുന്നത്. ശിരസ്സും (1 കോറി. 12: 12 –14; എഫേ. 5: 22–23) തായ്ത്തണ്ടും (യോഹ. 15: 5) ഇടയനും (യോഹ. 10: 11) മൂലക്കല്ലും (എഫേ. 2: 20–22) മണവാളനും (എഫേ. 5: 23) ആയ യേശുക്രിസ്തുവിന്റെ സഭ ആത്യന്തികമായി ദൈവജനത്തിന്റെ കൂട്ടായ്മയാണ്. ദൈവജനകൂട്ടായ്മയായ സഭയിലെ അംഗങ്ങളായ നാം യേശുവിന്റെ അവയവങ്ങളും ശിഖരങ്ങളും അജഗണവും ഭവനവും മണവാട്ടിയുമാണ്. അതിനാൽ, ക്രിസ്തുവിന്റെ മൗതികശരീരമായ സഭയെ യേശു വിഭാവനം ചെയ്തിരിക്കുന്നത് പങ്കുവയ്ക്കുന്ന സമൂഹമായിട്ടാണ് . ഈ സഭയെ നയിക്കുന്നത് പരിശുദ്ധാത്മാവാണ് (യോഹ. 14: 16; റോമ. 8: 14; ഗലാ. 5: 16–25). പ്രേഷിതദൗത്യവുമായിട്ടാണ് സഭ സ്ഥാപിതമായിരിക്കുന്നത് (മർക്കോ. 16:15; മത്താ. 28: 19).

സിനഡിന്റെ പ്രവർത്തനരേഖയിൽ വ്യക്തമാക്കുന്നതുപോലെ, സിനഡാത്മകസഭ പ്രാവർത്തികമാകുന്നതിനുവേണ്ടി നമുക്കുണ്ടാകേണ്ട ശൈലി (1) ശ്രവണം [Listening], (2) പങ്കുവെക്കൽ [Sharing], (3) വിവേചിച്ചറിയൽ [Discernment] എന്നിവയാണ്. അതിനാൽ സിനഡാത്മക ശൈലി എന്നുപറയുന്നത് ഏകാധിപത്യമോ, ജനാധിപത്യമോ അല്ല. അപ്പസ്തോലപ്രവർത്തനപുസ്തകത്തിലെ 15–ാം അദ്ധ്യായത്തിൽ വിവരിക്കുന്ന ജെറുസലെം സൂനഹദോസിന്റെ ശൈലി തന്നെയാണ് സിനഡാത്മക സഭയ്ക്കും ഉണ്ടാകേണ്ടത്. ആദിമസഭയിൽ ക്രിസ്ത്യാനികളുടെ ഇടയിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടായപ്പോൾ അവർ പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോല സമൂഹത്തെ സമീപിച്ചു. അവർ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പങ്കുവച്ചെങ്കിലും പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ടാണ് തീരുമാനത്തിൽ എത്തിയത്. അതുകൊണ്ടാണ് അവർ പറഞ്ഞത്: 'പരിശുദ്ധാത്മാവിനും ഞങ്ങൾക്കും തോന്നി' (അപ്പ. 15: 28). ഈ തീരുമാനം പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോലസമൂഹം പ്രഖ്യാപിച്ചപ്പോൾ അത് സഭാംഗങ്ങൾ മുഴുവൻ സ്വീകരിച്ചു. ഇതാണ് സിനഡാത്മകശൈലി.

**4. സഭാനവീകരണം – ദിവ്യകാരുണ്യ കോൺഗ്രസ്**: കെസിബിസി ആഹ്വാനം ചെയ്ത കേരളസഭാനവീകരണ കാലഘട്ടത്തിലെ പ്രവർത്തനങ്ങളുടെ ഭാഗമായി 2023 ഒക്ടോബർ ഒന്നുമുതൽ ഡിസംബർ മൂന്നു

വരെയുള്ള ദിവസങ്ങളിൽ നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകക ളെയും സന്യാസഭവനങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് അഖണ്ഡ ദിവ്യകാരുണ്യ ആരാധന നടക്കുകയാണ്. നമ്മുടെ കുടുംബങ്ങളുടെയും ഇടവകയുടെയും അതിരൂപതയുടെയും സഭയുടെയും ആത്മീയജ്വലനം പ്രത്യേക നിയോഗമായി എടുത്ത് നാം ആരാധിക്കുകയാണ്. നിങ്ങളുടെ ഇടവകയ്ക്കോ സന്യാസഭവനത്തിനോ സ്ഥാപനത്തിനോ നിശ്ചയി ച്ചിരിക്കുന്ന ദിനത്തിൽ (കച്ചേരിക്കാര്യം നമ്പർ 5, പേജ് 25–29 കാണുക) ദിവ്യകാരുണ്യ ആരാധനയ്ക്കു പുറമെ, ഇടവക– ഫൊറോന– സമർപ്പിത സമൂഹ –അതിരൂപത തലങ്ങളിൽ സെമിനാർ, ദിവ്യകാരുണ്യ പ്രദക്ഷിണം തുടങ്ങിയവയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്. അതിരൂപത തലത്തിലുള്ള ആചരണം 2023 ഡിസംബർ 3–ാം തിയ്യതി ഞായറാഴ്ച്ചയായിരിക്കും. വിശദവിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**5. മാർ ജോർജ് ആലപ്പാട്ട് പിതാവിന്റെ 50–ാം ചരമവാർഷികം**: നമ്മുടെ അതിരൂപതയുടെ നാലാമത്തെ മെത്രാനായിരുന്ന മാർ ജോർജ് ആലപ്പാട്ട് പിതാവിന്റെ അൻപതാം ചരമവാർഷികം അടുത്ത നവംബർ 6–ാം തീയ്യതി ആണ്. 11–2–1900ൽ കരാഞ്ചിറയിൽ ജനിച്ച അദ്ദേഹം സെന്റ് തോമസ് കോളേജിലെ ആദ്യത്തെ വിദ്യാർത്ഥിയായിരുന്നു. റോമിലെ പ്രൊപ്പഗാന്താ കോളേജിൽ നിന്ന് ഡോക്ടറേറ്റ് നേടിയ അദ്ദേഹം 17–12–1927ൽ വൈദികനായി. 1944 മെയ് 1ന് തൃശൂർ രൂപതയുടെ മെത്രാനായി അദ്ദേഹം അഭിഷിക്തനായി. രൂപതയുടെ ബഹുമുഖവളർച്ചക്ക് അദ്ദേഹം നൽകിയിട്ടുള്ള സംഭാവനകൾ നിസ്തുലങ്ങളാണ്. അദ്ദേഹത്തിന്റെ പൗരോഹിത്യ രജതജൂബിലി സ്മാരകമായി ആരംഭിച്ചതാണ് ജൂബിലി മിഷൻ ആശുപത്രി. 1970ൽ രൂപതാധ്യക്ഷസ്ഥാനത്തുനിന്നും വിരമിച്ച അദ്ദേഹം 1973 നവമ്പർ 6ന് ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹ ത്തിന്റെ ഭൗതികശരീരം അടക്കം ചെയ്തിരിക്കുന്നത് കരാഞ്ചിറയിലുള്ള വി. പത്താം പീയൂസിന്റെ കപ്പേളയിലാണ്. ഈ പാവനാത്മാവിന് നിത്യ ശാന്തി നേരുന്നു. നവംബർ 6–ാം തിയതി കരാഞ്ചിറ മഠത്തിലും, ഉച്ച കഴിഞ്ഞു തൃശൂർ ലൂർദ്ദ് പള്ളിയിലും കുർബാനയും പ്രത്യേക പ്രാർത്ഥ നകളും നടക്കുന്നു. ജൂബിലി മിഷൻ ആശുപത്രിയിലും പ്രത്യേക പരിപാ ടികൾ ആസൂത്രണം ചെയ്യുന്നുണ്ട്. ഏവരെയും ക്ഷണിക്കുന്നു.

**6. ധന്യൻ ജോൺ ഊക്കൻ അച്ചന്റെ ശ്രദ്ധാചാരണം**: നാമകരണ നടപ ടികളുടെ ഭാഗമായി ധന്യൻ എന്ന് വിളിക്കപ്പെട്ട തൃശ്ശൂർ രൂപതാവൈദിക നായിരുന്ന അഗസ്റ്റിൻ ജോൺ ഊക്കനച്ചന്റെ 67–ാം ചരമവാർഷികം 2023 ഒക്ടോബർ 13–ന് ചൊവ്വന്നൂർ സെന്റ് തോമസ് ദേവാലയത്തിൽ വെച്ച് നടത്തപ്പെടുന്നു. പ്രാർത്ഥനാനിർഭരവും സാഹോദര്യം നിറഞ്ഞതുമായ

ജീവിതത്തിലൂടെ കാലഘട്ടത്തിന് അനുസൃതമായി മിശിഹാനുകരണത്തിന്റെ പുതിയ വഴികൾ തുറന്നുതന്ന ചാരിറ്റിസന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനായ ഈ പുണ്യപിതാവ് നമുക്കെന്നും മാതൃകയാണ്. ശ്രാദ്ധദിനത്തിലും മറ്റു തിരുകർമ്മങ്ങളിലും പങ്കെടുത്ത് ഈ ധന്യാത്മാവിന്റെ മാധ്യസ്ഥ്യം തേടി നമുക്ക് പ്രാർത്ഥിക്കാം.

വളരെയേറെ വെല്ലുവിളികൾ നേരിടുന്ന ഇന്നത്തെ അവസരത്തിൽ ഈശോയുടെ തിരുഹൃദയത്തിന്റെ കൃപയ്ക്കായി, ജപമാല രാജ്ഞിയുടെ മാധ്യസ്ഥ്യംതേടി നമുക്ക് അപേക്ഷിക്കാം. മെത്രാന്മാരുടെ സിനഡിന്റെ വിജയത്തിനായി നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

മിശിഹായിൽ സ്നേഹപൂർവ്വം,

ഈശോയിൽ നിങ്ങളുടെ വത്സല പിതാവ്,

+ Andrews Thazhath

**മാർ ആൻഡ്രൂസ് താഴത്ത്**

തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

---

NB: 1. ഈ സർക്കുലർ 2023 ഒക്ടോബർ 1ന് എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി. കുർബാന മധ്യേ വായിക്കുകയോ ആശയങ്ങൾ വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്. +AT

2. സിനഡ് സെക്രട്ടറി കർദ്ദിനാൾ മാരിയൊ ഗ്രേക്ക് മെത്രാന്മാർക്ക് അയച്ച കത്തിന്റെയും (പേജ് 18–21)സിനഡിന്റെ വിജയത്തിനായി പരിശുദ്ധ സിംഹാസനം നൽകിയ പ്രാർത്ഥനയുടെയും (പേജ് 22 –25) മലയാളരൂപം ഇതോടൊപ്പം അയക്കുന്നുണ്ട്. +AT

# മെത്രാന്മാർക്കുള്ള കത്ത്

## കർദ്ദിനാൾ മാരിയൊ ഗ്രേക്ക്

സിനഡിന് വേണ്ടിയുള്ള
കാര്യാലയം, വത്തിക്കാൻ
12 സെപ്റ്റംബർ 2023

മെത്രാന്മാരായ പ്രിയ സഹോദരരേ,

"2021 ഒക്ടോബറിൽ ഫ്രാൻസിസ് പാപ്പാ സഭ മുഴുവനെയെയും സിന ഡിൽ വിളിച്ചു കൂട്ടിയതുമുതൽ ദൈവജനം മുന്നോട്ടു നീങ്ങികൊണ്ടിരിക്കുകയായിരുന്നു" (പ്രവർത്തനരേഖ 1). ദൈവജനത്തിന്റെ കൂടിയാലോചനയോടെ ആരംഭിച്ച ഈ പ്രക്രിയയിൽ ഇപ്പോൾ നാം മറ്റൊരു നാഴികക്കല്ലിൽ എത്തിയിരിക്കുന്നു. ഏതാനും ദിവസങ്ങൾക്കുള്ളിൽ, ഒക്ടോബർ 4-ന്, മെത്രാൻസിനഡിന്റെ 16-ാമത് സാധാരണ പൊതു സമ്മേളനത്തിന്റെ ആദ്യ സെഷൻ – "ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം" – പരിശുദ്ധപിതാവ് ഉദ്ഘാടനംചെയ്യും.

"പ്രാർഥന കൂടാതെ സിനഡ് ഉണ്ടാകില്ല" (ഫ്രാൻസിസ് പാപ്പാ, 2022 ഒക്ടോബർ മാസത്തേക്കുള്ള പ്രാർഥനാ നിയോഗം). എല്ലാറ്റിനുമുപരിയായി, സിന ഡൽ അസംബ്ലിയിലെ അംഗങ്ങൾ മാത്രമല്ല, ജ്ഞാന സ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും ഓരോ പ്രാദേ

ശികസഭയും ഉൾപ്പെടുന്ന പ്രാർഥനയുടെയും ശ്രവണ ത്തിന്റെയും ഒരു പ്രക്രിയയാണ് സിനഡ്. വാസ്തവ ത്തിൽ, കർത്താവ് ഇന്ന് തന്റെ സഭയോട് എന്താണ് ആവശ്യപ്പെടു ന്നതെന്ന് വിവേചിച്ചറിയാൻ നമ്മെ നയിക്കുന്നതിനായി, പ്രാർഥന യുടെയും പരിശുദ്ധാത്മാവിനോടുള്ള നിഷ്കർഷയോടുള്ള അഭ്യർ ത്ഥനയുടെയും കൂട്ടായ്മയിൽ ഒന്നാകാൻ ഈ സമയത്ത് നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്നു. അതിനാൽ, പ്രാദേശികസഭകളിലെ "ഐക്യ ത്തിന്റെ ദൃശ്യമായ ഉറവിടവും അടിത്തറയും" (LG 23) ആയവരും, തങ്ങളെ ഭരമേൽപ്പിച്ചിരിക്കുന്ന ദൈവജനത്തിന്റെ പ്രാർഥനയുടെ ആദ്യ ആനിമേറ്റർമാരുമായ നിങ്ങൾക്ക് ഞാൻ എഴുതുന്നു. അതായത്, പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പായ്ക്കും സിനഡൽ അസംബ്ലിയിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി സഭ മുഴുവനിൽനിന്നും "ഇടവിടാത്ത പ്രാർഥന" (അപ്പ 12:5) ദൈവത്തിലേക്ക് ഉയരട്ടെ. നിങ്ങളുടെ പ്രാദേശി കസഭയിലെ ഓരോ ക്രിസ്ത്യൻ സമൂഹത്തിൽനിന്നും, പ്രത്യേകിച്ച് സന്യാസസമൂഹങ്ങളിൽനിന്നും, ഏകകണ്ഠവും നിരന്തരവുമായ പ്രാർ ത്ഥന സിനഡിനുവേണ്ടി നടത്താൻ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. പ്രാർത്ഥന എന്നത് ഓരോ മെത്രാന്റെയും സംഘാത്മക പ്രവർത്തന ത്തിലുള്ള യുക്തമായ പങ്കാളിത്തത്തിന്റെ രൂപങ്ങളിൽ ഒന്നും, സാർവ ത്രിക സഭയോടുള്ള സവിശേഷ പരിഗണനയുടെ ശ്രേഷ്ഠമായ ഒരു അടയാളവുമാണല്ലോ (cf. *Apostolorum successors*, 13).

പ്രാർത്ഥനയുടെ വ്യത്യസ്തരൂപങ്ങൾ സഭയുടെ സിനഡാത്മക ജീവിതത്തിന്റെ ബഹുമുഖ ആവിഷ്കാരങ്ങൾ മാത്രമാണ്. ആത്യന്തികമായി, **പ്രാർത്ഥന എന്നത് ശ്രവിക്കലാണ്.** സിനഡാത്മക പ്രയാണം ഉദ്ഘാടനം ചെയ്തുകൊണ്ട് പരിശുദ്ധപിതാവ് പറഞ്ഞു, "അപ്പോൾ, ഒരു ശ്രവിക്കുന്ന സഭയാകുന്നതിനും, നമ്മുടെ ദിനചര്യകളിൽനിന്ന് പുറത്തുകടന്ന്, അജപാലന വ്യാപരങ്ങളിൽനിന്ന് താൽക്കാലികമായി വിരമിച്ചുകൊണ്ട് നിൽക്കാനും ശ്രവിക്കാനും സിനഡ് നമുക്ക് അവസരമൊരുക്കുന്നു" (Moment of Reflection, Rome, Oct.9, 2021). പ്രാർത്ഥനയിലെ ആദ്യപടി ദൈവവചനം ശ്രവിക്കുക, ആത്മാവിനെ ശ്രവിക്കുക എന്നതാണ്. അതിനാൽ, സിനഡ് അസംബ്ലി തുറക്കുന്നതിനായി ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും നല്കേണ്ട ആദ്യ സംഭാവന ദൈവവചനത്തെയും ആത്മാവിനെയും ശ്രവിക്കുക എന്നതാണ്; സഭാസംബന്ധമായ വിവേചിച്ചറിയലിന് ആത്മാവിന്റെ സ്വരം അനിവാര്യമാണെന്ന (*sine qua non*) ബോധ്യത്തിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരം നാം ചെയ്യുന്നത്.

പ്രാർത്ഥനയുടെ രണ്ടാമത്തെരൂപം അഥവാ വശം **ആരാധ**

**നയാണ്**. പരിശുദ്ധപിതാവ് പറഞ്ഞു, "ഇന്ന് നമുക്ക് ആരാധനയുടെ പ്രാർത്ഥന എത്രമാത്രം നഷ്ടപ്പെട്ടിരിക്കുന്നു; നിരവധി ആളുകൾക്ക് ഈ ശീലം മാത്രമല്ല, ദൈവത്തെ ആരാധിക്കുക എന്നതിന്റെ അർഥംപോലും കൈമോശം വന്നിരിക്കുന്നു!" (Rome, Oct 9, 2021). അതിനാൽ, ശ്രവണത്തിനുശേഷം വേണ്ടത് ദൈവം തന്റെ സഭയോട് പറയുന്നതിനെക്കുറിച്ചും ഇന്ന് സഭയിൽ ആത്മാവ് ഉണർത്തുന്നതിനെക്കുറിച്ചും ആദരവോടെ ആരാധ്യമായ നിശബ്ദതയിൽ ആയിരിക്കുക എന്നതാണ്. ഇതുവരെ കടന്നുപോയ സിനഡാത്മകപാത നമ്മെ അദ്ഭുതത്തിലേക്കും വിസ്മയത്തിലേക്കും നയിക്കുന്ന ഒന്നാണ്: അതായത് വിധിക്കു കീഴടങ്ങൽ എന്ന ദുഃഖാവസ്ഥയിൽ നിന്നു നമ്മുടെ ദൃഷ്ടി പരിവർത്തനപ്പെടുത്തുന്നതിലേക്കും (ലൂക്കാ 25:17 കാണുക), തങ്ങളുടെ ഇടയിൽ ഉത്ഥിതനായവന്റെ സാന്നിധ്യം തിരിച്ചറിഞ്ഞ് സന്തോഷകരമായ പ്രേഷിതദൗത്യത്തിലേക്കു പ്രവേശിക്കുന്നതിലേക്കും (ലൂക്കാ 24:33 കാണുക).

പ്രാർത്ഥനയുടെ മൂന്നാമത്തെ വശം **മാധ്യസ്ഥ്യം വഹിക്കലാണ്**. മധ്യസ്ഥ പ്രാർത്ഥനയുടെ ഫലപ്രാപ്തിയിൽ നാം വിശ്വസിക്കണം, അത് ദൈവഹിതം നമ്മുടേതിലേക്ക് മാറ്റുന്നതല്ല. മറിച്ച്, നാം അവിടത്തെ ഹിതം വിവേചിച്ചറിഞ്ഞ് തദനുസാരം പ്രവർത്തിക്കാൻ തക്കവണ്ണം അവിടത്തെ ജീവദായകമായ  ആത്മാവിന്റെ ശക്തിയാൽ നമ്മുടെ ഹൃദയങ്ങളെ പ്രകാശിപ്പിക്കാൻ കർത്താവിനോട് അപേക്ഷിക്കുന്നതാണ് മധ്യസ്ഥത. "മാധ്യസ്ഥ്യം വഹിക്കുക" എന്നതിനർത്ഥം ഉത്തരവാദിത്തം ഏറ്റെടുക്കുക, നമ്മുടെ പങ്കാളിത്തവും ഇടപെടലും ദൈവമുമ്പാകെ പ്രഖ്യാപിക്കുക എന്നുമാണ്. "മാധ്യസ്ഥ്യം വഹിക്കുക" എന്നത് അർഥമാക്കുന്നത് "എനിക്ക് താൽപ്പര്യമുണ്ട്, ഞാൻ ഉൾപ്പെട്ടിരിക്കുന്നു, ഇത് എന്റേതാണ്" എന്ന് പറയുന്നതാണ്. സിനഡ് അസംബ്ലിക്കുവേണ്ടി, അതിലെ എല്ലാ അംഗങ്ങൾക്കുംവേണ്ടി, വിശിഷ്യാ, തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ നമ്മോട് പലപ്പോഴും ആവശ്യപ്പെടുന്ന പരിശുദ്ധപിതാവിനുവേണ്ടി, മാധ്യസ്ഥ്യം വഹിക്കുന്നതിലൂടെ നാം സിനഡിന്റെ ഏറ്റവും ഉയർന്ന പങ്കാളിത്തത്തിലാണ് ഉൾച്ചേരുന്നത്.

അവസാനമായി, പ്രിയ സഹോദരന്മാരേ, പ്രാർത്ഥന **കൃതജ്ഞതാപ്രകാശനമാണ്**. അത് നമ്മുടെ എല്ലാ പ്രവൃത്തികളിലും ക്രൈസ്തവസമൂഹത്തിന്റെ ജീവിതത്തിലും ദൈവത്തിന്റെ പ്രവർത്തനത്തിന്റെയും കൃപയുടെയും പ്രഥമസ്ഥാനം നാം തിരിച്ചറിയുന്നു എന്നാണ് അർഥമാക്കുന്നത്. പരിശുദ്ധപിതാവ് പറഞ്ഞു, "നന്ദിപ്രകാശനത്തിന്റെ പ്രാർഥന എപ്പോഴും ആരംഭിക്കുന്നത് ഇവിടെനിന്നാണ്: കൃപ നമുക്ക് മുമ്പേ ഉണ്ടായിരുന്നു എന്നുള്ള തിരിച്ചറിവ്. എങ്ങനെ ചിന്തിക്കണമെന്ന് നാം

പഠിക്കുന്നതിനു മുമ്പേതന്നെ നമ്മൾ ചിന്തിക്കപ്പെട്ടു; സ്നേഹിക്കാൻ നാം പഠിക്കുന്നതിനു മുമ്പേതന്നെ നമ്മൾ സ്നേഹിക്കപ്പെട്ടു; നമ്മുടെ ഹൃദയങ്ങൾ ഒരാഗ്രഹം രൂപവൽക്കരിക്കുന്നതിനുമുമ്പേ, നമ്മൾ ആഗ്രഹിക്കപ്പെട്ടു." (General Audience, Dec. 30, 2020). നന്ദിയുടെ പ്രാർത്ഥന ഒരു യഥാർഥ "തെറാപ്പി" ആണ്. അത് നാം നമ്മിലേക്കുതന്നെ പിൻവാങ്ങുന്നതിൽനിന്നും നമ്മെ മാറ്റി, ദൈവം തന്റെ സഭയിൽ തുടരുന്ന പ്രവർത്തനങ്ങൾ കണ്ടെത്താൻ കഴിയുന്ന തുറവിയിലേക്ക് നമ്മെ നയിക്കുന്നു.

പ്രിയ സഹോദരന്മാരേ, ശ്രവണത്തിന്റെയും ആരാധനയുടെയും മധ്യസ്ഥതയുടെയും കൃതജ്ഞതയുടെയും പ്രാർത്ഥനവഴി, മുഴുവൻ സഭാസമൂഹവും, ആത്മാവിന്റെ ശക്തിയിൽ, ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരെയും സംബന്ധിക്കുന്ന ഒരു വിശേഷ സംഭവമെന്നരീതിയിൽ സിനഡൽ അസംബ്ലിയിൽ സന്നിഹിതരായിരിക്കും. ഒക്ടോബർ 1, ഞായറാഴ്ചയിലെ (ആണ്ടുവട്ടത്തിലെ 26–ാം A വർഷം) വചനപ്രഘോഷണത്തിലും സാർവത്രിക പ്രാർത്ഥനകളിലും, ദിവ്യപൂജയുടെ സമാപനാശീർവാദത്തിലും സിനഡൽ അസംബ്ലിക്കുവേണ്ടിയുള്ള പ്രാർത്ഥനക്ക് ഊന്നൽ നൽകുന്നതിനായി ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. ഈ ആവശ്യത്തിനായി സാർവത്രിക പ്രാർത്ഥനകൾക്കും സമാപനാശീർവാദത്തിനും ഉപയോഗിക്കാവുന്ന ചില ടെക്സ്റ്റുകൾ ഇതോടൊപ്പം നല്കുന്നു.

സിനഡാത്മക യാത്രയിൽ പ്രാദേശികസഭകളെ നയിക്കുന്ന നിങ്ങളുടെ ഔത്സുക്യത്തിന് നിങ്ങളോടും, നമ്മുടെ സഭായാത്രയെ പുഷ്ടിപ്പെടുത്തുന്ന ഐക്യത്തിന്റെ ദാനങ്ങൾക്കും ആനന്ദപൂരിതമായ പ്രതീക്ഷയ്ക്കും കർത്താവിനോടും ഞാൻ കൃതജ്ഞത പ്രകാശിപ്പിക്കുന്നു. നിങ്ങൾക്കും നിങ്ങളുടെ ശുശ്രൂഷകൾക്കുംവേണ്ടി ആഗോളസഭയെ പ്രതിനിധാനം ചെയ്തുകൊണ്ട് എന്റെ പ്രാർഥനകൾ ഞാൻ വാഗ്ദാനം ചെയ്യുന്നു. കർത്താവിന്റെ ആത്മാവ് നമ്മെ പ്രകാശിപ്പിക്കുകയും എപ്പോഴും അവിടത്തെ ഹിതത്തിന്റെ പാതയിൽ നമ്മെ നയിക്കുകയും ചെയ്യട്ടെ, എന്തെന്നാൽ അവിടത്തെ വചനം മാത്രമാണ് നമ്മെ ജീവിപ്പിക്കുന്നത് (സങ്കീ 119:50, കാണുക); അതിലാണ് നാം നമ്മുടെ ആനന്ദം കണ്ടെത്തുന്നത്.

സ്നേഹപൂർവം,

**മാരിയോ കർദിനാൾ ഗ്രെക്ക്**

ജനറൽ സെക്രട്ടറി

# സിനഡിനോടനുബന്ധിച്ചുള്ള സാർവത്രികപ്രാർഥന–മധ്യസ്ഥപ്രാർഥന

## ഇടദിവസങ്ങളിൽ

*(ഇവിടെ നിർദേശിച്ചിരിക്കുന്ന മധ്യസ്ഥപ്രാർത്ഥന ഇടദിവസങ്ങളിൽ പരി. കർബാനയോടുകൂടിയൊ സായാഹ്നയാമപ്രാർത്ഥനയോടുകൂടിയൊ ഉപയോഗിക്കാവുന്നതാണ്.)*

♦ കാലത്തിലൂടെ സഭയെ എന്നും മുന്നോട്ട് നയിക്കുന്ന, സഭയുടെ സ്രഷ്ടാവും നാഥനുമായ പരിശുദ്ധാത്മാവിന് നമുക്ക് ഈ പ്രാർഥന സമർപ്പിക്കാം:
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ, അങ്ങ് വന്നണഞ്ഞാലും!**

♦ സഭയുടെ ആത്മാവേ, പരിശുദ്ധാത്മാവേ, വന്നാലും; സിനഡ് അസംബ്ലിയിൽ ഉൾപ്പെട്ടിരിക്കുന്ന ഓരോരുത്തരുടെയും അധ്വാനവും പ്രത്യാശയും ആഗ്രഹവും സഫലമാക്കുന്നതിനും അവർ ഐക്യത്തിൽ ഒത്തുചേരുന്നതിനുംവേണ്ടി ഞങ്ങൾ അങ്ങയോട് പ്രാർഥിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

♦ അണയുന്ന നാളത്തെയും ചതഞ്ഞ ഞാങ്ങണയെയും യേശുവിൽ ജ്വലിപ്പിക്കുകയും പുനർ ജീവിപ്പിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മൃദുവായ ശ്വാസമേ, വന്നാലും; ഞങ്ങൾ അങ്ങയെ വിളിച്ചപേക്ഷിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

♦ സൃഷ്ടിയുടെ ആത്മാവേ, വന്നാലും; ഉണങ്ങിപ്പോയ അസ്ഥികളെ

പുനഃസ്ഥാപിക്കുന്നവനേ, നഷ്ടപ്പെട്ടവയെ ശേഖരിക്കുന്നവനേ, പരസ്പരം തിരിച്ചറിയാത്തവരെ സംഭാഷണ ഭാഷയിലേക്ക് നയിക്കുന്നവനേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

- എല്ലാ വ്യർഥമായ ചിന്തകളെയും ശുദ്ധീകരിക്കുന്നതും, എല്ലാ ദുഖങ്ങളെയും ദഹിപ്പിക്കുകയും നവജന്മത്തിന്റെ ആനന്ദത്തിലേക്കു രൂപാന്തരപ്പെടുത്തുകയും ചെയ്യുന്ന ദൈവത്തിന്റെ ജ്വലിക്കുന്ന അഗ്നിയേ വന്നാലും; ഞങ്ങൾ വിനയപൂർവം അപേക്ഷിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

- സമാധാനത്തെ സ്നേഹിക്കുകയും നീതിക്കുവേണ്ടി ത്യാഗങ്ങൾ സഹിക്കുകയും ചെയ്യുന്നവരുടെ കണ്ണുനീരിലൂടെ കുഞ്ഞാടിന്റെ സുന്ദരിയായ മണവാട്ടിയെ കെട്ടിപ്പടുക്കുന്ന എളിയവരുടെയും ദരിദ്രരുടെയും സൗന്ദര്യമേ, വന്നാലും; ഞങ്ങൾ നിന്നോട് പ്രാർഥിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

- ദൈവത്തിന്റെ ക്ഷമയേ വന്നാലും; ഞങ്ങളെ പുതിയ കൂട്ടായ്മയിലേക്ക് അനുരഞ്ജിതരാക്കുന്ന അങ്ങയുടെ ശ്വാസത്തിലേക്ക് പരിവർത്തനം ചെയ്യണമെന്ന് ഞങ്ങൾ വിളിച്ചപേക്ഷിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

- ഞങ്ങൾക്ക് അപ്രാപ്യമായ ജ്ഞാനമേ, വന്നാലും; അങ്ങയുടെ സിനഡാത്മക ദാനങ്ങളാൽ ഞങ്ങളെ നിറയ്ക്കണമെന്ന് ഞങ്ങൾ യാചിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

- സഭയുടെ അചഞ്ചലമായ പ്രത്യാശയേ വന്നാലും; മനുഷ്യദൃഷ്ടിയിൽ അസാധ്യമാണെന്ന് തോന്നിയാലും, ദൈവത്തിന്റെ ഹൃദയത്തിനനുസരിച്ചുള്ള സ്വപ്നങ്ങളും ആഗ്രഹങ്ങളും ഞങ്ങളിൽ ഉണർത്തണമെന്ന് ഞങ്ങൾ അങ്ങയോട് പ്രാർഥിക്കുന്നു.
സമൂഹം: **എല്ലാറ്റിനെയും സദാ നവീകരിക്കുന്നവനേ അങ്ങ് വന്നണഞ്ഞാലും!**

## സാർവത്രികപ്രാർഥന-മധ്യസ്ഥപ്രാർഥന

### ഞായറാഴ്ചകളിൽ

*(സിനഡ് അസംബ്ലി ആരംഭിക്കുന്നതിന് മുമ്പുള്ള ഞായറാഴ്ചകളിൽ, ഉപയോഗിക്കുന്നതിനായി തയ്യാറാക്കിയ പ്രാർഥനകളാണ് താഴെ കൊടുത്തിരിക്കുന്നത്.)*

♦ സഭയ്ക്കുവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു: സഭയിൽ സജീവമായി പ്രവർത്തിക്കുന്ന സുവിശേഷത്തിന്റെ സാന്നിധ്യം, സിനഡൽ യാത്രയുടെ ഒരു പുതിയ ഘട്ടത്തിന്റെ തലേന്ന്, സഭയെ ഉപമയിലെ മുന്തിരിത്തോട്ടം പോലെയാക്കട്ടെ. ജീവിതത്തിന്റെ അർഥം അന്വേഷിക്കുന്ന എല്ലാ പുരുഷന്മാരും സ്ത്രീകളും കണ്ടെത്തുന്ന ഒരു സ്ഥലമായും, ഒരു വാക്കായും, പ്രതീക്ഷയുടെ ഒരു ശ്വാസമായും സഭ രൂപാന്തരപ്പെടട്ടെ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.
സമൂഹം: **കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.**

♦ സിനഡൽ അസംബ്ലിയിൽ പങ്കെടുക്കുന്ന മെത്രാന്മാർക്കും മറ്റെല്ലാവർക്കുംവേണ്ടി ഞങ്ങൾ പ്രാർത്ഥിക്കുന്നു: പരിശുദ്ധാത്മാവിനെ ശ്രവിക്കുന്നതിലൂടെ നിർദേശങ്ങൾ ഉയർന്നുവരട്ടെ. അങ്ങനെ മുഴുവൻ ദൈവജനവും തങ്ങൾ സഭയുടെ ജീവിതത്തിൽ യഥാർഥത്തിൽ പങ്കാളികളാണെന്ന് ഗ്രഹിക്കുന്നതിനും, അവർ സുവിശേഷത്തിന്റെ പുതുമയുടെ സജീവവും ആകർഷകവുമായ സാക്ഷികളായി കൂട്ടായ്മയുടെ ചലനാത്മകതയിൽ ഈ ലോകത്തിൽ ജീവിക്കുന്നതിനും ഇടവരട്ടെ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.
സമൂഹം: **കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.**

♦ ദൈവശാസ്ത്രജ്ഞർക്കുവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു: സിനഡൽ അസംബ്ലിയുടെ പ്രവർത്തനങ്ങൾ ക്കായുള്ള അവരുടെ സംഭാവനകളിൽ, ജ്ഞാനത്തിന്റെയും വെളിപാടിന്റെയും ദാനങ്ങൾ ഉണ്ടായിരിക്കട്ടെ. അങ്ങനെ വിശ്വാസത്തിന്റെ ദാനം എല്ലാ ദൈവജനത്തിനും ജീവനായി തീരട്ടെ എന്ന് ഞങ്ങൾ പ്രാർഥിക്കുന്നു.
സമൂഹം: **കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.**

♦ സത്യവും ആധികാരികവുമായ സാക്ഷ്യവും, മൂർത്തതയും ആത്മീയതയും അന്വേഷിക്കുന്ന യുവജനങ്ങൾക്ക് വേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു: സിനഡൽ യാത്രയുടെ ഫലമായി, ഇന്നത്തെ ലോകത്തിന്റെ

വെല്ലുവിളികൾക്കിടയിലും സഭയുടെ ജീവിതത്തിലും ദൗത്യത്തിലും അവർ കൂടുതലായി ഇടപെടുന്നതിനായും, യേശുവുമായുള്ള കണ്ടുമുട്ടലിലുംനിന്ന് ഉദ്‌വിക്കുന്ന പ്രത്യാശ, അവരുടെ പ്രായത്തിന്റെ ആവേശത്തോടെ, അനേകർക്ക് നല്കുന്നതിനായും യുവജനങ്ങൾക്ക് സാധിക്കുന്നതിനായും ഞങ്ങൾ പ്രാർഥിക്കുന്നു.

സമൂഹം: **കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.**

- യേശുവിന്റെ തിരുശരീരരക്തത്തിലൂടെ ഓരോരുത്തർക്കും ലഭിക്കുന്ന കർത്താവിന്റെ നന്മ ആസ്വദിക്കുന്നതിലൂടെ, നമുക്ക് നമ്മുടെ അയൽക്കാരെക്കുറിച്ചുള്ള ഒരു പുതിയ വീക്ഷണം ലഭിക്കാനും, നാം ജീവിക്കുന്ന ലോകത്തിൽ മഹാമനസ്കതയുടെ സാക്ഷികളാകാനും കഴിയുന്നതിനായി, ലോകമെമ്പാടുമുള്ള ക്രിസ്തീയ സമൂഹങ്ങളുമായുള്ള ഐക്യത്തിൽ, ഇവിടെ ഒത്തുകൂടിയിരിക്കുന്ന നമ്മൾ പ്രാർഥിക്കുന്നു.

സമൂഹം: **കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കേണമെ.**

**ഈ ശിശുവിനെ പോലെ സ്വയം ചെറുതാകുന്നവനാണു സ്വർഗരാജ്യത്തിലെ ഏറ്റവും വലിയവൻ.**

**(മത്താ. 18, 04)**

# കച്ചേരി വാർത്തകൾ

ഒക്ടോബർ 2023

## 1. ഓർമിക്കേണ്ട ദിവസങ്ങൾ

1 : ഏലിയാ സ്ലീവാ മൂശ അഞ്ചാം ഞായർ
2 : കാവൽ മാലാഖ
4 : വി. ഫ്രാൻസിസ് അസ്സീസി
6 : ആദ്യവെള്ളി
8 : ഏലിയാ സ്ലീവാ മൂശ ആറാം ഞായർ
15 : ഏലിയാ സ്ലീവാ മൂശ ഏഴാം ഞായർ
ആവിലായിലെ വി. ത്രേസ്യ
16 : വാഴ്ത്തപ്പെട്ട തേവർപറമ്പിൽ കുഞ്ഞച്ചൻ
17 : അന്ത്യോക്യായിലെ വി. ഇഗ്നേഷ്യസ്
18 : വി. ലൂക്കാ സുവിശേഷകൻ
22 : ഏലിയാ സ്ലീവാ മൂശ എട്ടാം ഞായർ
വി. ജോൺ പോൾ രണ്ടാമൻ
മിഷൻ ഞായർ
28 : ശിമയോൻ, യൂദാ തദേവൂസ് ശ്ലീഹന്മാർ
29 : ഏലിയാ സ്ലീവാ മൂശ ഒമ്പതാം ഞായർ

## 2. ഒക്ടോബർ മാസത്തെ പരിപാടികൾ

22 : മിഷൻ ഞായർ

## 3. പാസ്റ്ററൽ കൗൺസിൽ അവാർഡ് ഡേ

അതിരൂപതയുടെ ഈ വർഷത്തെ അവാർഡുദിന പരിപാടികൾ 2023 നവംബർ 11–ാം തീയതി ശനിയാഴ്ച ഉച്ചക്കഴിഞ്ഞ് 2.00ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ വച്ച് നടത്തുന്നു. സമൂഹത്തിന്റെ വിവിധ തലങ്ങളിൽ 2022 ജൂൺ 1 മുതൽ 2023 ജൂൺ 1 വരെയുള്ള കാലയളവിൽ താഴെ പറയുന്ന വിധത്തിൽ അംഗീകാരം നേടുന്ന അതിരൂപതാംഗങ്ങളെ / സ്ഥാപനങ്ങളെ ഈ സമ്മേളനത്തിൽ പ്രത്യേകം ആദരിക്കുന്നതാണ്. (തൃശ്ശൂർ അതിരൂപതാംഗങ്ങളെ മാത്രമാണ് അവാർഡ് ദിനത്തിൽ ആദരിക്കു

ന്നത്. അതിരൂപതയിലെ സ്ഥാപനങ്ങളിൽ പഠിക്കുന്നവരോ പ്രവർത്തിക്കുന്നവരോ ആയ മറ്റ് രൂപതാംഗങ്ങളെയോ ഇതര മതസ്ഥരെയോ പുരസ്കാരങ്ങൾക്ക് പരിഗണിക്കുന്നതല്ല).

- താഴെ പറയുന്ന വിഭാഗങ്ങളിൽ ഉൾപ്പെടുന്ന അപേക്ഷകൾ ബന്ധപ്പെട്ട അധികാരികളുടെ (ഹെഡ്മാസ്റ്റർ / പ്രിൻസിപ്പൽ / വികാരി) സാക്ഷ്യപത്രവും മാർക്കു ലിസ്റ്റ്/ സർട്ടിഫിക്കറ്റ് എന്നിവയുടെ അറ്റസ്റ്റഡ് കോപ്പികളോടും കൂടെ 15–10–2023 നു മുമ്പായി ജനറൽ സെക്രട്ടറി, പാസ്റ്ററൽ കൗൺസിൽ, കാത്തലിക് ആർച്ച്ബിഷപ്സ് ഹൗസ്, തൃശ്ശൂർ – 680 005 എന്ന അഡ്രസ്സിൽ ലഭിക്കേണ്ടതാണ്.
- അപേക്ഷകരുടെ പൂർണമേൽവിലാസം ഫോൺ നമ്പർ സഹിതം നൽകേണ്ടതാണ്. മേൽവിലാസവും ഫോൺ നമ്പറും ഇല്ലാത്ത അപേക്ഷകൾ പരിഗണിക്കുന്നതല്ല.
- ഇക്കാര്യം പള്ളികളിലും സ്ഥാപനങ്ങളിലും കഴിയുന്നതും വേഗത്തിൽ അറിയിക്കാൻ ബഹു.വൈദികരും സ്ഥാപനാധികാരികളും ശ്രദ്ധിക്കണം.
- സമ്മാനാർഹരായവരുടെ പേരുവിവരം തൃശ്ശൂർ അതിരൂപത വെബ്സൈറ്റിൽ നവംബർ 1 നു പ്രസിദ്ധീകരിക്കുന്നതാണ് (www.trichurarchdiocese.org).

**1. വിദ്യാഭ്യാസരംഗം**

2022–23 അധ്യയനവർഷത്തിൽ

1.1 ഡിഗ്രി & പി.ജി.കോഴ്സുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ; കഴിഞ്ഞ അധ്യയനവർഷത്തിൽ ജവ.ഉ/ജഉഎ പൂർത്തിയാക്കിയവർ

1.2 ടി.ടി.ഐ., ടി.ടി.സി., ബി.എഡ്., എം.എഡ്., നേഴ്സിംഗ്, പോളിടെക്നിക്, ഐ. ടി. ഐ., എഞ്ചിനീയറിംഗ്, മെഡിസിൻ, സിവിൽ സർവീസ് തുടങ്ങിയ പ്രൊഫഷണൽ കോഴസുകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ

1.3 സംസ്ഥാനസർക്കാരോ കേന്ദ്ര സർക്കാരോ നടത്തുന്ന എൻട്രൻസ് പരീക്ഷകളിൽ ഒന്നും രണ്ടും മൂന്നും റാങ്കുകൾ നേടിയിട്ടുള്ളവർ.

1.4 കഴിഞ്ഞ പ്ലസ് ടു., ബി.എഡ്., ടി.ടി.ഐ., നേഴ്സിംഗ്, പ്രൊഫഷണൽ പരീക്ഷകളിൽ ആദ്യ ചാൻസിൽ 100% വിജയം നേടിയ അതിരൂപതാതിർത്തിയിലെ കത്തോലിക്ക മാനേജുമെന്റ് സ്ഥാപനങ്ങൾ.

**2. കായികം**

2.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന കായികമേളയിൽ (State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാം സമ്മാനം നേടിയവർ – ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖ

പ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടുത്തിയിരിക്കണം. സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർ ഹരായിട്ടുള്ളവർ.

2.2 സർവ്വകലാശാല കായികമത്സരങ്ങളിൽ
ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**3. കലാസാഹിത്യ രംഗം**

3.1 വിദ്യാഭ്യാസവകുപ്പ് നടത്തുന്ന യുവജനോത്സവങ്ങളിൽ
(State, C.B.S.E, I.C.S.E.) റവന്യു ജില്ലാതലത്തിൽ ഒന്നാംസമ്മാനം നേടിയവർ - ഒന്നാം സമ്മാനത്തെ കുറിച്ച് രേഖപ്പെടുത്താതെ, ഗ്രേഡ് മാത്രം രേഖപ്പെടുത്തിയിട്ടുള്ള സർട്ടിഫിക്കറ്റാണെങ്കിൽ സമ്മാനം ലഭിച്ചിട്ടുള്ളത് സംബന്ധിച്ച് ബന്ധപ്പെട്ട അധികാരി സാക്ഷ്യപ്പെടു ത്തിയിരിക്കണം.
സംസ്ഥാന, ദേശീയ തലങ്ങളിൽ ഒന്നും രണ്ടും മൂന്നും സമ്മാനാർഹ രായിട്ടുള്ളവർ.

3.2 സർവ്വകലാശാല യുവജനോത്സവങ്ങളിൽ
ഒന്നും രണ്ടും മൂന്നും സമ്മാനാർഹരായിട്ടുള്ളവർ.

**4. മറ്റു രംഗങ്ങൾ**

4.1 സി. ബി. സി. ഐ., കെ. സി. ബി. സി., സീറോ മലബാർ സിനഡ് എന്നിവ ഏർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ ലഭിച്ചവർ

4.2 മേൽകൊടുത്തിട്ടുള്ള വിഭാഗങ്ങളിൽപ്പെടാത്തതും ജില്ല, സംസ്ഥാന, ദേശീയ തലങ്ങളിൽ ശ്രദ്ധേയമായ പുരസ്കാരങ്ങൾ ലഭിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും (അപേക്ഷകരിൽ നിന്ന് അർഹരായ വരെ സമിതി തെരഞ്ഞെടുക്കുന്നതായിരിക്കും. സമിതിയുടെ തീരു മാനം അന്തിമമായിരിക്കും).

4.3 അതിരൂപതയിലെ ഇടവകകളിൽ സേവനം ചെയ്ത് 25 വർഷം പൂർത്തിയാക്കുന്നവരെ അവാർഡ് ദിനത്തിൽ ആദരിക്കുന്നു (ബഹു. വികാരിയച്ചന്റെ സാക്ഷ്യപത്രത്തോടുകൂടി പേരും വിവരവും നല്കേ ണ്ടതാണ്).

NB:

1. വിദ്യാഭ്യാസ വകുപ്പ് നടത്തുന്ന കലാ-കായിക മത്സരങ്ങളിൽ റവന്യൂ ജില്ലാതലത്തിന് താഴെയുള്ളവരെ പരിഗണിക്കുന്നതല്ല.
2. അതിരൂപതയിലെ സംഘടനകളോ സ്ഥാപനങ്ങളോ നടത്തുന്ന മത്സ രങ്ങളിൽ അതിരൂപതാതലത്തിൽ സമ്മാനം നേടിയവർ അപേക്ഷി ക്കേണ്ടതില്ല. അവ അതിരൂപതയുടെ അംഗീകാരമായിത്തന്നെ പരി ഗണിക്കപ്പെടുന്നു.

**5. കേരള സഭാനവീകരണം അഖണ്ഡ ദിവ്യകാരുണ്യ ആരാധന**

കേരള സഭാ നവീകരണ കാലഘട്ടത്തോടനുബന്ധിച്ച് നമ്മുടെ അതിരൂപതയിൽ 2023 ഒക്ടോബർ 1 മുതൽ ഡിസംബർ 2 വരെ നടക്കുന്ന അഖണ്ഡ ദിവ്യകാരുണ്യ ആരാധനക്കായി **ഇടവകകൾക്കും സന്യാസ-സമർപ്പിത സമൂഹങ്ങൾക്കും ആരാധന നടത്തുന്നതിനായി നിശ്ചയിക്കപ്പെട്ട ദിവസങ്ങളുടെ ക്രമീകരണം താഴെ നൽകിയിരിക്കുന്നു.**

- ഇടവകകളിൽ രാവിലെ 6 മുതൽ വൈകിട്ട് 8 മണിവരേയും, സന്യാസ-സമർപ്പിത വനങ്ങളിൽ ഞായറാഴ്ചകളിൽ മുഴുവൻ സമയവും, മറ്റു ദിവസങ്ങളിൽ വൈകിട്ട് 8 മുതൽ രാവിലെ 6 വരെയും സമയങ്ങളിലാണ് നിശ്ചയിക്കപ്പെട്ട ദിവസങ്ങളിൽ ദിവ്യകാരുണ്യ ആരാധന ക്രമീകരിക്കേണ്ടത്.
- ഇടവകകളിൽ പെസഹാവ്യാഴാഴ്ചകളിൽ ചെയ്യാറുള്ളതുപോലെ മുൻകൂട്ടി അറിയിച്ച് കുടുംബകൂട്ടായ്മകൾ, സംഘടനകൾ എന്നിവയുടെ നേതൃത്വത്തിൽ ദിവസം മുഴുവനും ആരാധന ക്രമീകരിക്കുകയും, രാവിലെ ആഘോഷമായ വി. കുർബാന, വൈകീട്ട് പൊതു ആരാധന/പള്ളിയകത്ത് ദിവ്യകരുണ്യ പ്രദക്ഷിണം എന്നിവയോടുകൂടി പൂർത്തികരിക്കാവുന്നതുമാണ്.
- അതിരൂപതയിലെ ഏല്ലാ സ്ഥാപനങ്ങളും ഇക്കാലയളവിൽ സൗകര്യപ്രദമായ ഒരു ഞായറാഴ്ച പതിമൂന്ന് മണിക്കൂർ ആരാധന ക്രമീകരിക്കേണ്ടതാണ്.
- ഒരു സന്യാസസമൂഹത്തിനായി നിശ്ചയിക്കപ്പെട്ടിരിക്കുന്ന ദിവസങ്ങൾ, അതിരൂപതയിൽ ആ സന്യാസ സമൂഹത്തിന് കീഴിലുള്ള വിവിധ ഭവനങ്ങൾക്കായി സമയക്രമം നിശ്ചയിച്ച് അഖണ്ഡ ദിവ്യകാരുണ്യ ആരാധനക്കുള്ള ക്രമീകരണം ചെയ്യുമല്ലോ. ഏതെങ്കിലും സന്യാസ സമൂഹത്തിന്റെ പേര് വിട്ടുപോയിട്ടുണ്ടെങ്കിൽ അവരും സൗകര്യപ്രദമായ ഒരു ദിവസം ആരാധനക്കായി നീക്കിവെക്കേണ്ടതാണ്.
- ഇടവകകളിൽ തിരുനാളുകൾ പോലുള്ള എന്തെങ്കിലും ഒഴിച്ചുകൂടാനാവാത്ത സാഹചര്യം നിശ്ചയിക്കപ്പെട്ട ദിവസമുണ്ടെങ്കിൽ, വികാരി ജനറാളച്ചനെ അറിയിച്ച് മറ്റൊരു ദിവസത്തേക്ക് അഖണ്ഡ ആരാധന മാറ്റേണ്ടതാണ്.
- വിവിധ ദിനങ്ങളിലേക്കുള്ള പ്രത്യേക പ്രാർത്ഥന നിയോഗങ്ങൾ, ആരാധനയിൽ പ്രയോജനപ്പെടുത്താവുന്ന മധ്യസ്ഥപ്രാർത്ഥനകൾ എന്നിവ വൈദികരുടേയും സന്യസ്ഥരുടേയും വാട്ട്സപ്പ് ഗ്രൂപ്പുകൾ വഴി നൽകുന്നതാണ്.

# അഖണ്ഡ ദിവ്യകാരുണ്യ ആരാധന

സമയക്രമം

| OCTOBER 2023 | | | |
|---|---|---|---|
| **01** | **SUN** | | CMC, CMI |
| 02 | MON | Adat, Eravu, Mattom, Poomala, | CMC, OFM Cap. |
| 03 | TUE | Aloor East, Erumappetty, Mayannur, Pootharackal, | CMC, SDB |
| 04 | WED | Aloor, Eyyal, Mukkattukara, Poovathur, | CMC, VC |
| 05 | THU | Amalanagar, Guruvayur, Mulayam, Porathur, | CMC, CST |
| 06 | FRI | Ambakad, Kadangode, Mullakkara, Pudukad, | CMC, OSST |
| 07 | SAT | Ammadam, Kakkassery, Mullassery, Pudukkad, | CMC, MCBS, MMB |
| **08** | **SUN** | | CMC, O.Carm. |
| 09 | MON | Anchery, Kallur East, Mulloorkara, Pudussery, | CMC, OCD |
| 10 | TUE | Anjoor, Kallur West, Mundathikode, Pulakkattukara, | CMC, SDV |
| 11 | WED | Anthikkad, Kandanassery, Mundur, Pullamkandom, | CMC, O.Prem. |
| 12 | THU | Arampilly, Kandassankadavu, Nadathara, Pullazhy, | CMC, MSFS |
| 13 | FRI | Aranattukara, Kanjany, Nandipulam, Punkunnam, | FCC, MSJ |
| 14 | SAT | Arimpur, Kanjirakode, Nandipulam North, Puranattukara, | FCC, MMB |
| **15** | **SUN** | | FCC, SAC |
| 16 | MON | Arthat, Kannamkulangara, Nattika, Puthenpeedika, Vellattanjoor, | FCC, CMF |
| 17 | TUE | Athani, Kannara, Nedupuzha, Puthur, Velupadam, | FCC, CSJBP |
| 18 | WED | Attathara, Karamuck North, Nehrunagar, Puthuruthy, Velur, | FCC, ISCH |
| 19 | THU | Attupuram, Karamuck, Nellankara, Sarithapuram, Veluthur, | FCC, TOR |

| | | | |
|---|---|---|---|
| 20 | FRI | Avanur, Karumathra, Nellikunnu, Snehapuram, Vendore, | FCC, ORC |
| 21 | SAT | Avinissery, Kaveed, Nenmanikkara, Thaikkattussery, Venginissery, | FCC, PDM, MMB |
| **22** | **SUN** | | FCC, SSPC |
| 23 | MON | Ayyanthole, Killimangalam, Vettukad Nirmalapuram, Thalakkottukara, | FCC, CPS |
| 24 | TUE | Bharatha, Kiraloor, Olarikkara, Thalikulam, Vijayapuram, | FCC, FSM |
| 25 | WED | Brahmakulam, Kizhuppullikkara, Ollukkara, Thalore, Villadam, | FCC, SJB |
| 26 | THU | Chazhur, Kodannur, Ollur Marymatha, Thandilam, Viyyur, | FCC, FSSE |
| 27 | FRI | Chelakkara, Kolazhy, Ollur, Thangalur, Vylathur, | FCC, OSF |
| 28 | SAT | Chembukkavu, Kolengattukara, Orumanyur, Thangalur North, Wadakkanchery, | CHF, OSF, MMB |
| **29** | **SUN** | | CHF, SD |
| 30 | MON | Chemmannur, Konikara, Padavarad, Thayyur, | CHF, UMI |
| 31 | TUE | Chengalur, Koonammoochi, Palakkal, Thiroor, | CHF, RGS |

## NOVEMBER 2023

| | | | |
|---|---|---|---|
| 01 | WED | Chengode, Koottala, Palayur, Thiruthiparambu, | CHF, SJ |
| 02 | THU | Cherpu, Kottapady, Palazhi, Thiruvillwamala | CHF, JMJ |
| 03 | FRI | Cherumkuzy, Kottekad, Pallissery, Tholur | CHF, SCC |
| 04 | SAT | Cheruthuruthy, Kozhukully, Panamuck, Thoravu, | CHF, CSN, MMB |
| **05** | **SUN** | | CHF, FSSH |
| 06 | MON | Chettupuzha, Kumbalangad, Pangarappilly, Thoyakavu, | CHF, SDV |

| | | | |
|---|---|---|---|
| 07 | TUE | Chevoor, Kundannur, Parakkad, Thrikkur, | CHF, SCV |
| 08 | WED | Chirackal, Kundukkad, Parannur, Thriprayar-Thannyam, | CHF, FMDA |
| 09 | THU | Chirakkekode, Kunnamkulam, Parappur, Thrissur Dolours, | CSC, SAL |
| 10 | FRI | Chiranellur, Kuriachira, Paravattany, Thrissur Lourdes, | CSC, DSS |
| 11 | SAT | Chittattukara, Kurumal, Parempadam, Thrissur West Fort, | CSC, DM, MMB |
| **12** | **SUN** | | CSC, OP |
| 13 | MON | Chittilappilly, Kuttamkulam, Pathiyaram, Vadanappilly, | CSC, CSSA |
| 14 | TUE | Chittissery, Kuttur, Pathramangalam, Vadookkara, | CSC, SAB |
| 15 | WED | Chiyyaram Galilee, Machad, Pattikad, Vaka, | CSC, SCSA |
| 16 | THU | Chiyyaram Sevanalayam, Madakkathara, Pavaratty, Valakkavu, | CSC, SH |
| 17 | FRI | Chiyyaram Vijayamatha, Valappad, Madona Nagar, Pazhayangadi, | CSC, TS |
| 18 | SAT | Choolissery, Manakody, Pazhayannur, Vallachira, | CSC,FMA,MMB |
| **19** | **SUN** | | SABS, DSC |
| 20 | MON | Choondal, Manalady, Pazhuvil, Vaniampara, | SABS, FSC |
| 21 | TUE | Chottupara, Manalur, Peechi, Varadium, | SABS, SJSW |
| 22 | WED | Chowannur, Manalur West, Perakom, Varakkara, | SABS, SSS |
| 23 | THU | Chuvannamannu, Mangad, Peramangalam, Varakkara South, | SABS, FSLG |
| 24 | FRI | Edakalathur, Manjakunnu, Perinchery, Varantharappilly-Pallikkunnu, | CSM, SHC |
| 25 | SAT | Elanad, Mannamngalam, Peringottukara, Varantharappilly East, | CSM, DPMT, MMB |
| **26** | **SUN** | | CSC, SG, MSJ |

| | | | |
|---|---|---|---|
| 27 | MON | Elavally, Mannampetta, Peruvallur, Varavoor, | CSC, LSJC, ASJM |
| 28 | TUE | Elthuruthu, Mannuthy, Ponganamkad, Veendassery, | SNDS, AC. SM |
| 29 | WED | Enammavu, Marathakara, Ponnani, Velappaya, | SKD, ,MLF, SSJW |
| 30 | THU | Engandiyur, Marathamkode, Ponnore, Vellakarithadom, | MSMI, SFN, OLF |

| DECEMBER 2023 | | | |
|---|---|---|---|
| 01 | FRI | Eranellur, Mariapuram, Ponnukara, Vellanikode, | SMC, LSMS, OP |
| 02 | SAT | Eravimangalam, Marottichal, Poochinnipadam, Vellarakad, | SLMI, DDP, ASC, MMB, CSC, OP |
| **03** | **SUN** | **അതിരൂപത തലത്തിലുള്ള ആചരണം** | |

**6. വൈദിക നിയമനം :**

1. ഫാ. ജസ്റ്റിൻ തേക്കാനത്ത് –വികാരി–ഇൻ–ചാർജ്ജ് കരുമത്ര, കപ്ലോൻ എസ്. എൽ. എം. ഐ.; സാധുത 2023 ആഗസ്റ്റ് 12 മുതൽ 10 സെപ്തംബർ വരെ.
2. ഫാ. സീജൻ ചക്കാലക്കൽ – അസി. ഡയറക്ടർ പോപ് പോൾ മേഴ്സി ഹോം, പെരിങ്ങണ്ടൂർ & പ്രോ–വികാരി അവണൂർ ക്വാസി; സാധുത 2023 ആഗസ്റ്റ് 21 മുതൽ.
3. ഫാ. ജോൺസൻ ചാലിശ്ശേരി – പ്രോ–വികാരി അവണൂർ ക്വാസി ഒഴിവായി; സാധുത 2023 ആഗസ്റ്റ് 21 മുതൽ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

# ENGAGEMENTS

## 2023 OCTOBER Mar Andrews Thazhath

| Date | Day | Time | Description |
|---|---|---|---|
| 01-31 | | | Rome |

# ENGAGEMENTS

## 2023 OCTOBER Mar Tony Neelankavil

| Date | Day | Time | Description |
|---|---|---|---|
| 01 | Sun | Morning | Holy Mass and House Blessing @ Kallur East |
| | | | Grotto Blessing and H. Mass @ Thiruvilwamala |
| | | Evening | Holy Mass @ Bishop Alapatt Mission Hospital Karanchira |
| 02 | Mon | Morning | Chapel Blessing @ Thalore CHF Convent |
| | | | 26th Year celebration of Madyavirudha Samithi @ Basilica |
| | | Afternoon | Ordination @ Thiroor, Dn. Shajo Thrissukkaran OSB |
| | | Evening | Kerala Franciscan Family Union Thrissur Region Meet @ MI covent |
| 04-08 | | | Satna and Chanda Mission |
| 09 | Mon | Morning | Holy Mass @ Christhujayanthi Convent Ammadom |
| 11 | Wed | Evening | St. Thomas College Trust Meeting |
| 12 | Thu | Morning | For Priest and Religious |
| 13 | Fri | Morning | Holy Mass @ Animation Centre |
| | | Afternoon | Visitors Time |
| 14 | Sat | Morning | Convocation Day Joythi Engineering College |

| | | | |
|---|---|---|---|
| 15 | Sun | Afternoon | Newly Wedded Couples Meeting @ Family Apostolate |
| 17 | Tue | Morning | Class @ Marymatha Major Seminary |
| 18 | Wed | Morning | Holy Mass @ Minor Seminary |
| 19 | Thu | Morning | For Priest and Religious |
| 20 | Fri | Morning | Class @ Marymatha Major Seminary |
| | | Afternoon | Visitors Time |
| 21 | Sat | Morning | Golden and Silver Jubilee Holy Mass @ Ollarikkara |
| | | Evening | Home Day @ Peace Home |
| 23 | Mon | Morning | Golden and Silver Jubilee of Charity Sisiters Holy Mass @ Generalate Kolazhy |
| | | Evening | Thirunal Kuduthurakkal @ Ollur |
| 24 | Tue | Morning | Class @ Marymatha Major Seminary |
| | | Evening | Golden Jubilee Holy Mass @ Thriprayar |
| 26 | | Morning | For Priest and Religious |
| 27 | Fri | Morning | Class @ Marymatha Major Seminary |
| | | Afternoon | Visitors Time |
| 28 | Sat | Morning | Golden Jubilee Holy Mass @ CHF Mannuthy |
| 29 | Sun | | Pastoral Visit @ Chittattukkara |
| 31 | Tue | Morning | Class @ Marymatha Major Seminary |

# നാളാഗമം

ആഗസ്റ്റ് 2023

1-4. കെ. സി. ബി. സി. സമ്മേളന ത്തിൽ അഭിവന്ദ്യ പിതാക്കന്മാർ പങ്കെടുത്തു.

05. ചേറൂരിലുള്ള പ്രായമായ വൈദികരുടെ വിയാനി ഭവനിൽ ഹോം ഡെ ആഘോഷങ്ങൾ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യത്തിൽ നടന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് ആമ്പക്കാട് ഇടവകയിൽ വച്ച് ഹോളി ഫാമിലി കോൺഗ്രീഗേഷന്റെ വെസ്റ്റിഷൻ നടത്തി. വൈകുന്നേരം പൂച്ചിന്നിപ്പാടം ഇടവകയിലെ നവീകരിച്ച ദേവാലയം വെഞ്ചിരിച്ച് ദിവ്യബലി അർപ്പിച്ചു. രാത്രി വിയാനി ഹോമിൽ വെച്ച് വിയാനി ഡേ ആഘോഷിച്ചു.

06. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വരടിയം ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് കോളങ്ങാട്ടുകര, കൊട്ടേക്കാട് ഇടവകകളിൽ സന്ദർശനം നടത്തി. മാർ ടോണി നീലങ്കാവിൽ പിതാവ് തങ്ങാലൂർ പള്ളിയിൽ ഇടയ സന്ദർശനം നടത്തി.

7-9. അഭിവന്ദ്യ താഴത്ത് പിതാവ് ഡൽഹിയിൽ വച്ച് സി. ബി. സി. ഐ. സെക്രട്ടറിമാരുടെ യോഗത്തിൽ പങ്കെടുത്തു.

07. മാർ ടോണി നീലങ്കാവിൽ പിതാവ് ഉച്ചകഴിഞ്ഞ് ആബ ധ്യാനകേന്ദ്രത്തിൽ വച്ച് അതിരൂപത കരിസ്മാറ്റിക് ടീം അംഗങ്ങളെ സന്ദർശിച്ചു.

08. മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം ബഹു. ജോയ് ചിറ്റിലപ്പിള്ളി അച്ചന്റെ അമ്മയുടെ മൃതസംസ്കാര ശുശ്രൂഷകൾ നിർവഹിച്ചു.

09. മാർ ടോണി നീലങ്കാവിൽ രാവിലെ പറപ്പൂർ ഇടവകയിൽ നാലാമത്തെ കുഞ്ഞിന് മാമോദിസ നൽകി ദിവ്യബലി അർപ്പിച്ചു.

11. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ ആമ്പല്ലൂരിൽ നടക്കുന്ന വിവാഹ ഒരുക്ക കോഴ്സിൽ പങ്കെടുക്കുന്നവർക്കുവേണ്ടി വിശുദ്ധ ബലിയർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തൃശ്ശൂർ എം. ഐ. കോൺവെന്റിൽ ദിവ്യബലി അർപ്പിച്ചു.

12. അഭിവന്ദ്യ താഴത്ത് പിതാവ് ബാംഗ്ലൂർ സെൻറ് ജോൺസ് മെഡിക്കൽ കോളേജിൽ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ച് മൂന്നാം വർഷ ഡിഗ്രി വിദ്യാർഥികളെ സന്ദർശിച്ചു. മേരിമാതാ മേജർ സെമിനാരിയിൽ സംഘടിപ്പിച്ച MEPC SYMPOSIUM ത്തിൽ പങ്കെടുത്തു. മണ്ണംപേട്ടയിൽ സെന്റ്. മർത്താ സിസ്റ്റേഴ്സിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷത്തിൽ പങ്കെടുത്തു.

13. അഭിവന്ദ്യ താഴത്ത് പിതാവ് നവീകരിച്ച അവണൂർ സെൻറ് സെബാസ്റ്റ്യൻ ഇടവക പള്ളി വെഞ്ചരിച്ച് വിശുദ്ധ കുർബാനയർപ്പിച്ചു. തുടർന്ന് ഡി. ബി. സി. എൽ. സി. യിൽവച്ച് സംഘടിപ്പിക്കപ്പെട്ട 11, 12 & എ. സി. സി. മതബോധന ക്ലാസുകളിലെ ലീഡർമാരുടെ യോഗത്തിൽ അഭിവന്ദ്യ പിതാവ് സന്ദേശം നൽകി. ഉച്ചതിരിഞ്ഞ് പുല്ലഴി സെൻറ് ജോസഫ് മെന്റൽ ഹോമിന്റെ പേൾ ജൂബിലി ആഘോഷങ്ങളിൽ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ കണ്ണാറ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. ഉച്ചയ്ക്ക് ഫാമിലി അപ്പോസ് തേലെറ്റിൽ വച്ച് ഗർഭിണികളായ സ്ത്രീകൾക്കായി സംഘടിപ്പിച്ച മീറ്റിങ്ങിൽ പങ്കെടുത്ത് സംസാരിച്ചു.

14. അഭിവന്ദ്യ താഴത്ത് പിതാവ് മെത്രാഭിഷേകത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന അഭിവന്ദ്യ പള്ളിക്കാപറമ്പിൽ പിതാവിനെ പാലായിൽ സന്ദർശിച്ച് ജൂബിലി മംഗളങ്ങൾ നേരുന്നു. മാർ ടോണി നീലങ്കാവിൽ പിതാവ് വൈകുന്നേരം വേലൂപ്പാടം ഇടവകയിൽ തിരുനാൾ കൂട് തുറക്കൽ ദിവ്യബലി അർപ്പിച്ചു.

15. രാവിലെ മേരിമാതാ മേജർ സെമിനാരിയുടെ രജതജൂബിലി കുർബാന അഭിവന്ദ്യ പിതാക്കന്മാർ അർപ്പിച്ചു. തുടർന്ന് മേജർ സെമിനാരിലും തൃശ്ശൂർ വ്യാകുലമാതാവിന്റെ ബസിലിക്കയിലും സ്വാതന്ത്ര്യദിനാഘോഷങ്ങളിൽ പങ്കെടുത്തു. വ്യാകുല മാതാവിന്റെ ബസിലിക്കയിൽ രാഷ്ട്രീയകാര്യ സമിതിയുടെ നേതൃത്വത്തിൽ വോട്ടേഴ്സ് ലിസ്റ്റിൽ പേര് ചേർക്കുന്നതിന്റെ ഉദ്ഘാടനം അഭിവന്ദ്യ താഴത്ത് പിതാവ് നിർവഹിച്ചു. ഉച്ചതിരിഞ്ഞ് മതബോധന മെറിറ്റ് ഡേ യിൽ പങ്കെടുത്തു.

കൂനംമൂച്ചി ഇടവകയുടെ ശതാബ്ദി വർഷം ഉദ്ഘാടനം ചെയ്തു. ഉച്ച യ്ക്ക് Catechism Merit Day യിൽ പങ്കെടുത്തു. വൈകുന്നേരം നടത്തറ ഇടവക പണിതു നൽകുന്ന പുതിയ ഭവനം വെഞ്ചിരിച്ചു.

16. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ തിരൂർ ഇടവകയിൽ തരകൻ ഡെയ്സൺ–ഡെലീഷ്യ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയുടെ മാമ്മോദിസക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചതിരിഞ്ഞ് ബഹുമാന പ്പെട്ട ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ എം. എം. ബി. യുടെ മൃതദേഹ സംസ്കാര ശുശ്രൂഷയിൽ കാർമ്മികത്വം വഹിച്ചു. തുടർന്ന് ജൂബിലി മിഷൻ ഹോസ്പിറ്റൽ ട്രസ്റ്റ് മീറ്റിംഗിലും പങ്കെടുത്തു. സ്ഥാപന ഡയറ ക്ടർമാരുടെ യോഗത്തിൽ അഭിവന്ദ്യപിതാക്കന്മാർ പങ്കെടുത്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മൈനർ സെമിനാരിയിൽ ദിവ്യബലി അർപ്പിച്ചു.

17. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ കാച്ചേരിയിലുള്ള മൈനർ സെമിനാരിയിൽ വച്ച് മൂന്നാം വർഷ ഡിഗ്രി വിദ്യാർഥികൾക്കായി വിശുദ്ധ കുർബാന അർപ്പിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ തലോർ ഇടവകയിൽ ആറാമത്തെ കുഞ്ഞിന് മാമോദിസ നൽകി ദിവ്യബലി അർപ്പിച്ചു.

18. അഭിവന്ദ്യ താഴത്ത് പിതാവ് മേരിമാതാ മേജർ സെമിനാരിയിലെ പൂർവ്വവിദ്യാർത്ഥികളുടെ സംഗമത്തിൽ സംബന്ധിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ അടാട്ട് ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. വൈകുന്നേരം മേരിമാതാ മേജർ സെമിനാരിയുടെ Alumni Gathering ൽ പങ്കെടുത്തു.

19. മേരിമാതാ മേജർ സെമിനാരിയിൽ രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി പിതാവിന്റെ കാർമ്മിക ത്വത്തിൽ വിശുദ്ധ കുർബാനയർപ്പണവും പൊതുയോഗവും നടന്നു. ഉച്ചതിരിഞ്ഞ് ജൂബിലി മിഷൻ ഹോസ്പിറ്റലിലെ യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു. അതിനുശേഷം, പൗരോഹി ത്യത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന ബഹുമാനപ്പെട്ട പീറ്റർ കുരുതുകുളങ്ങര അച്ചന്, പുത്തൻപീടികയിലുള്ള അച്ചന്റെ ഭവനത്തിലെത്തി അഭിവന്ദ്യ പിതാക്കന്മാർ ജൂബിലി മംഗളങ്ങൾ ആശംസിച്ചു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ മേരിമാതാ മേജർ സെമിനാരിയുടെ സിൽവർ ജൂബിലി സമാപന ദിവ്യബലിയിൽ പങ്കെടുത്തു. വൈകുന്നേരം വെട്ടുകാട് ഇടവകയിൽ യൂത്ത് മീറ്റിൽ പങ്കെടുത്തു.

20. അഭിവന്ദ്യ താഴത്ത് പിതാവ് രാവിലെ വെളുത്തൂർ ഇടവകയിൽ

വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് മനക്കൊടി ഇടവകയിൽ സന്ദർശനം നടത്തി. പിന്നീട് ഡി. ബി. സി. എൽ. സി. യിൽ കെ. സി. വൈ. എം. അംഗങ്ങൾക്കായുള്ള നേതൃത്വ പരിശീലന കളരി അഭിവന്ദ്യ താഴത്ത് പിതാവ് ഉദ്ഘാടനം ചെയ്തു. മാർ ടോണി നീലങ്കാവിൽ പിതാവ് രാവിലെ ഒല്ലൂർ ഇടവകയിൽ ദിവ്യബലി അർപ്പിച്ചു. പറപ്പൂർ ഇടവകയിൽ യൂത്ത് മീറ്റിൽ പങ്കെടുത്തു.

21–26. സീറോ മലബാർ മെത്രാൻമാരുടെ സിനഡിൽ അഭിവന്ദ്യ പിതാക്കന്മാർ സംബന്ധിച്ചു.

27. രാവിലെ ഒല്ലൂരിൽ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ കാർമ്മികത്വത്തിൽ വിശുദ്ധ എവുപ്രാസ്യാമ്മയുടെ തിരുനാൾ കുർബാനയർപ്പിച്ചു.

28. മഞ്ഞക്കുന്ന് ഇടവകയിൽ പുത്തൂർ ജോയ്–സിമ്യ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിക്ക് അഭിവന്ദ്യ താഴത്ത് പിതാവ് മാമോദിസ നൽകി.

30–31. ബാംഗ്ലൂർ സെൻറ് ജോൺസ് മെഡിക്കൽ കോളേജിൽവച്ച്, ഡയറക്ടർ ബഹുമാനപ്പെട്ട ഫാദർ പറത്താഴത്തിന്റെ യാത്രയയപ്പ് യോഗത്തിൽ അഭിവന്ദ്യ താഴത്ത് പിതാവ് പങ്കെടുത്തു.

27–31. വിശാഖപട്ടണം മിഷൻ അഭിവന്ദ്യ ടോണി പിതാവ് സന്ദർശിച്ചു.

# ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചൻ

### രണ്ടാം ശനിയാഴ്ചാചരണം



ധന്യൻ അഗസ്റ്റിൻ ജോൺ ഊക്കനച്ചനോടുള്ള അനുസ്മരണാർത്ഥം നടത്തിവരുന്ന രണ്ടാം ശനിയാഴ്ചാചരണം 09.09.2023 –ൽ ചൊവ്വന്നൂർ സെന്റ് തോമസ് ഇടവകയിൽവച്ച് ആചരിച്ചു. പുലക്കാട്ടുകര ഔർ ലേഡി ഓഫ് കാർമ്മൽ ഇടവക വികാരിയും തൃശ്ശൂർ അതിരൂപതാംഗവുമായ ബഹു. സിജോ പുളിക്കൻ അച്ചനാണ് ഈ മാസത്തെ തിരുകർമ്മങ്ങൾക്ക് മുഖ്യ കാർമ്മികനായത്. പുലക്കാട്ടുകര ഹോളിഫാമിലി കോൺവെന്റിലെ ചാരിറ്റി സിസ്റ്റേഴ്സ് ആണ് ആരാധനയ്ക്കും ജപമാലയർപ്പണത്തിനും നേതൃത്വം നല്കിയത്. പുലക്കാട്ടുകര ഇടവക ജനങ്ങളുടെ സാന്നിധ്യവും ആദ്യാവസാനം ഉണ്ടായിരുന്നു. മരത്തംകോട് നിന്നുള്ള മണ്ടും

പാൽ ദേവസ്സി രാജൻ & ഫാമിലിയാണ് ഈ മാസത്തെ തിരുകർമ്മങ്ങൾ ഏറ്റെടുത്ത് നടത്തിയത്.

ധന്യനായ ഊക്കനച്ചനോട് ചേർന്ന് വിശുദ്ധ ബലിയർപ്പിക്കുമ്പോൾ അച്ചന്റെ ജീവിതത്തിലെ ഏതാനും പ്രത്യേകതകൾ നാം മനസ്സിലാക്കേണ്ടതുണ്ട് എന്നു ബഹു. സിജോ അച്ചൻ തന്റെ സന്ദേശത്തിന്റെ ആമുഖമായി പറഞ്ഞു. വിശുദ്ധാത്മാക്കളെല്ലാം അവരുടെ ജീവിതത്തിൽ കർത്താവിനുവേണ്ടി ചെറുതായവരാണ്. ഊക്കനച്ചനും അങ്ങനെത്തന്നെയായിരുന്നു. അതുകൊണ്ടുതന്നെയാണ് ധന്യപദവിയോളം ഉയർത്തപ്പെട്ടതും. എങ്കിൽ ഞാനും എന്റെ വാശികൾക്ക് മുമ്പിൽ, തീരുമാനങ്ങൾക്കു മുമ്പിൽ ക്രിസ്തുവിനെപ്രതി ചെറുതാകേണ്ടിയിരിക്കുന്നു. എന്റെ പേര് സ്വർഗ്ഗത്തിലെഴുതപ്പെടുവാൻ ! പുണ്യാത്മാക്കൾ ചൂണ്ടുപലകകളായിരുന്നു. ഊക്കനച്ചനും ധാരാളം ആളുകൾക്ക്, സഭയ്ക്ക്, ദേശത്തിന്......ചൂണ്ടുപലകയായിട്ടുണ്ട്. ക്രിസ്തുവിന്റെ സ്നേഹത്തിന്റെ ചൂണ്ടുപലക ! ഞാനും അപരജീവിതങ്ങളെ സ്വർഗ്ഗത്തിലേക്കു നയിക്കുന്ന ചൂണ്ടുപലകയായി മാറണം, നാലു സുവിശേഷങ്ങൾക്കനുസൃതം ജീവിച്ച് അഞ്ചാമത്തെ സുവിശേഷമായി മാറിയവരാണ് വിശുദ്ധർ. ഊക്കനച്ചനും തന്റെ സഹനത്തിലൂടെ, തപസ്സിലൂടെ, മാർഗ്ഗത്തിലൂടെ ക്രിസ്തുവിനെ തിരിച്ചറിഞ്ഞ് അഞ്ചാമത്തെ സുവിശേഷമായി മാറി. ഇനി എന്റെ ഊഴമാണ് ക്രിസ്തുവിനുവേണ്ടി എഴുതപ്പെടുന്ന അഞ്ചാം സുവിശേഷമായി മാറുക. നമുക്ക് പ്രത്യേകമായി ഊക്കനച്ചന്റെ മാധ്യസ്ഥ്യം തേടി പ്രാർത്ഥിക്കാം.

ചൊവ്വന്നൂർ സെന്റ് തോമസ് ഇടവക വികാരി ബഹു. തോമസ് ചൂണ്ടൽ അച്ചൻ എല്ലാവർക്കും ഹൃദ്യമായ നന്ദി രേഖപ്പെടുത്തി.

# ദൈവദാസൻ ആന്റണി തച്ചുപറമ്പിലച്ചൻ

വി. കുർബാനയെപ്പറ്റിയുള്ള പഠനങ്ങൾ ദൈവദാസൻ അന്തോണിയച്ചന്റെ ധ്യാനചിന്തകളിൽ സുപ്രധാനമായവയായിരുന്നു. വി. കുർബാനയുടെ പ്രാധാന്യത്തെ വ്യക്തമാക്കുന്ന ചില ചിന്തകൾ അച്ചൻ നല്കുന്നു.

1. ലോകത്തിന്റെ അന്ത്യം വരെ ഞാൻ നിങ്ങളുടെ കൂടെ ഉണ്ടായിരിക്കും. പല വിധത്തിലും അവിടുന്ന് നമ്മോടു കൂടെയുണ്ടെങ്കിലും സത്താഭേദം വഴി വി. കുർബാനയിൽ നമ്മോടൊത്തായിരിക്കുന്നതുപോലെ മറ്റൊരു രീതിയിലും അവിടുന്ന് സന്നിഹിതനാകുന്നില്ല.
2. എല്ലാ മതങ്ങളിലും ബലിയർപ്പണം അടിസ്ഥാന വസ്തുതയാണ്. ക്രിസ്തുമതത്തിന് യഥാർത്ഥ ബലിയർപ്പണമില്ലാതെ നിലനിൽക്കാൻ സാധിക്കുമോ എന്ന് അച്ചൻ ചോദിക്കുന്നു.
3. മുൻകൂട്ടി അറിഞ്ഞവരെ, അവിടുന്ന് തെരഞ്ഞെടുത്തു. തെരഞ്ഞെടുത്തവരെ തന്റെ പുത്രന്റെ സാദൃശ്യത്തോട് അനുരൂപരാക്കാൻ മുൻകൂട്ടി നിശ്ചയിക്കുകയും ചെയ്തു (റോമ 8.29). ക്രിസ്തുവിനെ ധരിക്കുന്നതുവഴിയാണ് ഇതു സാധ്യമാകുക. അതിനായി അവിടുത്തെ ശരീര രക്തങ്ങളാൽ നിറയണം.



4. ക്രിസ്തുവിന്റെ ശരീരം ഉൾക്കൊള്ളുന്നതുവഴിയല്ലാതെ മഹത്വത്തിൽ ഉയിർക്കാൻ മനുഷ്യശരീരങ്ങൾക്ക് എന്ത് അവകാശമാണ് ഉള്ളതെന്ന് അച്ചൻ എടുത്തു ചോദിക്കുന്നു.
5. വി. കുർബാനയിലുള്ള നമ്മുടെ വിശ്വാസം പ്രകടിപ്പിക്കണം. വിശ്വാസമില്ലാത്ത ഒരു സ്ത്രീ സക്രാരിയുടെ മുന്നിൽ പ്രാർത്ഥിക്കുന്ന കർദ്ദിനാളിനെ കണ്ട് മാനസാന്തരപ്പെട്ട കഥ അച്ചൻ ഇവിടെ സൂചിപ്പിക്കുന്നു.
6. വി. കുർബാനയുടെ സത്യം പ്രഘോഷിച്ചുകൊണ്ടിരിക്കെ മരിക്കുവാനുള്ള ഭാഗ്യം തനിക്കുണ്ടായിരുന്നെങ്കിൽ എന്ന് അച്ചൻ ആശിക്കുന്നു.
7. പണ്ടു കാലത്ത് ദൈവം ദൈവമായാണ് ആദത്തോടു സംസാരിച്ചത്. രഹസ്യാത്മകതയും ഉയർന്ന ഭാവവും ആണ് ഇവിടെ ദൃശ്യമാവുക. ആദം ഭയപ്പെടുന്നു. നല്ലിടയന്റെ ഉപമയിൽ ഈശോ ഇടയനാണ്, ആടല്ല. എന്നാൽ മനുഷ്യാവതാരത്തിൽ ആടുകളെ സമീപിക്കാൻ അവിടുന്ന് ആടു തന്നെയാകുന്നു. വി. കുർബാനയിൽ അവിടുന്ന് ഭക്ഷണമാകുന്നു.

വി. കുർബാനയിലെ ദൈവസാന്നിധ്യം ഓർത്തുകൊണ്ട് അച്ചൻ പ്രഖ്യാപിക്കുന്നു. നമ്മുടെ ദൈവമായ കർത്താവ് നമുക്ക് സമീപസ്ഥനായിരിക്കുന്നതുപോലെ ദൈവം ഇത്ര അടുത്തുള്ള വേറെ ഏതു ശ്രേഷ്ഠജനതയാണുള്ളത് (നിയമാ. 4.7). വി. തോമസ് അക്വീനാസിനെ അച്ചൻ ഉദ്ധരിക്കുന്നു. സഹിക്കുന്നവൻ ഒരാശ്വാസകനെയും കഷ്ടപ്പെടുന്നവൻ അനുകമ്പയുള്ള പിതാവിനെയും വി. കുർബാനയിൽ കണ്ടുമുട്ടുന്നു.

**ഫാ. പോൾ പുളിക്കൻ**
വൈസ് പോസ്റ്റുലേറ്റർ

# വൈദികർ




## ജന്മദിനങ്ങൾ

| | |
|---|---|
| ഫാ. വിൻസെന്റ് ചെറുവത്തൂർ | 01 |
| ഫാ. ഡെബിൻ ഒലക്കേങ്കിൽ | 02 |
| ഫാ. ജെൻസ് തട്ടിൽ | 02 |
| ഫാ. ഷിന്റോ മാറോക്കി | 03 |
| ഫാ. ജിക്സൻ താഴത്ത് | 03 |
| ഫാ. ജോഷി ആളൂർ | 04 |
| ഫാ. ആന്റോ ചിറയത്ത് | 05 |
| ഫാ. സിജോൺ കുഴിക്കാട്ടുമ്യാലിൽ | 06 |
| ഫാ. ഷിജോ ചിരിയങ്കണ്ടത്ത് | 08 |
| ഫാ. ഫ്രാൻസിസ് ആലപ്പാട്ട് | 10 |
| ഫാ. ജോൺസൻ അരിമ്പൂർ | 10 |
| ഫാ. റാഫേൽ പുല്ലോക്കാരൻ | 12 |
| ഫാ. സഞ്ജയ് തൈക്കാട്ടിൽ | 12 |
| ഫാ. ജോൺസൻ ഐനിക്കൽ | 13 |
| ഫാ. ജോയ് കിടങ്ങൻ | 13 |
| ഫാ. ജോസ് ചാലക്കൽ | 17 |
| ഫാ. ഡഗ്ലസ് ചെറുവത്തൂർ | 17 |
| ഫാ. ജിയോ ചിരിയങ്കണ്ടത്ത് | 18 |
| മോൺ. ജോർജ്ജ് മാനാടൻ | 18 |
| ഫാ. ഡൺസ്റ്റൻ ഒലക്കേങ്കിൽ | 18 |
| ഫാ. ജോസ് അറങ്ങാശ്ശേരി | 19 |
| ഫാ. സിജോ പുത്തൂർ | 19 |
| ഫാ. ജിജോ പിടിയത്ത് | 20 |
| ഫാ. മിഥുൻ ചുങ്കത്ത് | 22 |
| ഫാ. ജെയ്സൻ പുലിക്കോട്ടിൽ | 22 |
| ഫാ. ഡിറ്റോ കൂള | 23 |
| ഫാ. ഡെയ്സൻ മുണ്ടോപുറം | 24 |
| ഫാ. ജോൺ പാവറട്ടിക്കാരൻ | 24 |
| ഫാ. ലാസർ താണിക്കൽ | 24 |
| ഫാ. ജിബി വാഴപ്പിള്ളി | 24 |
| ഫാ. സിംസൺ ചിറമ്മൽ | 25 |
| ഫാ. ട്രെജിൻ തട്ടിൽ | 25 |
| ഫാ. ജോജു പൊറുത്തൂർ | 26 |
| ഫാ. സജിൽ കണ്ണനായ്ക്കൽ | 27 |
| ഫാ. ബൈജു കാഞ്ഞിരത്തിങ്കൽ | 28 |

# FEAST DAY



## നാമഹേതുകതിരുനാൾ

| | |
|---|---|
| ഫാ. ഫ്രാൻസിസ് ആളൂർ | 04 |
| ഫാ. ലിജോ ചിരിയങ്കണ്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് എടക്കളത്തൂർ | 04 |
| ഫാ. പ്രിൻസൺ കാഞ്ഞിരത്തിങ്കൽ | 04 |
| ഫാ. അൽജോ കരേരക്കാട്ടിൽ | 04 |
| ഫാ. സ്റ്റിഷിൻ കുണ്ടുകുളം | 04 |
| ഫാ. ഫ്രാൻസിസ് മുട്ടത്ത് | 04 |
| ഫാ. ഫ്രാൻസിസ് നീലങ്കാവിൽ | 04 |
| ഫാ. ജിബിൻ താഴേക്കാടൻ | 04 |
| ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി Sr. | 04 |
| ഫാ. അജീഷ് പെരിഞ്ചേരി | 09 |
| ഫാ. ജെയ്സൻ തെക്കുംപുറം | 09 |
| ഫാ. ജോൺ പോൾ ചെമ്മണ്ണൂർ | 22 |
| ഫാ. ജോൺ പോൾ തൈക്കാടൻ | 22 |
| ഫാ. അജിത്ത് കൊള്ളന്നൂർ | 28 |

# DEATH DAY



## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. കടവി ജേക്കബ് | 27.10.1828 |
| ഫാ. അറക്കൽ ഗീവർഗ്ഗീസ് | 13.10.1895 |
| ഫാ. അക്കര പയസ് | 31.10.1948 |
| ഫാ. മാളിയേക്കൽ തോമസ് ജൂനിയർ | 18.10.1950 |
| ഫാ. ഊക്കൻ ജോൺ | 13.10.1956 |
| ഫാ. ഇരിമ്പൻ തോമസ് | 28.10.1957 |
| ഫാ. ചെറുനിലം മാത്യു | 13.10.1965 |
| ഫാ. വാലിക്കോടത്ത് ജോർജ്ജ് | 17.10.1968 |
| ഫാ. ആട്ടോക്കാരൻ ജോസഫ് | 29.10.1970 |
| ഫാ. പൊറത്തൂർ ജോൺ | 17.10.1972 |
| ഫാ. കാളച്ചേരി തോമസ് | 05.10.1977 |
| ഫാ. മണ്ടുംപാല പീറ്റർ | 09.10.1987 |
| ഫാ. ചെറുവത്തൂർ ജോൺ | 11.10.1990 |
| ഫാ. കാഞ്ഞിരത്തിങ്കിൽ ഡേവിസ് | 04.10.1991 |
| ഫാ. പല്ലിശ്ശേരി പോൾ | 02.10.1997 |
| ഫാ. ചൊവ്വല്ലൂർ ജേക്കബ് | 24.10.1999 |
| ഫാ. പാലത്തിങ്കൽ തോമസ് | 26.10.2004 |
| ഫാ. തെക്കിനിയത്ത് ജോസഫ് | 19.10.2008 |
| മോൺ. വിളങ്ങാടൻ ജോസഫ് | 09.10.2011 |
| ഫാ. ചീരൻ സിജോ | 13.10.2014 |
| ഫാ. ആലപ്പാട്ട് ജോസ് | 29.10.2015 |
| ഫാ. കണ്ണാത്ത് ജോർജ്ജ് | 11.10.2016 |
| ഫാ. ചാലക്കൽ തോബിയാസ് | 28.10.2020 |



# സന്യസ്തർ

## സി.ആർ.ഐ. വാർത്തകൾ

### ജൂൺ

**എസ്.എ.ബി.എസ്**

മണിപ്പൂർ കലാപത്തിൽ വേദന യനുഭവിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ജൂലായ് ഒന്നാം തിയ തി നടത്തിയ പ്രതിഷേധ റാലിയിൽ പ്രോവിൻസിലെ സിസ്റ്റേഴ്സ് പങ്കെടു ത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ റ വ.മദർ സോഫി പെരേപ്പാടൻ ആശം സയർപ്പിച്ച് സംസാരിച്ചു. കെ.സി. ബി.സി.യുടെ ആഹ്വാനപ്രകാരം ജൂല യ് 2-ാം തിയതി എല്ലാ ഭവനസമൂഹ ങ്ങളിലും മണിപ്പൂരിനു വേണ്ടി തിരുമ ണിക്കൂർ നടത്തി. സീറോ മലബാർ സ ഭാദിനമായ ജൂലായ് 3 ന് പ്രൊവിൻ ഷ്യൽ ഹൗസിൽ നടന്ന യൂക്കരിസ്റ്റി ക്ക് റിട്രീറ്റ് ടീമിന്റെ മീറ്റിംഗ് നടന്നു.

തയ്യൂർ (ജൂലായ് 9-11), പങ്ങാര പ്പിള്ളി (ജൂലായ് 17-20) എന്നീ ഭവ നസമൂഹങ്ങളിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ ഔദ്യോഗിക സന്ദർശനം നടത്തി. ജൂലയ് 18 മുതൽ 3 ദിവസ ത്തേക്ക് റവ. ഫാ. റിന്റോ പുതുശ്ശേരി പ്രീ ആസ്പിരൻസിന് ധ്യാനം നൽകി. തൃശൂർ, കൃഷി വകുപ്പിലെ ശ്രീ. ശര ത്ത്.

പ്രോവിൻസിലുള്ള സിസ്റ്റേഴ്സി ന് ജൂലയ് 21 ന് കൃഷിയെ കുറിച്ച് ക്ലാസ് നൽകി. "SOF Best District Principal Award" കരസ്ഥമാക്കിയ തൃ ശൂർ നിർമ്മല മാത സെൻട്രൽ സ് ക്കൂൾ പ്രിൻസിപ്പൽ സി. ലിൻസ മരി യ പാറേക്കാടന് പ്രോവിൻസിന്റെ അ ഭിനന്ദനങ്ങൾ!

ജൂനിയർ സിസ്റ്റേഴ്സിന്റെ സ്വർ ഗ്ഗീയ മധ്യസ്ഥനായ വി. പീറ്റർ ജൂലി

യൻ എയ്മാർഡിന്റെ  തിരുനാൾദിനം ഓഗസ്റ്റ് 3 എല്ലാ ഭവനസമൂഹ ങ്ങളിലും സീനിയർ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ജൂനിയേഴ്സ് ഡേ ആയി ആഘോഷിച്ചു. ഓഗസ്റ്റ് 5 ന് റവ. ഫാ. റോയി വടക്കൻ കുട്ടനല്ലൂർ സെന്റ് അഗസ്റ്റിൻ സ്കൂൾ സ്റ്റാഫിന് ക്ലാസ് നൽകി. ഓഗസ്റ്റ് 11 ന് തലോർ ജറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് സി.എം.ഐ വൈദീകരുടെ നേതൃത്വത്തിൽ മണിപ്പൂർ ജനതയ്ക്ക് വേണ്ടി നടത്തിയ പ്രാർത്ഥനായ ജ്ഞത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. കുട്ടനല്ലൂർ സെന്റ് അഗസ്റ്റിൻ ഹൈസ്കൂൾ, ഹയർ സെക്കന്ററി സ്കൂൾ, ഹോസ്റ്റൽ എന്നിവയെ സ മർപ്പിച്ച് കഴിഞ്ഞ ഒരു വർഷമായി പ്രോവിൻസിലെ എല്ലാ സിസ്റ്റേഴ്സും ചൊല്ലിയ ഒരു ലക്ഷത്തിലധികം ജപമാല, ഓഗസ്റ്റ് 15 ന് സ്കൂൾ അങ്കണ ത്തിൽ വച്ച് ആഘോഷമായ ജപമാല ചൊല്ലിക്കൊണ്ട് പരിശുദ്ധ അമ്മയ് ക്ക് സമർപ്പിച്ചു.   ഓഗസ്റ്റ് 20 ന് പ്രൊവിൻഷ്യൽ ഹൗസിൽ സമ്മേളിച്ച PSAF (Administration, Formation, Ongoing Formation) ൽ സിസ്റ്റേ ഴ്സ് സംബന്ധിച്ചു. ഓഗസ്റ്റ് 26 മുതൽ സെപ്തംബർ 1 വരെ പ്രൊവിൻ ഷ്യൽ ഹൗസിൽ നിയമാവലി ധ്യാനം നടന്നു.

**എം.എം.ബി.**

മരിയാപുരത്തെ മിഷൻ ഹോമിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന 'സെന്റ് മാർട്ടിൻ നൊവിഷ്യറ്റ്' ഹൗസിൽ നവസന്യാസ പരിശീലനം പൂർത്തിയാക്കിയ തോമസ് കൊല്ലംപറമ്പിൽ (തലശ്ശേരി), ഹേബേൽ പലാക്ക (റായ്ഗഡ, ഒറീസ്സ) എന്നീ നവസന്യാസികൾ സന്യാസവസ്ത്രം സ്വീകരിക്കുകയും ആദ്യവ്രതാർപ്പണം നടത്തുകയും ചെയ്തു. മിഷൻ ഹോമിൽ വച്ച് നടന്ന തിരുക്കർമ്മങ്ങളിൽ തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികത്വം വഹിച്ചു. അസ്സീസി പ്രോവിൻസിന്റെ പ്രോവിൻഷ്യൽ സുപ്പീരിയർ ബ്രദർ സോജൻ പൈകട വ്രതാർപ്പണം സ്വീകരിച്ചു.

സന്യാസ വ്രതാർപ്പണത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷി ക്കുന്ന ബ്രദർ തോമസ് ക്ലമെന്റ് ഞാറക്കാട്ടിലിന്റെയും രജത ജൂബിലി യാഘോഷിക്കുന്ന ബ്രദർ സെബാസ്റ്റ്യൻ കല്ലുകീർത്തൊട്ടിലിന്റെയും ബ്രദർ നോർവി വലിയമുറത്താങ്കലിന്റെയും ജൂബിലികൾ മരിയാപു രത്തെ മിഷൻ ഹോമിൽ വച്ച് ആഘോഷിക്കുകയുണ്ടായി. കൃതജ്ഞ താബലിക്ക് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത് മുഖ്യകാർമ്മികനായിരുന്നു.

മലബാർ മിഷനറി ബ്രദേഴ്സിന്റെ മുൻ സുപ്പീരിയർ ജനറൽ ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ എം. എം. ബി. (97) നിര്യാതനായി. രണ്ടു തവണ എം. എം. ബി. യുടെ  സുപ്പീരിയർ ജനറലായി തെരഞ്ഞെടുക്കപ്പെട്ടി ട്ടുള്ള അദ്ദേഹം ജനറൽ കൗൺസിലറായും മരിയാപുരത്തെ സെന്റ്

തോമസ് പ്രോവിൻസിന്റെ പ്രൊവിൻഷ്യൽ കൗൺസിലറായും സേവന മനുഷ്ഠിച്ചിട്ടുണ്ട്.

**സി.എം. സി.**

മണിപ്പൂർ കലാപത്തിൽ പ്രതിഷേധിച്ച് തൃശൂർ അതിരൂപതയുടെ നേതൃത്വത്തിൽ ജൂലൈ 1 ന് നടന്ന പ്രതിഷേധറാലിയിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂലൈ 2 ന് മണിപ്പൂർ ജനതയോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് തൃശൂർ അതിരൂപതയുടെ ആഹ്വാനപ്രകാരം പ്രാർത്ഥനാ ദിനം ആചരിച്ചു. ജൂലൈ 3ന് ഫോർമേഷൻ ടീമിന്റെയും ഫോർമേഷൻ സെക്രട്ടറിയേറ്റിന്റെയും മീറ്റിങ്ങുകൾ കോലഴിയിൽവെച്ച് നടന്നു. ജൂലൈ 9 ന് വൊക്കേഷൻ പ്രമോട്ടേഴ്സിന് നടത്തിയ അർദ്ധദിനസെമിനാറിൽ Fr Lingston CMI ക്ലാസ് നയിച്ചു. അന്നുതന്നെ റിന്യൂവൽ സെക്രട്ടറിയേറ്റ് മീറ്റിങ്ങും നടത്തി. Candidates ന് Fr. John Kandamkari CMI യുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ധ്യാനം നൽകി. ജൂലൈ 16, പരി. കർമ്മല മാതാവിന്റെ തിരുനാൾ ദിനത്തിൽ എല്ലാ സിസ്റ്റേഴ്സും ദിവ്യബലി മധ്യേ തങ്ങളുടെ വ്രതനവീകരണം നടത്തി. ജൂലൈ 30 മുതൽ ആഗസ്റ്റ് 4 വരെ സുപ്പീരിയർ ജനറൽ ബഹു. സി. ഗ്രെയ്സ് തെരേസ് തൃശൂർ പ്രൊവിൻഷ്യൽഹൗസിൽ സന്ദർശനം നടത്തി.

കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് CRT Sisters നയിച്ച 'നീയും പോയി ഇതുപോലെ ചെയ്യുക' വാർഷികധ്യാനത്തിൽ 68 സിസ്റ്റേഴ്സ് പങ്കെടുത്തു. ആലുവ ജനറലേറ്റിൽ വെച്ച് തൃശൂർ പ്രോവിൻസിൽ നിന്ന് 5 സിസ്റ്റേഴ്സ് നിത്യവ്രതവാഗ്ദാനം ചെയ്തു. സെന്റ് ജോസഫ് ചൂണ്ടൽ ഹോസ്പിറ്റലിൽ വെച്ച് ഹോസ്പിറ്റൽ സിസ്റ്റേഴ്സിന്റെ സംഗമം നടത്തി. ഈ വർഷം ആഗസ്റ്റ് 27 ന് വി. എവുപ്രാസ്യമ്മയുടെ തിരുനാൾ ഒല്ലൂർ വി. എവുപ്രാസ്യ തീർഥകേന്ദ്രത്തിൽ സാഘോഷം കൊണ്ടാടി. Socialwork Councillor Sr. Mariette ന്റെ നേതൃത്വത്തിൽ St.Mary's College Auditorium ൽ വെച്ച് കെയ്റോസ്, ഉജ്ജീവനം ഗ്രൂപ്പുകളിലെ അംഗങ്ങൾ എവുപ്രാസ്യ ഡേ ഘോഷിച്ചു. 28 ന് മുള്ളൂർക്കര മഠത്തിന്റെ വെഞ്ചിരിപ്പ് കർമ്മം തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ നിർവഹിച്ചു. കോലഴി ഗ്രാമപഞ്ചായത്തിൽ അംഗനവാടിക്കുവേണ്ടി 3 സെന്റ് സ്ഥലം നൽകി.

**സി. എച്ച്. എഫ്.**

നവജ്യോതി കോർപ്പറേറ്റ് എജ്യുക്കേഷൻ ഏജൻസിയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും വിരമിച്ചിട്ടുള്ള ടീച്ചേഴ്സിന്റേയും സിസ്റ്റേഴ്സിന്റേയും ഗാതറിങ്ങ് സ്മൃതിതീരം നവജ്യോതി പ്രൊവിൻഷ്യലേറ്റിൽ നടത്തി. നവജ്യോതി പ്രോവിൻസിലെ ഇന്റഗ്രേറ്റഡ് ഫാമിലി ഡവലപ്മെന്റ് ഫോറം (IFDF)ത്തിന്റെ ജനറൽ ബോഡി

മീറ്റിങ്ങ് വടൂക്കര IFDFൽ നടന്നു. അതിരൂപതയിലെ കുടുംബകൂട്ടായ്മ കളുടെ പ്രവർത്തനങ്ങളെ ശാക്തീകരിക്കുന്നതിന്റെ ഭാഗമായി തൃശ്ശൂർ ഫാമിലി അപ്പസ്തോലേറ്റിൽ വച്ച് രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 1 മണി വരെ നടത്തിയ പരിശീലന പരിപാടിയിൽ നവജ്യോതി പ്രോവിൻസിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂലായ് 23 ന് ധന്യൻ ജോസഫ് വിത യത്തിൽ പിതാവിന്റെ ജന്മദിനത്തോടനുബന്ധിച്ച് നവജ്യോതി പ്രോവിൻസിലെ സ്കൂളുകളിൽ നിന്നും വിരമിച്ച ടീച്ചേഴ്സിന്റെ കൂട്ടാ യ്മയായ 'സ്മൃതിതീരം' മെമ്പേഴ്സ് നൽകിയ 50000 രൂപ ജൂബിലി മിഷൻ ഹോസ്പിറ്റലിലെ പാവപ്പെട്ട രോഗികൾക്ക് ഡയാലിസിസ് ചെയ്യു ന്നതിനു വേണ്ടി ഡയറക്ടർ റവ.ഫാ.റെന്നി മുണ്ടൻകുരിയന് കൈമാ റി. 28,29 തിയ്യതികളിലായി ജൂനിയർ സിസ്റ്റേഴ്സിന് വേണ്ടി നടത്തപ്പെട്ട കോഴ്സിൽ 26 ജൂനിയർ സിസ്റ്റേഴ്സ് പങ്കെടുത്തു. നവജ്യോതി പ്രോവിൻ സിലെ രണ്ട് നവസന്യാസർത്ഥിനികൾ ആമ്പക്കാട് ദേവാലയത്തിൽ വച്ച് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വ ത്തിൽ ആദ്യവ്രതാർപ്പണവും സഭാവസ്ത്ര സ്വീകരണവും നടത്തി.

**എഫ്.സി.സി.**

ബഹു. നോർബർട്ടമ്മയുടെ ഒമ്പതാം ചരമവാർഷികത്തോടനുബ ന്ധിച്ച് മരത്താക്കര ഇടവക ദേവാലയത്തിൽ വച്ച് ജൂലായ് 5–ാം തീയതി അതിരൂപത വികാരി ജനറാൾ മോൺ. ജോസ് കോനിക്കരയുടെ നേതൃ ത്വത്തിൽ വിശുദ്ധബലിയർപ്പിച്ചു. ബ. നോർബർട്ടമ്മയെ കുറിച്ചുള്ള "അനുഗ്രഹസാക്ഷ്യങ്ങൾ" എന്ന പുസ്തകവും നോർബട്ടമ്മയുടെ ജീവിതത്തെ ആസ്പദമാക്കി തയ്യാറാക്കിയ കവിതാലാപനം ചെയ്ത ആൽബവും പ്രകാശനം ചെയ്തു. ജൂലായ് 8–ാം തിയതി ഗുരുവായൂർ ലിറ്റിൽ ഫ്ളവർ കോളേജിൽ വച്ച് അദ്ധ്യാപക–അനദ്ധ്യാപകർക്കായി ഏകദിനസെമിനാർ നടത്തി. അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്ന ഹെൽത്ത് കെയർ ഫ്രട്ടേർണിറ്റി മീറ്റിംഗിൽ ആതുരശുശ്രൂഷാ രംഗത്തുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു. ജൂലായ് 13ന് തൃശ്ശൂർ എം ഐ ഓഡിറ്റോറിയത്തിൽ വച്ച് അൽഫോൻസാഗാർഡൻ പ്രോവിൻസ്തല ഉദ്ഘാടനം നടത്തി.

പെരിങ്ങോട്ടുകര സെറാഫിക് കോൺവെന്റിന്റെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. ജൂലായ് 16 മുതൽ 18 വരെ തിരൂർ സീയോൺ റിന്യുവൽ സെന്ററിൽ വചനാമൃതം ടീമിന് റവ. ഫാ. റിന്റോ പുതുശ്ശേരി CMI യുടെ നേതൃത്വത്തിൽ നടന്ന Empowerment Programme–ൽ 21 പേർ സംബന്ധിച്ചു. സീറോമലബാർ സഭയുടെ പരിഷ്ക്കരിച്ച പുതിയ കാനോ

നനമസ്കാരം തൃശൂർ അസ്സീസി പ്രോവിൻസിന്റെ സ്ഥാപനദിനമായ 2023 ജൂലായ് 26–ാം തീയതി മുതൽ എല്ലാ ഭവനങ്ങളിലും ആരംഭിച്ചു. പടവരാട് പാവനാത്മ, പഴുവിൽ സെന്റ് ആന്റണീസ്, പഴുവിൽ ആന്റോഭവൻ, തൃശ്ശൂർ ജെ എം എച്ച്, അമല മേരി റാണി എന്നീ കോൺവെന്റുകളിൽ ജൂലായ് 2 മുതൽ 31 വരെ പ്രെവിൻഷ്യൽ സുപ്പീരിയർ ബ. സി. ലിറ്റിൽ മേരി കാനോനിക സന്ദർശനം നടത്തി.

**സി.എസ്.എസ്.**

നോർത്ത് സൗത്ത് പ്രോവിൻസുകളിലെ അർത്ഥിനികൾക്കായ് സംയുക്ത പോസ്റ്റുലൻസി പരിശീലനം ജൂൺ മാസം മുതൽ ഹോളി സ്പിരിറ്റ് ജനറലേറ്റിൽ ആരംഭിച്ചു. സുപ്പീരിയർ ജനറൽ റവ. സി. ആനി തോമസിയയുടെ നാമഹേതുക തിരുനാൾ മണ്ണുത്തിയിലുള്ള ഹോളി സ്പിരിറ്റ് ജനറലേറ്റിൽ വെച്ച് സമുചിതമായി ആഘോഷിച്ചു.

മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂളിൽ ജൂൺ 1 ന് കുട്ടികളുടെ മാതാപിതാക്കളെ ഉൾപ്പെടുത്തി പ്രവേശനോത്സവം നടത്തി. സംഗീത ദിനാചരണത്തോടനുബന്ധിച്ച് ജൂൺ 18ന് സ്നേഹദീപ്തി സ്പെഷ്യൽ സ്കൂളിലെ കുട്ടികൾ ഒല്ലൂക്കര ഡോൺ ബോസ്കോ കോളജിൽ സ്റ്റേജ് പ്രോഗ്രാം ചെയ്തു.

**സി.എസ്.എം ലൂർദ്നാഥ പ്രോവിൻസ്**

പ്ലാറ്റിനം ജൂബിലിയോട് അനുബന്ധിച്ച് കൃപാഭവൻ ചാപ്പലിൽ വെച്ച് ആഗസ്റ്റ് ഒന്നു മുതൽ നാലു വരെയുള്ള തീയതികളിൽ 75 മണിക്കൂർ ആരാധന നടത്തി. പ്ലാറ്റിനം ജൂബിലി സമാപന ആഘോ ഷങ്ങൾ 12 ശനിയാഴ്ച മണ്ണംപേട്ട വെച്ച് നടത്തി. സീറോ മലബാർ സഭ സഭയുടെ പരമാധ്യക്ഷൻ മേജർ ആർച്ച് ബിഷപ്പ് ജോർജ് ആലഞ്ചേരി പിതാവ് ദിവ്യബലിക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. 75 വാർഷികം പ്രമാണിച്ച് അനു സെബാസ്റ്റ്യൻ സി.എസ്.എം. രചന നിർവഹിച്ച ജൂബിലി ഗാനം ജൂബിലി സമ്മേളനത്തിൽ 75 സിസ്റ്റേഴ്സ് ഒരുമിച്ച് ആലപിച്ചു.

**സി.എസ്.സി.**

പാലക്കാട് രൂപതയിലെ കോട്ടപുറം, കൗണ്ട എന്നീ ഇടവകകളിൽ മരിയ പ്രവിശ്യയുടെ നേതൃത്വത്തിൽ ഹോം മിഷൻ നടത്തി. 2023 സെപ്റ്റബർ 02 ശനിയാഴ്ച്ച പോട്ട സെന്റ് ലിറ്റിൽ ഫ്ളവർ ഇടവക ദേവാലയത്തിൽ വച്ച് ഇരിങ്ങാലക്കുട രൂപതാ മെത്രാൻ മാർ പോളി കണ്ണൂക്കാടൻ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ മരിയ പ്രവശ്യയിലെ രണ്ട് അർത്ഥിനികൾ ആദ്യ വ്രതാർപ്പണവും സന്യാസ സഭാവസ്ത്ര സ്വീകരണവും നടത്തി.

# ആദരാഞ്ജലികൾ



സി.എം.സി. പാലുവായ് സെന്റ് ആന്റണീസ് മഠാംഗമായ സി. തെരേസ് ജൂലി 24.08.2023ന് ഈ ലോകത്തോട് യാത്ര പറഞ്ഞു. തൃശൂർ അതിരൂപത വികാരി ജനറാൾ മോൺ.ജോസ് വല്ലൂരാന്റെ മുഖ്യകാർമ്മികത്വത്തിൽ മൃതസംസ്കാരകർമങ്ങൾ നിർവഹിച്ചു.



25/07/2023 – സി.എച്ച്.എഫ് ദിവ്യോദയ പ്രോവിൻസിലെ ചിയ്യാരം ഹോളിഫാമിലി ഭവനാംഗമായ സി.ലില്ലി ചിറയത്ത് നിര്യാതയായി. തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ സംസ്ക്കാര ശുശ്രൂഷ നിർവഹിച്ചു.



മലബാർ മിഷനറി ബ്രദേഴ്സിന്റെ മുൻ സുപ്പീരിയർ ജനറൽ ബ്രദർ ഗബ്രിയേൽ പഴയാറ്റിൽ എം. എം. ബി. (97) നിര്യാതനായി2023 ആഗസ്റ്റ് 16 ബുധനാഴ്ച മൃതസംസ്കാരകർമ്മം ഉച്ചതിരിഞ്ഞ് 3.15ന് എം. എം. ബി. യുടെ മാതൃഭവനമായ മരിയാപുരം മിഷൻഹോമിൽ വച്ച് തൃശൂർ അതിരൂപതാദ്ധ്യക്ഷൻ മാർ ആൻഡ്രൂസ് താഴത്ത്, ഷംഷാബാദ് രൂപതാദ്ധ്യക്ഷൻ മാർ റാഫേൽ തട്ടിൽ എന്നീ പിതാക്കന്മാരുടെ കാർമ്മികത്വത്തിൽ നടത്തി.

**സി. സോഫി പെരേപ്പാടൻ**
**എസ്.എ.ബി.എസ്.**
പ്രസിഡണ്ട്

**സി. ലെത്തീസിയ എസ്. എം.സി.**
സെക്രട്ടറി

# വിശ്വാസ പരിശീലനം

## കുട്ടികൾക്കുള്ള കത്ത്

മിശിഹായിൽ സ്നേഹം നിറഞ്ഞ കുഞ്ഞുമക്കളെ ,

ജപമാല മാസം എന്നറിയപ്പെടുന്ന ഒക്ടോബർ മാസം കടന്നു വരികയാണ്. ഒക്ടോബർ 7–ാം തീയതി ആഘോഷിക്കുന്ന പരിശുദ്ധ ജപമാല റാണിയുടെ തിരുനാളാണ് ഈ മാസത്തെ ജപമാല ഭക്തി യുടെ അടിസ്ഥാനം. പരി. അമ്മയുടെ രൂപം നന്നായി അലങ്കരിച്ചും, തിരികൾ കത്തിച്ചും, പാട്ടുകൾ പാടിയും ആഘോഷമായി ജപമാല ചൊല്ലി പരി. അമ്മയോടുള്ള നമ്മുടെ സ്നേഹവും ബഹുമാനവും നമുക്ക് പ്രകടിപ്പിക്കാം. ഈശോ നമുക്ക് സമ്മാനമായി തന്ന പരി. കന്യകയുടെ സംരക്ഷണം തേടാനും നിയോഗങ്ങൾ സമർപ്പിക്കാനും നിങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം. അപേക്ഷിക്കുന്നവരെ ഉപേക്ഷിക്കാത്ത അമ്മ നിങ്ങളെയും നിങ്ങളുടെ കുടുംബങ്ങളെയും ഈശോയിലേയ്ക്ക് വഴിന ടത്തട്ടെ.

ഒക്ടോബർ മാസം മിഷൻ മാസമായിട്ടുകൂടിയാണ് നാം ആചരി ക്കുന്നത്. മാമ്മോദിസ സ്വീകരിച്ച ഓരോ ക്രിസ്ത്യാനിയും ക്രിസ്തു വിന്റെ സുവിശേഷം പ്രഘോഷിക്കാൻ കടപ്പെട്ടവരാണ്. യേശു തന്റെ ശിഷ്യരുടെ പ്രധാന ദൗത്യമായി പറഞ്ഞു: നിങ്ങൾ ലോകമെങ്ങും പോയി, എല്ലാ സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ (മാർക്കോ. 16:15; മത്താ. 28:19). മിഷൻ പ്രവർത്തനം നമ്മുടെയെല്ലാം കടമയയാണ്. മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥയായ ഒരു കുഞ്ഞു വിശുദ്ധയെ നിങ്ങൾക്ക് പരിചയപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. ഉണ്ണീശോയെ അത്യധികം സ്നേഹിച്ചിരുന്ന വിശുദ്ധ കൊച്ചുത്രേസ്യ പുണ്യവതി, മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥയാണെങ്കിലും ഒരിക്ക ൽപോലും മിഷൻ പ്രദേശങ്ങളിൽ ചുറ്റി സഞ്ചരിക്കുകയോ, വചനം പ്രസംഗിക്കുകയോ ചെയ്തിട്ടില്ല. വളരെ ചെറുപ്പത്തിൽതന്നെ ഒരു സന്യാ സിനിയാകാൻ ആഗ്രഹിച്ച അവൾ കർമ്മലീത്ത മഠത്തിൽ ചേർന്നു. 24 വയസ്സ് വരെ മാത്രം ഭൂമിയിൽ ജീവിച്ച ഈ വിശുദ്ധയ്ക്ക് ധാരാളം രോഗ

പീഡകളും വേദനകളും സഹിക്കേണ്ടിവന്നു. തന്റെ സഹനവും വേദന കളും അവൾ പ്രാർത്ഥനയാക്കി മാറ്റി. ചെറുപുഞ്ചിരിയോടെ എല്ലാവരെയും, പ്രത്യേകിച്ച് തന്നെ വേദനിപ്പിച്ചവരെയും അവൾ സ്വീക രിച്ചു, അവരെക്കുറിച്ച് നന്മ പറഞ്ഞു. ഒരു മിഷനറിയാകാൻ അതിയായി ആഗ്രഹിക്കുകയും, മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനുവേണ്ടി നിര ന്തരം പ്രാർത്ഥിക്കുകയും സഹിക്കുകയും ചെയ്തതിനാലാണ് ഈ കൊച്ചു വിശുദ്ധയെ മിഷൻ പ്രവർത്തനങ്ങളുടെ മധ്യസ്ഥയായി സഭ പ്രഖ്യാപിച്ചത്. നിങ്ങളുടെ പ്രായത്തിൽ മിഷൻ പ്രവർത്തനങ്ങളിൽ എപ്ര കാരമാണ് പങ്കെടുക്കേണ്ടതെന്നും ശക്തിപ്പെടുത്തേണ്ടതെന്നും കുഞ്ഞു മക്കളായ നിങ്ങൾക്ക് വി. കൊച്ചുത്രേസ്യയുടെ ജീവിതത്തിൽനിന്നും മനസ്സിലായിട്ടുണ്ടാകും. നിങ്ങൾക്ക് ലഭിക്കുന്ന ഓരോ അവസരങ്ങളും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി നിയോഗംവച്ച് പ്രാർത്ഥി ക്കണം. ഈ കൊച്ചു വിശുദ്ധ നിങ്ങൾക്ക് മാതൃകയായിരിക്കട്ടെ.

തൃശ്ശൂർ അതിരൂപതയുടെ കീഴിൽ വിശാഖപട്ടണം കേന്ദ്രമാക്കി ഒരു മിഷൻ കേന്ദ്രം പ്രവർത്തിക്കുന്നുണ്ടെന്ന് നിങ്ങൾക്ക് അറിയാമല്ലോ. വിശുദ്ധ എവുപ്രാസ്യമ്മയുടെ നാമം ലഭിച്ചിട്ടുള്ള ഈ മിഷൻ കേന്ദ്ര ത്തിനുകീഴിൽ നമ്മുടെ അതിരൂപതയിൽനിന്നും വൈദികരും സമർപ്പി തരും ആത്മായരും പ്രവർത്തിക്കുന്നുണ്ട്. അതിലുപരി നമ്മുടെയെല്ലാം സഹോദരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ സുവിശേഷവേ ലയ്ക്കായി ജീവിതം സമർപ്പിച്ചിട്ടുണ്ടെന്ന കാര്യവും നാം ഓർക്കണം. പ്രത്യേകമായി സുവിശേഷം തർജ്ജമചെയ്യപ്പെടാത്ത ഭാഷകളിലേയ്ക്ക് സുവിശേഷം എത്തിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ഫിയാത്ത് മിഷനെ യും അവരുടെ മറ്റ് മിഷൻ പ്രവർത്തനങ്ങളെയും നന്ദിയോടെ ഓർക്കുന്നു. സ്വന്തമായുള്ളതെല്ലാം ഉപേക്ഷിച്ചുപോലും അനുഭവിച്ചറിഞ്ഞ യേശുക്രിസ്തുവിനെ മറ്റുള്ളവർക്ക് പകർന്നു നൽകാൻ, പ്രത്യേകിച്ച് ഈശോയെ കുറിച്ച് അറിയാത്ത ജനതകളുടെ ഇടയിൽ സുവിശേഷം പ്രസംഗിക്കാൻ നമ്മുടെ മിഷനറിമാർ കാണി ക്കുന്ന ധൈര്യം പ്രശംസനീയമാണ്. ഇത്തരത്തിൽ ധീരമായി സേവനം ചെയ്യുന്ന നമ്മുടെ മിഷനറിമാരെ പ്രാർത്ഥന കൊണ്ടും സഹായങ്ങൾ കൊണ്ടും നാം ശക്തിപ്പെടുത്തണം.

ഒക്ടോബർ മാസം 2-ാം തീയ്യതി കാവൽ മാലാഖമാരുടെ തിരുനാൾ സഭയിൽ ആഘോഷിക്കുന്നു. ദൈവം തന്റെ മക്കളായ നമ്മുടെ സംരക്ഷണത്തിനായി നമുക്കോരോരുത്തർക്കും പ്രത്യേകം മാലാഖമാരെ നിയോഗിച്ചിട്ടുണ്ട്. ഈ കാവൽ മാലാഖമാർ നമ്മെ എപ്പോഴും അനുഗമിക്കുകയും, ദൈവത്തിന്റെ പദ്ധതികളെക്കുറിച്ച് നമ്മെ

അറിയിക്കുകയും, നേരായ മാർഗ്ഗത്തിൽ നമ്മെ നയിക്കുകയും, ആത്മീയ വും ഭൗതികവുമായ അപകടങ്ങളിൽ നിന്ന് നമ്മെ കാത്തുസംര ക്ഷിക്കുകയും ചെയ്യുന്നു. നമ്മുടെ ജനനം മുതൽ മരണംവരെ നമ്മെ അനുഗമിക്കുന്ന ഈ കാവൽ മാലാഖമാരെ നിങ്ങൾ ഓർക്കുകയോ, നന്ദി പറയുകയോ ചെയ്യാറുണ്ടോ? കാവൽ മാലാഖമാരോട് പ്രാർത്ഥിച്ചാണ് നാം ഓരോ ദിവസവും ഉണരേണ്ടത്. രാത്രി ഉറങ്ങുന്നതിനു മുൻപ് നമ്മെ കാത്തുസംരക്ഷിച്ച കാവൽ മാലാഖയ്ക്ക് നന്ദി പറഞ്ഞു കൊണ്ടാണ് നാം ഉറങ്ങാൻ പോകേണ്ടത്. ഞാൻ ഉറങ്ങാൻ പോകും മുൻപായ്... എന്ന ഗാനം നിങ്ങൾ മാതാപിതാക്കളോടൊ, കാറ്റകിസം ടീച്ചർമാരോടോ ചോദിച്ച് പഠിക്കുന്നത് നല്ലതാണ്. അങ്ങനെ കാവൽ മാലാഖയുടെ സംരക്ഷണത്തിൽ വിശുദ്ധ കൊച്ചുത്രേസ്യയുടെ മാധ്യസ്ഥത്തിൽ വിശുദ്ധരായ മക്കളായി വളരാൻ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

മിശിഹായിൽ നിങ്ങളുടെ വത്സല പിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# വിശ്വാസപരിശീലനകേന്ദ്രം

റൂഹാഗ്നി 2 ധ്യാനത്തിൽ പങ്കെടുത്തഎല്ലാ വിശ്വാസപരിശീലകർക്കും ഹൃദയത്തിന്റ ഭാഷയിൽ നന്ദി പറയുന്നു. ധ്യാനത്തിൽ നിന്നു ലഭിച്ച കൃപകളും വരങ്ങളും വളർത്തുകയും അവ വിദ്യാർത്ഥികൾക്കു പകർന്നു കൊടുത്ത് വിശ്വാസപരിശീലനത്തിൽ ഒരു പുതുതുടക്കത്തിനു കാരണമാവുകയും ചെയ്യട്ടെ. കുട്ടികൾ അർദ്ധവാർഷികപരീക്ഷക്കു നന്നായി ഒരുങ്ങുകയും പരീക്ഷയിൽ പങ്കെടുക്കുകയും ചെയ്യുക. പരി. മാതാവിനോടുള്ള ബന്ധം ദൈവാനുഭവത്തിനും വിശ്വാസവളർച്ചയ്ക്കും വളരെയേറെ ആവശ്യമാണ്. ഈ ജപമാലമാസത്തിൽ മരിയഭക്തിയിൽ വളർന്ന് ജപമാലകൾ ചൊല്ലി നമുക്ക് മരിയൻ പടയാളികളാകാം.

## I. Sunday Catechism

1. **ക്രിസ് ഫോം 1** – ഒക്ടോബർ 20–22, 27 –29
2. **പ്രിൻസിപ്പാൾ കോൺഫറൻസ് –** ഒക്ടോബർ 1 ഞായർ 2pm to 5 pm, DBCLC
3. **സാമൂഹിക പ്രതിബദ്ധതാദിനം–** ഒക്ടോബർ 2 തിങ്കൾ 11, 12, എസിസി ക്ലാസ്സുകാർക്ക്
4. **അർദ്ധവാർഷികപരീക്ഷകൾ**
   ഒക്ടോബർ 08 – Std. I, III, V, VII, IX, XI
   ഒക്ടോബർ 15 – Std. II, IV, VI, VIII, X, XII, ACC

**5. റൂഹാഗ്നി ധ്യാനം– III**

അധ്യാപകർക്കുള്ള അടുത്ത ബാച്ച് റൂഹാഗ്നി ധ്യാനം ഒക്ടോബർ 22, 23, 24 തിയതികളിൽ ഡി ബി സി എൽ സി യിൽ നടക്കുന്നു. വലിയ ഒരു വിഭാഗം അധ്യാപകർ ഇനിയും പങ്കെടുക്കാനുണ്ട്. രജിസ്ട്രേഷൻ സോഫ്റ്റ് വെയറിൽ നടത്തേണ്ടതാണ്. ഇനിയും രജിസ്ട്രേഷൻ നടത്താത്തവരുണ്ടെങ്കിൽ എത്രയും പെട്ടെന്ന് നടത്തുമല്ലോ.

തിയതി : ഒക്ടോബർ 22, 23, 24
സ്ഥലം: ഡി ബി സി എൽ സി
ഫീസ്: 400

**6. മാർക്ക് എൻട്രിയും ഹാജരും:**

അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകളും അർദ്ധവാർഷിക പരീക്ഷാതിയതി ഉൾപ്പെടെയുള്ള ഹാജരും പുനപരീക്ഷ എഴുതുന്നവരുടെ രജിസ്ട്രേഷനും സോഫ്റ്റ് വെയറിൽ ചെയ്യേണ്ട അവസാന തിയ്യതി നവംബർ 13 ആണ്. നവംബർ 13നു ശേഷം ഹാജർ രേഖപ്പെടുത്താൻ സാധിക്കുന്നതല്ല. എല്ലാ യൂണിറ്റുകളും ഇത് പ്രത്യേകം ശ്രദ്ധി

ക്കുകയും ഹാജരും മാർക്ക് എൻട്രിയും ചെയ്യേണ്ടതുമാണ്. ചെയ്യാത്തവർക്ക് വേറെ ഒരു അവസരം ഉണ്ടായിരിക്കുന്നതല്ല.

**7. വി.ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ നവംബർ 4:** വി.ചാൾസ് ബൊറോമിയായുടെ തിരുനാളിനോടനുബന്ധിച്ച് **നവംബർ 5** ന് ഇടവകതലത്തിൽ വിശ്വാസപരിശീലകദിനം വിപുലമായ പരിപാടികളോടെ ആഘോഷിക്കേണ്ടതാണ്.

**8.** SMCC: യൂണിറ്റുകളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്ക് നവംബർ 4, 5 തിയതികളിൽ DBCLC യിൽ വെച്ച് നടക്കുന്നു. ആദ്യദിനത്തിൽ തെരഞ്ഞെടുക്കപ്പെട്ടവർക്കായിരിക്കും രണ്ടാം ദിവസത്തെ ക്യാമ്പ്

**9.** STD. XII **ലെ വിദ്യാർത്ഥികളുടെ ബയോഡാറ്റയും ഫോട്ടോയും**

1. ഈ വർഷം STD. XII ൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ ബയോഡാറ്റ സോഫ്റ്റ് വെയറിൽ കൃത്യമാക്കുക. (അല്ലാത്തപക്ഷം തെറ്റായ വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വന്നുചേരും)
2. അവരുടെ ഫോട്ടോ സോഫ്റ്റ് വെയറിലേക്ക് അപ്‌ലോഡ് ചെയ്യുക. (വിദ്യാർത്ഥികളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ (150 x 200 pix) ആണ് അപ്‌ലോഡ് ചെയ്യേണ്ടത്.)

**10. സർവ്വീസ് അവാർഡ് ദിനം – ജനുവരി 26**

**a)സർവ്വീസ് അവാർഡ്**

സർവീസ് അവാർഡിന് അർഹരായവരെ തിരഞ്ഞെടുക്കുന്നത് സോഫ്റ്റ് വെയറിൽ ചേർത്തിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്. അതിനായി മറ്റു ഫോമുകളോ ലിസ്റ്റുകളോ നൽകേണ്ടതില്ല. സോഫ്റ്റ് വെയറിൽ അധ്യാപകരുടെ സർവ്വീസ് വിവരങ്ങൾ ഇനിയും പൂർണ്ണമായും ചേർക്കാത്ത യൂണിറ്റുകൾ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതാണ്. സർവീസ് അവാർഡിനുള്ള അർഹത ഉണ്ടായിരുന്നിട്ടും മുൻവർഷങ്ങളിൽ അവ ലഭിക്കാതിരുന്നവർ ഉണ്ടെങ്കിൽ കാരണ സഹിതമുള്ള അപേക്ഷ ബഹു. വികാരിയച്ചന്റെ ശിപാർശയോടുകൂടി വിശ്വാസ പരിശീലനകേന്ദ്രത്തിൽ ഡിസംബർ 6 നു മുമ്പ് ഏൽപിക്കേണ്ടതാണ്.

**b)മുടങ്ങാതെ വന്ന അധ്യാപകർക്കുള്ള അവാർഡ്:** 2022–2023 അധ്യയന വർഷം വരെ 10, 20, 30 വർഷങ്ങൾ മുടങ്ങാതെ വന്നിട്ടുള്ള അധ്യാപകരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശയോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഒക്ടോബർ 30 നുള്ളിൽ നൽകേണ്ടതാണ്.

**c)റിട്ടയേർഡ് അധ്യാപർക്കുള്ള ആദരം**

ഈ വർഷം വിശ്വാസപരിശീലനത്തിൽ നിന്നും 65 വയസ്സായി വിരമിച്ചവരുടെ പേരുവിവരങ്ങളും ഫോട്ടോയും വികാരിയച്ചന്റെ ശുപാർശ

യോടുകൂടി വിശ്വാസപരിശീലനകേന്ദ്രത്തിൽ ഒക്ടോബർ 30 നുള്ളിൽ നൽകേണ്ടതാണ്.

**11. Teachers Excellence Award**

സംസ്ഥാന, ദേശീയ, അന്തർദേശീയ തലത്തിൽ ഫസ്റ്റ്, സെക്കന്റ്, അവാർഡ് ലഭിച്ചിട്ടുള്ള വിശ്വാസപരിശീലകരെ സർവ്വീസ് അവാർഡ് ദിനത്തിൽ അനുമോദിക്കുന്നു. അതിനായി ലഭിച്ച സർട്ടിഫിക്കറ്റിന്റെ കോപ്പിയിൽ വികാരിയച്ചന്റെ റെക്കമെന്റേഷനോടു കൂടിയ അപേക്ഷ വിശ്വാസ പരിശീലന കേന്ദ്രത്തിൽ ഒക്ടോബർ 30 നുള്ളിൽ നൽകേണ്ടതാണ്.

**12. ആപ്റ്റിറ്റ്യൂഡ് പരീക്ഷ 2023**

യൂണിറ്റ് തലം – 2023 ഡിസംബർ 3, ഞായർ – 03.00 PM - 04.30 PM
പാഠ്യഭാഗം: "വിശ്വാസപരിശീലകരുടെ രൂപവത്ക്കരണം" ഈ പുസ്തകത്തിന്റെ ഒന്നു മുതൽ 8 വരെയുള്ള പാഠം
അതിരൂപതാതലം: 2023 ഡിസംബർ 31, ഞായർ– 02.30 PM - 04.30 PM, DBCLC
അധികപാഠ്യഭാഗം : വെളിപാട് 7,8,9 അധ്യായങ്ങൾ

**13. ആപ്റ്റിറ്റ്യൂഡ് പുന:പരീക്ഷ –** ഡിസംബർ 31, ഞായർ–3.00 PM - 4.30 PM

**14. റൂഹാഗ്നി II**

വിശ്വാസപരിശീലകർക്കായി പരിശുദ്ധാത്മവർഷത്തോടനുബന്ധിച്ച് നടത്തിയ റൂഹാഗ്നി ധ്യാനത്തിൽ അഞ്ഞൂറോളം അധ്യാപകർ പങ്കെടുത്തു. റവ. ഫാ. ജെറിൻ തുരുത്തേൽ സി.എം.ഐ. ആയിരുന്നു ധ്യാനഗുരു.

**15. യുവവിദ്യാർത്ഥികൾക്കായുള്ള ധ്യാനം:** 2023 ഡിസംബർ 28, 29, 30 തിയതികളിലായി ധ്യാനം സംഘടിപ്പിക്കുന്നു. 11, 12, എസിസി വിദ്യാർത്ഥികൾക്കും മറ്റ് യുവജനങ്ങൾക്കും പങ്കെടുക്കാം. രജിസ്ട്രേഷൻ ആരംഭിച്ചിരിക്കുന്നു.

**II. Daily Catechism**

Half Yearly Examination
Moral Science Std. XI, XII - Date: 6-09-2023 10 am to 12 noon

പ്രാർത്ഥനയോടെ,

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

**ഫാ. ലിജോ ചാലിശ്ശേരി**
**ഫാ. ജിക്സൺ മാളോക്കാരൻ**
**ഫാ. സിജോ മുരിങ്ങാത്തേരി**
അസി. ഡയറക്ടർമാർ

# INSTITUTE OF THEOLOGY
## TRICHUR DBCLC

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

**1. B.A. in Theology and Religious Studies (Three Years)**

ഈ സെമസ്റ്ററിലെ Introduction to Hinduism (Rev. Dr. Jibin Thazhekadan), Mark and Synoptic Problem (Rev. Dr. Freejo Parackal), Ecclesiology (Rev. Fr. Saijo Thaikkattil) എന്നീ ക്ലാസ്സുകൾ നടന്നു കൊണ്ടിരിക്കുന്നു.

**2. Certificate Course in Theology (One Year)**

സെപ്ററംബർ 03, 17 ന് സ്നേഹത്തിന്റെ സന്തോഷം (Rev. Dr. Twinkle Vazhappilly), രണ്ടാം വത്തിക്കാൻ കൗൺസിൽ (Rev. Dr. Paul Pulikkan) എന്ന വിഷയത്തിന്റെ ക്ലാസ്സ് നടന്നു.

**3. Course on Theology of Family (One and Half Years)**

സെപ്ററംബർ 03, 10, 17ന് കാലിക്കറ്റ് യൂണിവേഴ്സിറ്റി Comprehensive Oral Exam, Comprehensive Written Exam നടന്നു.

**4. Basic Bible Course (BBC)**

സെപ്ററംബർ മാസം ക്ലാസ്സ് നയിച്ചവർ Fr. Linson Thattil, Dr. Denny Chirayath, Fr. Dijo Olakkengil

**ഫാ. ലിജോ ചാലിശേരി**
ഡീൻ & റെജിസ്ട്രാർ

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# എക്സൽ അക്കാദമി

**1. K-TET Course**

അതിരൂപതാ ഡി.ബി.സി.എൽ.സി.യിലെ എക്സൽ അക്കാദമി ക്യാമ്പസിൽ അധ്യാപകർക്കുള്ള **K-TET** പരീക്ഷക്കുള്ള (1,2,3,4 കാറ്റഗറി) കോച്ചിങ്ങിന്റെ പതിനാറാമത്തെ ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു.

**2. സിവിൽ സർവ്വീസ് കോഴ്സ് (വീക്കെന്റ് ബാച്ച്)**

സിവിൽ സർവ്വീസ് വീക്കെന്റ് ബാച്ച് എക്സൽ അക്കാദമിയിൽ ആരംഭിച്ചു. എല്ലാ ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. പ്ലസ്ടു, ഡിഗ്രി, പി. ജി പഠിച്ചു കൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ ബാച്ചിൽ അഡ്മിഷൻ എടുക്കാവുന്നതാണ്.

**3. Excel Foundation Course**

എട്ടാം ക്ലാസ്സു മുതൽ, പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾക്കായി എക്സൽ അക്കാദമിയിൽ നടന്നു കൊണ്ടിരിക്കുന്ന സയൻസ്, സിവിൽ സർവ്വീസ് ഫൗണ്ടേഷൻ കോഴ്സിന്റെ പുതിയ ബാച്ച് ആരംഭിച്ചു. രണ്ടാം ശനിയാഴ്ചകളിലും പൊതു അവധിദിവസങ്ങളിലും വെക്കേഷനുകളിലും രാവിലെ 10 മണി മുതൽ 3.30 വരെ ക്ലാസ്സുകൾ ഉണ്ടായിരിക്കും. അഡ്മിഷൻ തുടരുന്നു.

**4. ന്യൂനപക്ഷ വകുപ്പ് PSC സൗജന്യ പരിശീലനം**

കേരളസർക്കാരിന്റെ ന്യൂനപക്ഷവകുപ്പിന്റെ PSC സൗജന്യ പരിശീലന കോഴ്സിന്റെ പുതിയ ബാച്ചിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു. ന്യുനപക്ഷവകുപ്പിന്റെ തൃശ്ശൂർ ജില്ലയിലെ ഏക സബ്സെന്ററായി പ്രവർത്തിക്കുന്ന എക്സൽ അക്കാദമിയിൽ, രണ്ടാംശനിയാഴ്ചകളിലും ഞായറാഴ്ചകളിലും PSC സൗജന്യ പരിശീലന ക്ലാസ്സുകൾ നടക്കുന്നു. രാവിലെ 10.30 മുതൽ 4 മണിവരെ. സർക്കാരിന്റെ തെരഞ്ഞെടുത്ത അധ്യാപകർ ക്ലാസ്സുകൾ നയിക്കുന്നു. ക്രിസ്ത്യൻ മതവിഭാഗത്തിലുള്ളവർക്ക് സർക്കാർ നൽകിയിട്ടുള്ള ഈ ആനുകൂല്യം സംരക്ഷിക്കേണ്ട ആവശ്യകത മനസ്സിലാക്കി സഹകരണം പ്രതീക്ഷിക്കുന്നു. അഡ്മിഷൻ തുടരുന്നു.

കൂടുതൽ വിവരങ്ങൾക്ക് – 9744941585 / 9847276657 / 7306952904

**മാണി കെ. പീറ്റർ**
അക്കാദമിക് ഹെഡ്

**ഫാ. ഫ്രാൻസിസ് ആളൂർ**
ഡയറക്ടർ

# മേരിമാത
# മേജർ സെമിനാരി

**അന്താരാഷ്ട്ര സിംബോസിയം**

Interface of Church and Politics Today in India: Theological and Pastoral Reflections എന്ന വിഷയത്തെ ആസ്പദമാക്കി ഓഗസ്റ്റ് 12 ന് മേരിമാത സെമിനാരിയിൽ അന്താരാഷ്ട്ര സിംബോസിയം സംഘ ടിപ്പിച്ചു. മേരിമാതാ സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. തൃശ്ശൂർ അതിരൂപ താ സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ ഉദ്ഘാടനം നിർവഹി ച്ചു. ബെൽജിയത്തെ ലുവെയ്ൻ യൂണിവേഴ്സിറ്റിയിലെ പ്രൊഫസർ ഡോ. പീറ്റർ ഡിമെ, റവ. ഡോ. ജോഷി മയ്യാറ്റിൽ, റവ.ഡോ. സിന്റോ പൊറത്തൂർ, റവ.ഡോ. തോമസ് ഓലിക്കരോട്ട്, പ്രൊഫ. കെ.എം. ഫ്രാൻസിസ്, പ്രൊഫ. മേരി റെജീന തുടങ്ങിയവർ വിവിധ വിഷയങ്ങ ളിലായി പ്രബന്ധങ്ങൾ അവതരിപ്പിച്ചു.

**സ്വാതന്ത്ര്യദിനം, സ്വർഗ്ഗാരോപണത്തിരുന്നാൾ**

സ്വർഗ്ഗാരോപണത്തിരുന്നാളിന്റെ വെസ്പരക്ക് കാർമ്മികത്വം വ ഹിച്ചത് ബഹു. മാത്യു പെരുമ്പള്ളി അച്ചനായിരുന്നു. ബഹു. റോബി കുന്താണിയച്ചൻ തദവസരത്തിൽ വചനസന്ദേശം നൽകി. സെമിനാരി യുടെ സിൽവർജൂബിലി ദിവസംകൂടി ആയിരുന്ന തിരുന്നാൾ ദിവസം രാവിലെ മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത മുഖ്യ കാർമ്മിക ത്വം വഹിച്ച വിശുദ്ധ കുർബാനയിൽ മെത്രാന്മാരായ മാർ ടോണി നീല ങ്കാവിൽ, മാർ റാഫേൽ തട്ടിൽ എന്നിവർ സഹകാർമികരായി. മാർ ടോണി നീലങ്കാവിൽ വചനസന്ദേശം നൽകി. വിശുദ്ധ കുർബാനക്കു ശേഷം മാർ ആൻഡ്രൂസ് താഴത്ത് മെത്രാപ്പോലീത്ത ദേശീയ പതാക ഉയർത്തി. മൂന്നാം വർഷ തത്വശാസ്ത്ര വിദ്യാർത്ഥി ബ്രദർ ക്ലിൻസ് പൂത്തോക്കാരൻ സ്വാതന്ത്ര്യദിനസന്ദേശം നൽകി.

**സിൽവർ ജൂബിലിയോടനുബന്ധിച്ചുള്ള പൂർവവിദ്യാർത്ഥി സംഗമം**

സിൽവർ ജൂബിലി ആഘോഷിക്കുന്ന മേരിമാതാ മേജർ സെമി നാരിയിലെ പൂർവ്വവിദ്യാർഥികളുടെ സംഗമം ഓഗസ്റ്റ് 18 ന് നടന്നു. വൈകീട്ട് 6മണി മുതൽ നടന്ന യോഗത്തിൽ അതിരൂപത ആർച്ച് ബിഷ പ്പ് മാർ ആൻഡ്രൂസ് താഴത്ത്, മുൻ റെക്ടറും അധ്യാപകനുമായ മാർ

ടോണി നീലങ്കാവിൽ, ആദ്യത്തെ റെക്ടറും അധ്യാപകനുമായ മാർ റാഫേൽ തട്ടിൽ എന്നിവരും സെമിനാരിയുടെ ആരംഭം മുതൽ ശുശ്രൂഷ ചെയ്തിരുന്ന ശ്രേഷ്ഠ വൈദികരും പങ്കെടുത്തു. രസകരമായ ഒത്തിരി ഓർമ്മകൾ എല്ലാവർക്കും പങ്കുവെക്കാൻ ഉണ്ടായിരുന്നു. തുടർന്ന് സെമിനാരി ചാപ്പലിൽ പ്രാർത്ഥനയും അതിനുശേഷം സ്നേഹവിരുന്നും ഉണ്ടായിരുന്നു. മാതൃഭവനത്തിന്റെ കുടുംബാന്തരീക്ഷത്തിൽ എല്ലാവരും തങ്ങളുടെ പഴയകാല ഓർമ്മകൾ ആസ്വദിച്ചു.

**രജതജൂബിലി സമാപനം**

'എന്റെ ഹൃദയത്തിനിണങ്ങിയ ഇടയന്മാരെ നിങ്ങൾക്ക് ഞാൻ നൽകും' എന്ന പ്രവാചക വചനത്തിന്റെ ആത്മാവ് ഉൾക്കൊണ്ടുകൊണ്ട് 1998 ഓഗസ്റ്റ് പതിനഞ്ചാം തീയതി പ്രവർത്തനമാരംഭിച്ച മേരിമാത സെമിനാരിയുടെ രജതജൂബിലി സമാപന ദിനമായ 2023 ഓഗസ്റ്റ് 19ാം തിയ്യതി നടന്ന ആഘോഷമായ വിശുദ്ധ കുർബാനക്ക് സീറോ മലബാർ സഭയുടെ തലവൻ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി മുഖ്യകാർമ്മികത്വം വഹിച്ചു. സെമിനാരിയുടെ പ്രഥമ റെക്ടറും ഷംഷാബാദ് രൂപതാ മെത്രാനുമായ ബിഷപ് മാർ റാഫേൽ തട്ടിൽ വചന സന്ദേശം നൽകി.

തുടർന്നുള്ള പൊതുയോഗത്തിൽ സെമിനാരി റെക്ടർ റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ എല്ലാവർക്കും സ്വാഗതം ആശംസിച്ചു. പൊതുയോഗം കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ഉദ്ഘാടനം ചെയ്തു. തൃശൂർ അതിരൂപതാ മെത്രാപ്പോലീത്തയും സെമിനാരി ചെയർമാനുമായ അഭിവന്ദ്യ ആൻഡ്രൂസ് താഴത്ത് പിതാവ് അധ്യക്ഷത വഹിച്ച് പ്രസംഗിച്ചു. തൃശ്ശൂർ അതിരൂപതയുടെ മുൻമെത്രാപ്പോലീത്തായും മേരിമാത മേജർ സെമിനാരിയുടെ സ്ഥാപകപിതാവുമായ അഭിവന്ദ്യ ജേക്കബ് തൂങ്കുഴി പിതാവ് സമ്മേളനത്തിൽ അനുഗ്രഹപ്രഭാഷണം നടത്തി. അഭിവന്ദ്യ ടോണി നീലങ്കാവിൽ പിതാവ് ജൂബിലിയോടനുബന്ധിച്ച് നടത്തപ്പെട്ട മത്സരങ്ങൾക്കുള്ള സമ്മാനദാനം നിർവഹിച്ചു. അഭിവന്ദ്യ റാഫേൽ തട്ടിൽ പിതാവ് രജതജൂബിലിയോടനുബന്ധിച്ച് മേരിമാത മേജർ സെമിനാരി ആരംഭിച്ച ജൂബിലി സ്കോളർഷിപ്പ് സ്വീകരിച്ചു.

അഭിവന്ദ്യ ബോസ്കോ പുത്തൂർ പിതാവ് വിശിഷ്ട വ്യക്തികളെ സമ്മേളനത്തിൽ വച്ച് ആദരിച്ചു. അഭിവന്ദ്യ സ്റ്റീഫൻ ചിറപ്പണത്ത് പിതാവ് ജൂബിലി സ്മരണിക പ്രകാശനം ചെയ്തു.

കേരളത്തിന്റെ റവന്യൂമന്ത്രിയും ശ്രീ കെ. രാജൻ ജൂബിലി ജീവകാരുണ്യഫണ്ട് വിതരണം ചെയ്യുകയും ആശംസകളർപ്പിക്കുകയും

ചെയ്തു. കൂടാതെ, പൗരസ്ത്യ കൽദായ സുറിയാനി സഭയുടെ മേലധ്യക്ഷനും ഇന്റർ ചർച്ച് കൗൺസിൽ സെക്രട്ടറിയുമായ അഭിവന്ദ്യ മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്താ, മേരിമാത സെമിനാരിയിലെ പൂർവ്വവിദ്യാർത്ഥികളുടെ പ്രതിനിധിയായ ബഹുമാന പ്പെട്ട ജിൽസൺ തയ്യിലച്ചൻ, ഉപകാരികളുടെ പ്രതിനിധിയായ ശ്രീ സ്റ്റീഫൻ മാറോക്കി ജോസഫ്, തൃശൂർ അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി പ്രൊഫസർ മേരി റെജീന എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു. സെമിനാരി ക്വയർ ആലപിച്ച സെമിനാരി ആന്തത്തോടുകൂടി പൊതുസമ്മേളനം സമംഗളം പര്യവസാനിച്ചു. തുടർന്ന് എല്ലാവരും സ്നേഹവിരുന്നിൽ പങ്കുചേർന്നു. അന്ന് വൈകീട്ട് 7 മണിക്ക് വള്ളുവ നാട് ബ്രഹ്മ അവതരിപ്പിച്ച 'രണ്ട് നക്ഷത്രങ്ങൾ' എന്ന നാടകത്തോടെ വെള്ളിനക്ഷത്രത്തിളക്കത്തിൽ ആയിരിക്കുന്ന മേരിമാതയുടെ ജൂബിലി ആഘോഷങ്ങൾ സമാപിച്ചു.

**മാസധ്യാനം**

ഓഗസ്റ്റ് മാസത്തെ മാസധ്യാനം 25, 26 തീയതികളിൽ നടന്നു. ബഹു. ഫ്രാൻസിസ് തലക്കോട്ടൂർ അച്ചൻ മാസധ്യാനത്തിന് നേതൃത്വം നൽകി. സഹനങ്ങളിലൂടെ ജീവിതം കടന്നുപോകുമ്പോഴും പ്രത്യാശയോടെദൈവസ്നേഹത്തിലേക്ക് ചേർന്ന് നില്ക്കാൻ പ്രചോദനം നല്കുന്ന ധ്യാനചിന്തകളാണ് ഫ്രാൻസിസച്ചൻ പങ്കുവച്ചത്.

**വിശുദ്ധ എവുപ്രാസ്യമ്മയുടെ തിരുന്നാൾ**

ഒല്ലൂർ വിശുദ്ധ എവുപ്രാസ്യമ്മയുടെ തീർത്ഥാടനകേന്ദ്രത്തിൽ തിരുന്നാളിനോട് അനുബന്ധിച്ച് വൈദികവിദ്യാർത്ഥികൾ സന്ദർശനം നടത്തി. തിരുന്നാൾ ദിവസം ഓഗസ്റ്റ് 29 നു ഫാ.മാത്യു പെരുമ്പള്ളി ദിവ്യബലി അർപ്പിച്ചു.

**ഓണാഘോഷം**

തിരുവോണനാളിൽ, വിശുദ്ധ കുർബാനക്ക് ശേഷം ഓണാഘോഷ പരിപാടികൾക്ക് തുടക്കമായി. മൂന്നാം വർഷ ദൈവശാസ്ത്ര വിദ്യാർത്ഥികൾ ഓണാഘോഷപരിപാടികൾക്ക് നേതൃത്വം നൽകി. റെക്ടർ ഫാ. സെബാസ്റ്റ്യൻ ചാലയ്ക്കൽ ആശംസകൾ നേർന്നുകൊണ്ട് സംസാരിച്ചു. മാവേലിയുടെ വരവും വടംവലി മൽസരവും മറ്റ് വിവിധ മൽസരങ്ങളും ഓണാഘോഷത്തിന്. മൽസരങ്ങൾക്കുശേഷം സെമിനാരി കുടുംബം ഒന്നുചേർന്ന് ഓണസദ്യ ആസ്വദിച്ചു.

**ഡീക്കന്മാർ വീണ്ടും മേരിമാതയിലേക്ക്**

പൗരോഹിത്യത്തിനൊരുക്കമായുള്ള അഞ്ചുമാസത്തെ പ്രായോഗിക പരിശീലനത്തിനുശേഷം വിവിധ ഇടവകകളിൽ നിന്ന് ഡീക്കന്മാരെ

വികാരിയച്ചന്മാരും കൈക്കാരൻമാരും പ്രതിനിധികളും ചേർന്ന് ഓഗസ്റ്റ് 31 ന് സെമിനാരിയിൽ തിരികെ കൊണ്ടുവന്നാക്കി. പൗരോഹിത്യ ത്തിനൊരുക്കമായുള്ള ഈ പരിശീലനം ഉപകാരപ്രദവും ഫലദായക വും ആയിരുന്നെന്ന് ഡീക്കന്മാർ അഭിപ്രായപ്പെട്ടു. സെമിനാരിയിലെ അ വസാന പരീക്ഷകൾക്കായും മിഷൻ അനുഭവങ്ങൾക്കായും ഒരുങ്ങുന്ന എല്ലാ ഡീക്കന്മാർക്കും സെമിനാരിയുടെ പ്രാർത്ഥനാശംസകൾ.

**Semester Exams**

2023–2024 അധ്യയനവർഷത്തെ ജൂൺ–സെപ്റ്റംബർ സെമസ്റ്റർ പരീക്ഷകൾ സെപ്റ്റംബർ 2 മുതൽ 15 വരെ നടന്നു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Individual Patron Membership**

ശ്രീ. ഫ്രാൻസിസ് & ഫിലോമിന ഫ്രാൻസിസ്, ഇമ്മട്ടി ഹൗസ്, കൊട്ടേക്കാട്.

**Individual Benefactor Membership**

ശ്രീമതി സി. എൽ. മേരി ടീച്ചർ, ചിരിയങ്കണ്ടത്ത് ഹൗസ്, പൂവ ന്നൂർ.

**ഫാദർ സെബാസ്ററ്യൻ ചാലയ്ക്കൽ**
റെക്ടർ

# സെന്റ് മേരീസ് മൈനർ സെമിനാരി

**പുതിയ സെമസ്റ്റർ**

ഈ അദ്ധ്യയനവർഷത്തിലെ രണ്ടാമത്തെ സെമസ്റ്റർ ഓണക്കാല അവധിക്കുശേഷം സെപ്തംബർ നാലാം തിയ്യതി സമാരംഭിച്ചു.

**വാർഷിക ധ്യാനം**

ഈ വർഷത്തെ വാർഷിക ധ്യാനം കുറുമാലിലെ ഗാഗുൽത്താ ധ്യാനകേന്ദ്രത്തിൽവെച്ച് സെപ്തംബർ 10 മുതൽ 15 വരെ നടന്നു. ബഹു. ബെന്നി പീറ്റർ വെട്ടിക്കാനിക്കുടി അച്ചൻ ധ്യാനത്തിന് നേതൃത്വം കൊടു ത്തു. തൃശൂർ മെത്രാപ്പോലീത്തൻ പ്രൊവിൻസിലെ എല്ലാ മൈനർ

സെമിനാരിക്കാരുൾപ്പെടെ 200 ഓളം മൈനർ സെമിനാരിക്കാർ ധ്യാനത്തിൽ സംബന്ധിച്ചു. സെപ്തംബർ 13–ാം തിയ്യതി അഭിവന്ദ്യ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ധ്യാനകേന്ദ്രം സന്ദർശിച്ച് വിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

**ഡിഗ്രി സെമിനാരി വിദ്യാർത്ഥികൾ**

അവസാന വർഷ ഡിഗ്രി പഠനം നടത്തുന്ന വൈദിക വിദ്യാർത്ഥികൾ മൈനർ സെമിനാരിയിൽ താമസിച്ചുള്ള ഒരു മാസ ആനിമേഷൻ പ്രോഗ്രാം ജൂലൈ 25 മുതൽ ആഗസ്റ്റ് 26 വരെ നടത്തപ്പെട്ടു. വാരാന്ത്യങ്ങളിലെ പ്രത്യേക പരിശീലന ക്ലാസുകൾക്ക് ഫാ. വിൻസെന്റ് കുണ്ടുകുളം, ഫാ. സാജൻ പിണ്ടിയാൻ, ഫാ. ആന്റണി കുരുതുകുളങ്ങര, ഫാ. അലക്സ് മരോട്ടിക്കൽ, ഫാ. ലിജോ ചാലിശ്ശേരി, ഫാ. പ്രിൻസ് ചിരിയങ്കണ്ടത്ത് എന്നിവർ നേതൃത്വം നൽകി. ഡിഗ്രി വൈദിക വിദ്യാർത്ഥികളുടെ ആനിമേറ്റർ ബഹു. ഡെന്നി ചിറയത്ത് അച്ചൻ ആനിമേഷൻ പ്രോഗ്രാമിന്റെ എല്ലാ കാര്യങ്ങളും ക്രമീകരിച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

1. ശ്രീ ജോയി കെ.ഡി., കുരുതുകുളങ്ങര ഹൗസ്, തൃപ്രയാർ
2. ശ്രീമതി ലിൻസി സൈമൺ & സൈമൺ, തെക്കൂടൻ ഹൗസ്, കുരിയച്ചിറ
3. ശ്രീമതി ജോളി ജോസഫ് & ശ്രീ. എ.വി. ജോസഫ്, ആലപ്പാട്ട് ഹൗസ്, ആമ്പക്കാട്

ഈശോയുടെ പാത പിൻതുടർന്ന് ഇടയധർമ്മം ഏറ്റെടുക്കാൻ ആഗ്രഹിച്ച് വൈദിക പരിശീലനം നടത്തുന്ന വൈദിക വിദ്യാർത്ഥികളെ ഔദാര്യപൂർവ്വം സഹായിക്കുന്ന എല്ലാവരെയും ഈശോ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**ഫാ. ഫ്രാൻസിസ് വാഴപ്പിള്ളി (Jr.)**
റെക്ടർ

# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

**സ്വാതന്ത്ര്യദിനാഘോഷം ജൂബിലിയിൽ**

ഇന്ത്യയുടെ 77–ാമത് സ്വാതന്ത്ര്യദിനാഘോഷത്തോടനുബന്ധിച്ചു ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ബ്ലോക്കിന് മുന്നിൽ ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ പതാക ഉയർത്തി ആദരവ് പ്രകടിപ്പിച്ചു.

**ഫോക്കസ്**

ഗൈനക്കോളജി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷം തോറും ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ സംഘടിപ്പിക്കുന്ന ശിൽപശാല ഫോക്കസ് 2023 നടന്നു. 2006 ആഗസ്റ്റ് മുതൽ തുടങ്ങിയ ഈ പരിപാടി അതിന്റെ 18–ാം വർഷത്തിലെത്തി നിൽക്കുമ്പോൾ ഇന്ത്യയിലെ തന്നെ സമാനപരിപാടികളുടെ ഒന്നാം നിരയിലെത്തിക്കഴിഞ്ഞിരിക്കുന്നു.

**ജൂബിലി മിഷൻ നേഴ്സിങ്ങ് കോളേജിനു പുരസ്കാരം**

സംസ്ഥാനതല ഫ്രീഡം ഫെസ്റ്റ് ഐഡിയത്തോണിൽ ഏറ്റവും കൂടുതൽ മികച്ച ആശയങ്ങൾ സമർപ്പിച്ച കലാലയങ്ങൾക്കുള്ള പുരസ്കാരങ്ങളിൽ മൂന്നാം സ്ഥാനം ജൂബിലി മിഷൻ കോളേജ് ഓഫ് നേഴ്സിംഗ് തൃശ്ശൂർ കരസ്ഥമാക്കി.

**ഓണനിലാവ് 2023**

ഈ വർഷത്തെ ഓണാഘോഷം ഉത്രാടനാളിൽ ജൂബിലി അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിലെ മദർ തെരേസ ഹാളിൽ വച്ച് നടത്തി. തൃശ്ശൂർ ഡി. ഐ. ജി. ശ്രീമതി അജിതാ ബീഗം ഐ. പി. എസ്. മുഖ്യാതിഥിയായ ചടങ്ങിൽ സംബന്ധിച്ചു

**ദേശീയ അലുമിനി ശില്പശാല**

ആതുര ശുശ്രൂഷാരംഗത്ത് രോഗീസുരക്ഷ ഉറപ്പുവരുത്തുന്നതിന് നഴ്സിങ്ങ് വിദ്യാർത്ഥികളും നഴ്സുമാരും പാലിക്കേണ്ട നൂതന മാർഗ്ഗനിർദ്ദേശങ്ങളെക്കുറിച്ച് അറിവും സാങ്കേതിക ജ്ഞാനവും വളർത്തുന്നതിനായി തൃശ്ശൂർ ജൂബിലി മിഷൻ നഴ്സിംഗ് കോളേജിൽ അലുമിനി അസോസിയേഷന്റെ നേതൃത്വത്തിൽ ഏകദിന ദേശീയ ശില്പശാല ന

ടത്തി. ജൂബിലി മിഷൻ മെഡിക്കൽ കോളേജ് ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

**നേഴ്സ് ലീഡ് ക്ലിനിക്ക് ആരംഭിച്ചു**

ജൂബിലി മിഷൻ നേഴ്സിംങ് കോളേജിലെ എൻ. എസ്. എസ്. യൂണിറ്റും കമ്മ്യൂണിറ്റി ഹെൽത്ത് ഡിപ്പാർട്ടുമെന്റും കാച്ചേരി മഡോണ നഗർ സെന്റ് മേരീസ് പള്ളിയിലെ വിൻസെന്റ് ഡി പോൾ സംഘടനയും സംയുക്തമായി തുടങ്ങിയ നേഴ്സ് ലീഡ് ക്ലിനിക് പള്ളി ഹാളിൽ വച്ച് വികാരി ഫാ. ഫിജോ ആലപ്പാടൻ ഉദ്ഘാടനം ചെയ്തു.

**നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം**

മെഡിക്കൽ വിദ്യാഭ്യാസരംഗത്ത് 20 വർഷത്തിലേറെയായി സ്തുത്യർഹമായി പ്രവർത്തിക്കുന്ന ജൂബിലി മിഷൻ ആശുപത്രിയ്ക്ക് നാഷണൽ മെഡിക്കൽ കൗൺസിലിന്റെ അംഗീകാരം പുന:സ്ഥാപിക്കപ്പെട്ടു. കഴിഞ്ഞ ഫെബ്രുവരിയിൽ നടന്ന വിലയിരുത്തലിൽ വന്ന ആശയകുഴപ്പത്തെതുടർന്ന് നടന്ന വിശദീകരണ കത്തിടപാടുകളാണ് അംഗീകാരം പുന:സ്ഥാപിക്കാനുള്ള തീരുമാനത്തിൽ നാഷണൽ മെഡിക്കൽ കൗൺസിലിനെ എത്തിച്ചത്. ആരോഗ്യരംഗത്ത് പതിറ്റാണ്ടുകളുടെ സേവനപാരമ്പര്യവും സാധാരണക്കാരായ രോഗികളുടെ ആശ്രയകേന്ദ്രവും ആരംഭകാലം മുതൽ മികച്ച വിജയവും കൈവരിച്ചുപോന്നിരുന്ന ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ പ്രഗത്ഭരായ ഡോക്ടർമാരുടെ സേവനവും വിദ്യാർത്ഥികൾക്ക് മികച്ച ക്ലിനിക്കൽ പരിശീലനവും തുടർന്നും ഉറപ്പ് വരുത്തും എന്ന് ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുര്യൻ അറിയിച്ചു.

**ദേശീയ നേത്രദാന പക്ഷാചരണം**

നേത്രദാന ബോധവൽക്കരണത്തിന്റെ ഭാഗമായി തൃശ്ശൂർ ലയൺസ് ക്ലബിന്റേയും ജൂബിലി മിഷൻ ആശുപത്രിയുടേയും ആഭിമുഖ്യത്തിൽ ദേശീയ നേത്രദാന പക്ഷാചരണം നടന്നു. ആശുപത്രി ഡയറക്ടർ ഫാ. റെന്നി മുണ്ടൻകുരിയൻ ഉദ്ഘാടനം ചെയ്ത ചടങ്ങിൽ ലയൺസ് ക്ലബ് പ്രസിഡന്റ് ശ്രീ. വിനു കുറ്റിച്ചാക്കു അദ്ധ്യക്ഷത വഹിച്ചു. തൃശ്ശൂർ ലയൺസ് വൈസ് ഡിസ്ട്രിക്ട് ഗവർണർ ശ്രീ ജെയിംസ് വളപ്പില മുഖ്യപ്രഭാഷണം നടത്തി. ആശുപത്രി സി.ഇ.ഒ. ഡോ. ബെന്നി ജോസഫ് നീലങ്കാവിൽ നേത്രദാനപ്രതിജ്ഞ ചൊല്ലികൊടുത്തു.

**ആത്മഹത്യ പ്രതിരോധദിനം**

ആത്മഹത്യപ്രതിരോധദിനത്തിൽ ജൂബിലി മിഷൻ ആശുപത്രിയിൽ ബോധവത്ക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു. 'പ്രത്യാശ പ്രവൃത്തിയിലൂടെ' എന്ന മുദ്രാവാക്യം ആസ്പദമാക്കി സൈക്യാട്രി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ മേനോൻ ഗിരീഷ് ക്ലാസ്സ് നയിച്ചു.

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- സീനിയർ സി.എൽ.സി., തൃശ്ശൂർ അതിരൂപത
- മാഗി പോൾ, കുട്ടനെല്ലൂർ
- ലെസ്‌ലി പോൾ, അറങ്ങാശ്ശേരി ഹൗസ്, അഞ്ചേരിച്ചിറ, തൃശ്ശൂർ
- സിമ്മി തോമസ്, പുല്ലേലിൽ ഹൗസ്, പട്ടിക്കാട്, തൃശ്ശൂർ
- ഓഫറിങ്ങ്സ് ജൂബിലി മിഷൻ മെഡിക്കൽ കോളേജ്, തൃശ്ശൂർ
- സെന്റ് ജോർജ്ജ് ചർച്ച്, വെളുത്തൂർ, തൃശ്ശൂർ
- മൊണാർക്ക് കുറീസ്, തൃശ്ശൂർ
- സെന്റ് ആന്റണീസ് ചർച്ച്, മാതൃവേദി, പൊന്നാനി
- സേക്രട്ട് ഹാർട്ട് ലാറ്റിൻ ചർച്ച്, തൃശ്ശൂർ
- ലൂർദ്ദ്നാഥ കോൺവെന്റ്, തൃശ്ശൂർ
- കൃപാഭവൻ ജനറലേറ്റ്, മണ്ണംപേട്ട, തൃശ്ശൂർ

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- മേരി ജോൺ, ആലപ്പാടൻ ഹൗസ്, നെല്ലങ്കര, തൃശ്ശൂർ
- നൈന എ. ജെ, കോനിക്കര ഹൗസ്, കുരിയിച്ചിറ, തൃശ്ശൂർ
- ആതിര രാജേഷ്, എം.സി.സി.യു. ജൂബിലി മിഷൻ ആശുപത്രി, തൃശ്ശൂർ

**ഫാ. റെന്നി മുണ്ടൻകുര്യൻ**
ഡയറക്ടർ

# ജ്യോതി എഞ്ചിനിയറിംഗ് കോളേജ്

**1. ഏകദിന ശിൽപ്പശാല**

ഭാരത സർക്കാർ ഉന്നത ഭാരത് അഭിയാൻ പദ്ധതിയുടെ കീഴിൽ ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ സിവിൽ ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ഗാർഹിക മലിനീകരണവും നിയന്ത്രണമാർഗ്ഗങ്ങളും എന്ന വിഷയത്തിൽ ഏകദിന ശിൽപ്പശാല നടത്തി.

**2. ഓണാഘോഷം**

ഓഗസ്റ്റ് 25, 26 തിയ്യതികളിലായി കോളേജിലെ ഓണാഘോഷ ങ്ങൾ നടത്തപ്പെട്ടു. 25 നു ഓണാഘോഷങ്ങളുടെ ഉദ്ഘാടനവും വടംവ

ലി, ഉറിയടി എന്നീ മത്സരങ്ങളും നടത്തപ്പെട്ടു. 26 നു ശനിയാഴ്ച പൂക്കള മത്സരവും വാദ്യാഘോഷങ്ങളോടെയുള്ള മറ്റു ഓണപരിപാടികളും നടത്തുകയുണ്ടായി.

**3. 22nd Induction Ceremony**

2023 സെപ്റ്റംബർ 4 നു 2023– 2027 B.Tech വിദ്യാർത്ഥികളുടെ ഇൻഡക്ഷൻ സെറിമണി നടത്തി. 10.30 നു ആരംഭിച്ച പരിപാടിയിൽ തൃശൂർ അതിരൂപത മെത്രോപ്പൊലീത്ത മാർ ആൻഡ്രൂസ് താഴത്ത് ആയിരുന്നു മുഖ്യാതിഥി.

**4. Teachers Day**

സെപ്റ്റംബർ 5 നു കമ്പ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ അധ്യാപകദിനം ആഘോഷിച്ചു.

**5. First year class**

B. Tech ഒന്നാം വർഷക്കാർക്കുള്ള ക്ലാസ്സുകൾ സെപ്റ്റംബർ 5 ന് ആരംഭിച്ചു.

**6. Jyothi Engineering College Student Placement Cell (JEC SPC)**

കോളേജിലെ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സ്റ്റുഡന്റ് പ്ലേസ്മെന്റ് സെൽ രൂപീകരിച്ചു. സെപ്റ്റംബർ 8 ന് ഉദ്ഘാടനവും അംഗങ്ങൾക്കുള്ള ഇൻഡക്ഷൻ സെറിമണിയും നടത്തുകയുണ്ടായി. കോളേജ് ഓഫ് എഞ്ചിനീയറിംഗ് ചെങ്ങന്നൂർ, ഇലക്ട്രിക്കൽ വിഭാഗത്തിലെ അസ്സോസിയേറ്റ് പ്രൊഫസ്സർ Dr. M V Rajesh ആയിരുന്നു മുഖ്യാതിഥി.

**7. German Language Programme**

കോളേജിലെ വിദ്യാർത്ഥികൾക്കായുള്ള ജർമൻ ലാംഗ്വേജ് ട്രെയിനിംഗ് പ്രോഗ്രാം സെപ്റ്റംബർ 7 ന് റവ. ഫാ. ജോയ് പുത്തൂരിന്റെ നേതൃത്വത്തിൽ ആരംഭിച്ചു.

**ഫാ. തോമസ് കാക്കശ്ശേരി**
എക്സിക്യൂട്ടീവ് മാനേജർ

# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**മുള്ളൂർക്കര**

**ടീച്ചിംഗ് പ്രാക്ടീസ്**

2022-24 ബി.എഡ് ബാച്ചിന്റെ ടീച്ചിംഗ് പ്രാക്ടീസ് വിവിധ സ്കൂളുകളിലായി സെപ്റ്റംബർ 4 മുതൽ ആരംഭിച്ചു.

**അധ്യാപക ദിനം ആചരിച്ചു**

സെപ്റ്റംബർ 5ന് കോളേജിൽ അധ്യാപകദിനം ആചരിച്ചു. കോളേജ് പ്രിൻസിപ്പൽ റവ.ഡോ. ചാക്കോ ചിറമ്മൽ അധ്യാപകദിന സന്ദേശം പകർന്നു നൽകി. തുടർന്ന് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ വിവിധ കലാപരിപാടികൾ അരങ്ങേറി.

**സ്നേഹാദരം പരിപാടി**

അധ്യാപക ദിനത്തോടനുബന്ധിച്ച് ചേലക്കര പോളിടെക്നിക്കിൽ നടന്ന നാടിന്റെ സ്നേഹാദരം പരിപാടിയിൽ ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ മുള്ളൂർക്കര മഹാജൂബിലി കലാലയത്തിലെ വിദ്യാർത്ഥികളുമായി എങ്ങനെ നാളെയുടെ നല്ല അധ്യാപകരാകാം എന്ന വിഷയത്തിൽ സംവദിച്ചു.

**കിളികൾക്കൊരു കരുതൽ**

സെപ്റ്റംബർ 7 ബുധനാഴ്ച ഇക്കോ ക്ലബിന്റെ ആഭിമുഖ്യത്തിൽ കിളികരുതൽ പദ്ധതി സംഘടിപ്പിച്ചു. പ്രിൻസിപ്പൽ റവ.ഡോ. ചാക്കോ ചിറമ്മൽ വിവിധയിടങ്ങളിൽ സ്ഥാപിച്ചിട്ടുള്ള കുടങ്ങളിൽ വെള്ളം നിറച്ച് ഉദ്ഘാടനം നിർവ്വഹിച്ചു.

**ആർട്ട് ആണ്ട് ഡ്രാമ വർക്ക് ഷോപ്പ്**

ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികൾക്കായി ആർട്ട് ആണ്ട് ഡ്രാമ വർക്ക് ഷോപ്പ് സെപ്റ്റംബർ 12, 13 തിയ്യതികളിൽ സംഘടിപ്പിച്ചു.

**സെമിനാർ സംഘടിപ്പിച്ചു**

സെപ്റ്റംബർ 14 വ്യാഴാഴ്ച വിദ്യാർത്ഥികളുടെ കമ്മ്യൂണിക്കേഷൻ സ്കിൽ ഡെവലപ്മെന്റ് ഭാഗമായി ENGELESTA എന്ന പേരിൽ സെമിനാർ സംഘടിപ്പിച്ചു. OVERSEAS ACADEMY ഡയറക്ടർ മിസ്റ്റർ രാജേഷ് മോഹൻ ക്ലാസുകൾക്ക് നേതൃത്വം നൽകി.

**കോളേജ് യൂണിയൻ തിരഞ്ഞെടുപ്പ്**

സെപ്റ്റംബർ 15ന് 2023-25 വർഷത്തെ കോളേജ് യൂണിയൻ

തിരഞ്ഞെടുപ്പ് നടന്നു.

**കോളേജ് യൂണിയൻ ഉദ്ഘാടനം**

മഹാജൂഹിലി ടെയിനിംങ്ങ് കോളേജ് മോൺ.റവ.ഫാ.ജോസ് കോനിക്കര 2023-25 വർഷത്തെ കോളേജ് യൂണിയന്റെയും, വിവിധ ക്ലബ്ബുകളുടേയും ഉദ്ഘാടനം നിർവ്വഹിച്ചു. തുടർന്ന് പുതിയ കോളേജ് യൂണിയൻ ഭാരവാഹികളുടെ സ്ഥാനാരോഹണ ചടങ്ങും കലാപരിപാടികളും സംഘടിപ്പിച്ചു.

**സിനർജി സീരീസ്**

സെപ്റ്റംബർ 25 തിങ്കളാഴ്ച റീഷെയ്പിംഗ് ബിഹേവിയേഴ്സ് ദി ന്യൂറോ പ്ലാസ്റ്റിസിറ്റി വേ എന്ന വിഷയത്തെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിച്ചു. ഡോ. ബിനോജ് വി.സി വിഷയത്തെ കേന്ദ്രീകരിച്ച് പ്രബന്ധം അവതരിപ്പിച്ചു.

| | |
|---|---|
| **ഫാ. ചാക്കോ ചിറമ്മൽ** | **ഫാ. ഷിജു ചിറ്റിലപ്പിള്ളി** |
| കോളേജ് പ്രിൻസിപ്പൽ | അസി.മാനേജർ |

# സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**1. ഓണാഘോഷം സെന്റ് തോമസിൽ**

തൃശൂർ സെന്റ് തോമസ് കോളേജിൽ ഈ വർഷത്തെ ഓണാഘോഷം വിവിധ പരിപാടികളോടെ നടത്തപ്പെട്ടു. വടംവലി, പൂക്കളമത്സരം, മലയാളിമങ്ക, മലയാളിമാമൻ, ഉറിയടി, സ്പൂൺറൈസ് മുതലായ മത്സരങ്ങൾ സംഘടിപ്പിച്ചു. 'ആരവം 2023' ശീർഷകത്തിൽ സംഘടിപ്പിച്ച ആഘോഷങ്ങൾക്ക് സമാപനമായി ശിങ്കാരിമേളവും ഉണ്ടായിരുന്നു.

**2. നേട്ടം**

ശ്രീലകം ലൈഫ് ലോങ് ലേണിങ് സോഷ്യൽ ഐഡിയത്തോണിൽ സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റിലെ ഡോ. റാണി സെബാസ്റ്റ്യൻ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ഒരു ലക്ഷം രൂപയാണ് ഒന്നാം സ്ഥാനക്കാർക്ക് സീഡ്മണിയായി ലഭിച്ചത്.

**3. പ്രബന്ധ മത്സരം**

റിഡേർസ് ആന്റ് റൈറ്റേഴ്സ് ക്ലബും, സി.എ.ജി ഓഫ് ഇന്ത്യ

യുടേയും സംയുക്ത ആഭിമുഖ്യത്തിൽ ഓൺലൈൻ പ്രബന്ധ മത്സരം നടത്തി വിജയികൾക്ക് സമ്മാനങ്ങൾ നൽകി.

**4. നെറ്റ് – ജെ.ആർ.എഫ് പരിശീലനം**

കോളേജിലെ എല്ലാ ഡിപ്പാർട്ട്മെന്റിലെയും ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്കായി നെറ്റ് – ജെ.ആർ.എഫ് പരിശീലനം ആരംഭിച്ചു.

**5. ഗവേഷണ ബിരുദം നേടി**

ഇംഗ്ലീഷ് ഡിപ്പാർട്ട്മെന്റിന്റെ ഗവേഷണ വിദ്യാർത്ഥിയായ അനു ആന്റണി, ഡോ. വിജു എം.ജെ യുടെ മേൽനോട്ടത്തിൽ ഗവേഷണ ബിരുദം നേടി. കണ്ണൂർ ഗവ. പയ്യന്നൂർ കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. സന്തോഷ് വി.എം ഓപ്പൻ ഡിഫൻസ് ചെയർമാനായിരുന്നു.

** കെമിസ്ട്രി ഡിപ്പാർട്ട്മെന്റിലെ ഗവേഷണ വിദ്യാർത്ഥിയായ മിസ്. മെംസി സി.കെ, ഡോ. ജെൻസി തോമസിന്റെ ഗവേഷണ മേൽനോട്ടത്തിൽ പി.എച്ച്.ഡി ബിരുദം നേടി. കൊച്ചി കുസാറ്റ് അദ്ധ്യാപിക ഡോ. സുജ ഹരിദാസ് ഓപ്പൺ ഡിഫൻസ് ചെയർപേഴ്സൻ ആയിരുന്നു.

**6. സാമൂഹ്യസേവനം**

മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഓണത്തോടനുബന്ധിച്ച് ‘സസ്നേഹം 23’ എന്ന തലകെട്ടോടുകൂടി മുളയം ഡാമിയൻ ഇൻസ്റ്റിറ്റ്യൂട്ട് അന്തേവാസികൾക്കായി സ്നേഹവിരുന്ന് സംഘടിപ്പിച്ചു.

**7. ബി.എസ്.എൻ.എൽ മേള**

വിദ്യാർത്ഥികൾക്കായ് ബി.എസ്.എൻ.എൽ ന്റെ ആഭിമുഖ്യത്തിൽ 4ജി സിം വിതരണം ചെയ്യുന്നതിനു വേണ്ടി മേള സംഘടിപ്പിച്ചു.

**8. സെമിനാർ**

സെന്റ് തോമസ് കോളേജിലെ ക്രിമിനോളജി ആന്റ് പോലീസ് സയൻസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ മിലിറ്ററി യൂണീഫോം സർവീസിന്റെ പ്രാധാന്യം ചൂണ്ടിക്കാട്ടിക്കൊണ്ട് സെമിനാർ സംഘടിപ്പിച്ചു.

** ഹിന്ദി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ അന്തർദേശീയ സെമിനാർ സംഘടിപ്പിച്ചു. ‘ഭക്തിയുടെ മൂന്നു പ്രധാന കവികളായ സൂർദാസ്, കബീർദാസ്, തുളസീദാസ്’ എന്നിവരെ അനുസ്മരിച്ചു കൊണ്ട് അമേരിക്കയിലെ യേൽ യൂണിവേഴ്സിറ്റി ലംഗേജ് പ്രോഗ്രാം ഡയറക്ടർ മിസ്. സ്വപ്നശർമ്മ ക്ലാസ് നയിച്ചു.

** ഇ.ഡി. ക്ലബിന്റെ ആഭിമുഖ്യത്തിൽ നിറച്ചാർത്ത് എന്ന പേരിൽ ഫാബ്രിക് പെയിന്റിംങ്ങ് മത്സരം നടത്തി.

** ബോട്ടണി ഡിപ്പാർട്ട്മെന്റും ഇന്നൊവേഷൻ സെല്ലും സംയുക്തമായി 'ഇൻലക്റ്റൽ പ്രോപ്പർട്ടി റൈറ്റ്സ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ലൈബ്രേറിയൻ ശ്രീ. സാൻജൊ ജോസ് ക്ലാസുകൾ നയിച്ചു.

** കംപ്യൂട്ടർ സയൻസ് ഡിപ്പാർട്ട്മെന്റും ഇന്നൊവേഷൻ സെല്ലും സംയുക്തമായി 'ഡാറ്റാ അനലിറ്റിക്സ് ആന്റ് വിഷ്വലൈസേഷൻ യൂസിങ്ങ് പൈത്തൻ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. പാലക്കാട് ജി.ഇ.സ് അദ്ധ്യാപികയായ ശ്രീമതി. പഞ്ചമി വി.യു ക്ലാസുകൾ നയിച്ചു.

** ഡാറ്റാസയൻസ് ഡിപ്പാർട്ട്മെന്റും ഇന്നൊവേഷൻ സെല്ലും സംയുക്തമായി 'പ്രോട്ടൊടൈപ്പ് ഡിസയിൻ ആന്റ് ഡിസൈൻ ആന്റ് ഡെവലപ്മെന്റ്' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഹോം വർക്ക് മെഷീൻ ഇൻവെന്റർ ശ്രീമാൻ ദേവദത്ത് പി.ആർ. ക്ലാസുകൾ നയിച്ചു.

** 'ഏർളി സ്റ്റേജ് എന്റർ പ്രണേഴ്സ്' എന്ന വിഷയത്തിൽ സംഘടിപ്പിച്ച സെമിനാർ സിംപിൾ സൈറ്റ്സ് സി.ഇ.ഒ ശ്രീമാൻ സജിത്ത് എം.എസ് ക്ലാസുകൾ നയിച്ചു.

** കോമേഴ്സ് ഡിപ്പാർട്ട്മെന്റും ഇന്നൊവേഷൻ സെല്ലും സംയുക്താഭിമുഖ്യത്തിൽ വേൾഡ് എന്റർപ്രണോർഷിപ്പ് ഡേ ആഘോഷിച്ചു. എയ്ഞ്ചൽ ഇൻവെസ്റ്റ്മെന്റ് ഫണ്ടിംഗ് എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഇ.ജി.സി യുടെ മാനേജിംഗ് ഡയറക്ടർ ശീ. സജീഷ് കുമാർ കെ.എം ക്ലാസ്സുകൾ നയിച്ചു.

** കോമേഴ്സ് ഡിപ്പാർട്ട്മെന്റും ഇന്നൊവേഷൻ സെല്ലും സംയുക്തമായി 'ഹൗ ടു പ്ലാൻ ഫോർ എ സ്റ്റാർട്ട് അപ്പ്' എന്ന വിഷയത്തിൽ മർട്ടിഡയമൻഷനൽ എന്റർപ്രോണറായ ശ്രീമതി അസീന പി. കുഞ്ഞുമോൻ മുഖ്യ പ്രഭാഷകനായിരുന്നു.

** ഐ.ക്യു.എസി യുടെ നേതൃത്വത്തിൽ 'ആർട്ടിഫിഷൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിഗ്' എന്ന വിഷയത്തിൽ ഇന്റർനാഷണൽ സെമിനാർ സംഘടിപ്പിച്ചു. യു.കെ യിലെ ഹഡേഴ്സ് യൂണിവേഴ്സിറ്റി അദ്ധ്യാപകനായ ഡോ. ഇസ ഇൻവ ഡ്യുഡ്സി ക്ലാസുകൾ നയിച്ചു.

**9. കെം ഫെസ്റ്റ്**

സെന്റ് തോമസ് കോളേജിലെ കെമിസ്ട്രി ഡിപ്പാർട്ട്മെന്റിന്റെ നെതൃത്വത്തിൽ 'കെംസ്റ്റാക്സ് ഫിയറ്റ' എന്ന പേരിൽ കെമിസ്ട്രി ഫെസ്റ്റ് സംഘടിപ്പിച്ചു.

**10. പഠനയാത്ര നടത്തി**

സെന്റ് തോമസ് കോളേജിലെ ബോട്ടണി പി.ജി വിഭാഗം കുട്ടികൾ പ്രൊഫ. ആന്റോ പി.വിയുടെ നേതൃത്വത്തിൽ തൃശൂർ പഴയന്നൂർ ബ്ലോക്കിൽ സ്ഥിതി ചെയ്യുന്ന കായാപൂവം എന്ന സ്ഥലത്തെ സസ്യങ്ങളേയും അവയുടെ ആവാസവ്യവസ്ഥയെയും അറിയാൻ സ്ഥലം സന്ദർശിച്ചു. സസ്യവർഗീകരണവും അവയുടെ പ്രത്യേകതകളും പഠിക്കുന്ന ടാക്സോണമി എന്ന പഠനവിഷയത്തിന്റെ ഭാഗമായാണ് കായാപൂവിൽ എത്തിച്ചേർന്നത്.

** സെന്റ് തോമസ് കോളേജിലെ ബോട്ടണി വിഭാഗം മൂന്നാം വർഷ ബിരുധ വിദ്യാർത്ഥികൾ പ്രൊഫ. ആന്റോ പി.വിയുടെ നേതൃത്വത്തിൽ പഠനയാത്ര നടത്തി. 500 വർഷത്തിലേറെ പഴക്കമുള്ള പെരുവൻമല ശിവക്ഷേത്രത്തിന്റെ സമീപപ്രദേശത്തുള്ള സസ്യലോകത്തെ അറിയുവാനാണ് കുട്ടികൾ എത്തിയത്.

**11. ശില്പശാല**

മാനേജ്മെന്റ് സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ട്രാഫിക് സേഫ്റ്റിയിലുള്ള നൂതന ആശയ'ങ്ങളെക്കുറിച്ച് ശില്പശാല നടത്തി. അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ശ്രീ. പ്രശാന്ത് പി. പിള്ള ക്ലാസുകൾ നയിച്ചു.

** റിസർച്ച് ആന്റ് ഡവലപ്മെന്റ് സെല്ലും ഐ.ക്യു.എ.സി യും സംയുക്തമായി 'അക്കാദമിക് ഇന്റഗ്രിറ്റി ഇൻ റിസർച്ച് പ്രോജക്ട്' എന്ന വിഷയത്തിൽ ശില്പശാല നടത്തി. ലൈബ്രേറിയൻ ശ്രീ. സാൻജൊ ജോസ് ക്ലാസ്സുകൾ നയിച്ചു.

** മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റും ഇന്നൊവേഷൻ സെല്ലും സംയുക്തമായി മീഡിയ ഇന്നൊവേഷൻ ആന്റ് കണ്ടന്റ് പ്രസന്റേഷൻ എന്ന വിഷയത്തിൽ ശില്പശാല നടത്തി. അഡ്വ. ഫെബിൻ ജെയിംസ് ക്ലാസുകൾ നയിച്ചു.

** 'മാസ്റ്ററിംഗ് ഇന്നൊവേഷൻ ആന്റ് എന്റർപ്രണോർഷിപ്പ്' ഇൻ ദി ഡിജിറ്റൽ ഇറ എന്ന വിഷയത്തിൽ ശിൽപശാല സംഘടിപ്പിച്ചു. ആക്ടറും ഡയറക്ടറുമായ ശ്രീ. ഫേവർ ഫ്രാൻസിസ് ക്ലാസുകൾ നയിച്ചു.

** മീഡിയ സ്റ്റഡീസ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'ചാർക്കോൾ ഡ്രോയിംഗ്' ശില്പശാല സംഘടിപ്പിച്ചു. മിസ്. ധന്യ എ.എച്ച് ക്ലാസുകൾ നയിച്ച് പരിശീലനം നൽകി.

**12. പിച്ചർസ്ക്യു**

മീഡിയ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ 'പിച്ചർസ്ക്യു' എന്ന പേരിൽ തിയറ്റർ മത്സരങ്ങൾ സംഘടിപ്പിച്ചു. 'ഫോട്ടൊ ഫാക്ടറി' എന്ന

പേരിൽ ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ച് വിജയികൾക്ക് സമ്മാന ങ്ങൾ നൽകി. 'ബ്ലാക്ക് ബോക്സ്' എന്ന പേരിൽ ഡോക്യുമെന്ററീസിന്റെ മത്സരം സംഘടിപ്പിച്ചു.

**13. ഇക്കണോമിക്സ് ഫെസ്റ്റ്**

ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ 'വൃദ്ധി 2023' എന്ന പേരിൽ ഇക്കണോമിക്സ് ഫെസ്റ്റ് സംഘടിപ്പിച്ചു. 'ഇക്ക ണോമിക്സ് ടീം ഹണ്ട്'എന്ന പേരിൽ സംഘടിപ്പിച്ച പരിപാടിയിൽ വി ജയികൾക്ക് സമ്മാനങ്ങൾ നൽകി ആദരിച്ചു.

**14. സ്വാതന്ത്ര്യ ദിനാഘോഷം**

സോഷ്യൽ വർക്ക് ഡിപ്പാർട്ട്മെന്റിന്റേയും മാനവികാസ് സേവ സംഘത്തിന്റേയും ആഭിമുഖ്യത്തിൽ 'ത്രിരംഗ' എന്ന പേരിൽ സെട്രൽ ജയിൽ അന്തേവാസികൾക്കായി ഫ്ളാഷ്മോബും, മൈം, ദേശഭക്തി ഗാ നം എന്നിവ ഉൾക്കൊള്ളിച്ച് സാമൂഹ്യ സേവന പ്രവർത്തനം നടത്തി.

77–ാം സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് എൻ.സി.സി യുടെയും എൻ.എസ്.എസ് ന്റേയും നേതൃത്വത്തിൽ പരേഡ് നടത്തി. ഇന്നൊവേ ഷൻ സെല്ലിന്റെ ആഭിമുഖ്യത്തിൽ 'ഇന്നൊവേഷൻ എഡിറ്റിംങ്ങ് കൺ ണ്ടസ്റ്റ്' മത്സരം നടത്തി. ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ് കായികരംഗ ത്ത് ഉന്നത നേട്ടം കൈവരിച്ച വ്യക്തികളെ ആദരിച്ചു.

**15. ഓറിയന്റേഷൻ**

കോളേജിലെ പുതിയ അദ്ധ്യാപകർക്ക് ഐ.ക്യൂ.എ.സി സെല്ലി ന്റെ ആഭിമുഖ്യത്തിൽ 'അക്കാദമിക് ഹൊറൈസൻസ്' എന്ന പേരിൽ ഫാക്കൽറ്റി ഓറിയന്റേഷൻ പ്രോഗ്രാം സംഘടിപ്പിച്ചു.

**16. പോസ്റ്റർ മേക്കിംഗ് മത്സരം**

ഇന്നൊവേഷൻസെല്ലിന്റെ ആഭിമുഖ്യത്തിൽ 'കെയ്സൻ' എ ന്ന പേരിൽ പോസ്റ്റർ മേക്കിംഗ് മത്സരം സംഘടിപ്പിച്ചു.

**17. പ്ലേസ്മെന്റ് സെൽ**

പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ വിവിധ വിദ്യാർത്ഥി കൾക്കായി പ്ലേസ്മെന്റ് സെൽ ഡ്രൈവ് നടത്തി. വിദ്യാർത്ഥികൾക്ക് വിവിധ സ്ഥാപനങ്ങളിൽ ജോലി ലഭിച്ചു. അസഞ്ചർ–13, സി.എസ്.ബി–1, എക്സ്.ട്.ജി – 1, ബെഞ്ച്മാർക്–1, മലബാർ ഗ്രൂപ്പ്–1, സഹൃദയ കോ ളേജ്–2, മെച്ചൻ ഇന്നൊവേഷൻസ്–5.

**18. സൂ ടോക്ക്**

സുവോളജി ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ സൂ ടോക്ക് സംഘടി പ്പിച്ചു. 'ഡൈവിംഗ് ബീറ്റിൽസ് ഓഫ് കേരള' എന്ന വിഷയത്തിൽ ഗവേ

ഷണ വിദ്യാർത്ഥിയായ പ്രിയങ്ക പ്രഭാകർ മുഖ്യപ്രഭാഷണം നടത്തി.

**19. അദ്ധ്യാപക ദിനം**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റെ ആഭിമുഖ്യത്തിൽ ഗുരുവന്ദനം -3 എന്ന പേരിൽ ഡിപ്പാർട്ട്മെന്റിലെ മൺമറഞ്ഞ അദ്ധ്യാപകർക്ക് ആദരവ് അർപ്പിച്ച് കൊണ്ട് ഇന്റർ നാഷണൽ വെബിനാർ സംഘടിപ്പിച്ചു.

**20. ഗുരുപ്രണാമം**

ബോട്ടണി ഡിപ്പാർട്ട്മെന്റിന്റേയും ഒ.എസ്.എ യുടേയും ആഭിമുഖ്യത്തിൽ ഗുരുപ്രണാമം എന്ന പേരിൽ റിട്ടയേർഡ് ചെയ്ത അദ്ധ്യാപർക്കായി 84–87 ബി.എസ്.സി, 87–89 എം.എസ്.സി വിദ്യാർത്ഥികൾ പൂർവ്വ അദ്ധ്യാപകരെ ആദരിച്ചു.

**21. ഗുരുവന്ദനം**

ജെനറൽ ഒ.എസ്.എ യുടെ ആഭിമുഖ്യത്തിൽ റിട്ടയർ ചെയ്ത 75 വയസിന് മുകളിലുള്ള അദ്ധ്യാപകരെ മാനേജർ മാർ ടോണി നീലങ്കാവിൽ ആദരിച്ചു. പ്രൊഫ. വൈദ്യ ലിംഗ ശർമ്മ, പ്രൊഫ. പി.സി. തോമസ്, ഷെവലിയാർ ജോർജ് മേനാച്ചേരി, പ്രൊഫ.എൻ.ആർ ജയറാം, പ്രൊഫ. ജോസ് പോട്ടോക്കാരൻ, പ്രൊഫ. ഇ.ഡി. ജോസ് തുടങ്ങിയവരും മുൻ പ്രിൻസിപ്പാൾമാരും പങ്കെടുത്തു.

**ഫാ. ബിജു പാണേങ്ങാടൻ**
എക്സിക്യൂട്ടീവ് മനേജർ

**ഡോ. ആന്റോ പി. വി.**
പി.ആർ.ഒ

# കോർപ്പറേറ്റ് എജുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ...ആചരിക്കാൻ...**

1 ഞായർ – വി. കൊച്ചുത്രേസ്യ
2 തിങ്കൾ – ഗാന്ധി ജയന്തി
4 ബുധൻ – വി. ഫ്രാൻസീസ് അസ്സീസ്സി
6 വെള്ളി – ആദ്യവെള്ളി, വി. കുർബാന
9 തിങ്കൾ – തപാൽ ദിനം
16 തിങ്കൾ – ലോകഭക്ഷ്യദിനം

24 ചൊവ്വ – യു.എൻ. ദിനം

31 ചൊവ്വ – ഇന്ദിരാഗാന്ധി ചരമദിനം

**2. ജപമാലമാസം**

ഒക്ടോബർ മാസം ജപമാലമാസമായി നാം ആചരിക്കുകയാണല്ലോ. ജപമാലഭക്തിയിൽ വളരുവാൻ നമ്മുടെ അദ്ധ്യാപക – അനദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എല്ലാവിധ പ്രോത്സാഹനങ്ങളും നൽകുക. അതിനുതകുന്ന പരിപാടികൾ വിദ്യാലയങ്ങളിൽ ആസൂത്രണം ചെയ്യുമല്ലോ.

**ഫാ. ജോയ് അടമ്പുകുളം**
കോർപ്പറേറ്റ് മാനേജർ

# ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെൻ്റർ

**ഒക്ടോബർ മാസത്തെ വിവാഹ ഒരുക്ക ധ്യാനം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസം നടത്തുന്ന പ്രീകാന ധ്യാനത്തിന്റെ തിയ്യതികളാണ് താഴെ കൊടുത്തിരിക്കുന്നത്. ബുധൻ, വ്യാഴം, വെള്ളി ദിവസങ്ങളിലാണ് വിവാഹ ഒരുക്ക ധ്യാനം നടക്കുന്നത്. 4–6; 11–13; 25–27. ബുക്ക് ചെയ്യാനായി തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ ഓഫീസിൽ വരികയോ അല്ലെങ്കിൽ ഓൺലൈൻ വഴിയോ ബുക്ക് ചെയ്യാവുന്നതാണ്. trichurfamilyapostolate.org - നിങ്ങളുടെ സംശയങ്ങൾക്ക് വിളിക്കുക 0487 2336066. (തിങ്കൾ മുതൽ ശനി വരെ രാവിലെ 9.30 മുതൽ 5.00 വരെ).

**കാ വാദിസ്**

ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളിക്കുക – 9605043327, 8086677252. കഴിഞ്ഞ മാസത്തിൽ കാ വാദിസ് അരണാട്ടുകര ഇടവകയിൽ നടത്തപ്പെട്ടു. സഹകരിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**പേരന്റിങ് സെമിനാർ**

ഇടവകയിൽ ഇത് സംഘടിപ്പിക്കാൻ ആഗ്രഹിക്കുന്നവർ വിളി

ക്കുക – 9605043327, 8086677252.

**മരിയൻ കൗൺസിലിംങ് സെന്റർ**

ഫാമിലി അപ്പസ്റ്റൊലേറ്റിൽ പ്രവർത്തിക്കുന്ന മരിയൻ കൗൺസിലിംങ് സെന്ററിലേക്ക് നമ്മുടെ ഇടവകകളിൽ ദാമ്പത്യ പ്രതിസന്ധി അനുഭവിക്കുന്ന ദമ്പതികളെ പറഞ്ഞ് വിടാവുന്നതാണ്. കൗൺസിലിംങ്ങിന് വരുന്നതിന് മുമ്പ് ബുക്ക് ചെയ്യേണ്ടതാണ്. ബുക്കിംഗിനായി വിളിക്കേണ്ട നമ്പർ 0487 2336066 ബുക്കിംഗിനായി വിളിക്കേണ്ട സമയം– രാവിലെ 9.30 മുതൽ 3.30 വരെ.

**നവദമ്പതിസംഗമം**

തൃശ്ശൂർ അതിരൂപത ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ 2023 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ എന്നീ മാസങ്ങളിൽ വിവാഹിതരായ നവ ദമ്പതികൾക്കുവേണ്ടിയുള്ള തുടർപരിശീലനമാണ് ഒക്ടോബർ 1 ഞായറാഴ്ച്ച രാവിലെ 9.30 മുതൽ 1 മണി വരെ സംഘടിപ്പിച്ചിരിക്കുന്നത്. അഭിവന്ദ്യപിതാക്കന്മാരുടെ നേതൃത്വത്തിൽ നടത്തുന്ന നവദമ്പതി സംഗമത്തിലേക്ക് സ്നേഹത്തോടെ ക്ഷണിക്കുന്നു. വിശുദ്ധ കുർബാന ഉണ്ടായിരിക്കുന്നതാണ്. "ദാമ്പത്യബന്ധം എങ്ങനെ ഊഷ്മളമാക്കാം" എന്ന വിഷയത്തെ ആസ്പദമാക്കിയായിരിക്കും ഈ സെമിനാർ. ഈ മാസങ്ങളിൽ വിവാഹിതരായ ദമ്പതികൾ എല്ലാവരും തന്നെ നിർബന്ധമായും ഈ സെമിനാറിൽ സംബന്ധിക്കാൻ ഏറെ താഴ്മയോടെ അഭ്യർത്ഥിക്കുന്നു.

**ഫാ. ഷാന്റോ തലക്കോട്ടൂർ**
**ഫാ. ജോജോ എടത്തിരുത്തി**
**ഫാ. ക്രിസ്റ്റീൻ ചിറമ്മൽ**
അസി. ഡയറക്ടേഴ്സ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കുടുംബക്കൂട്ടായ്മ

**നേതൃത്വ പരിശീലകരുടെ പരിശീലനം**

കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വ പരിശീലനത്തിനുള്ള പരിശീലകരുടെ പരിശീലനം 2023 ആഗസ്റ്റ് 20 ാം തിയതി ഞായറാഴ്ച 2 മണി മുതൽ നടന്നു. ഈ പരിശീലന പരിപാടിയിൽ 15 പേർ പങ്കെടുത്തു.

**കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ മത്സരം**

ജൂലൈ, ആഗസ്റ്റ് മാസത്തിൽ ഇടവകതലത്തിലും, സെപ്റ്റംബർ മാസത്തിൽ ഫൊറോനതലത്തിലും കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ മത്സരം ഭംഗിയായി നടത്തിയതിന് അതിരൂപത കുടുംബക്കൂട്ടായ്മ കേന്ദ്രസമിതിയുടെ നന്ദി രേഖപ്പെടുത്തുന്നു. അടുത്തഘട്ടമായ അതിരൂപതതല മത്സരം ഒക്ടോബർ 22-ാം തിയതി ഞായറാഴ്ച സാഹിത്യമത്സരങ്ങളും (ലേഖന മത്സരം, കവിതാ രചന, കഥാ രചന) ഒക്ടോബർ 29-ാം തിയതി ഞായറാഴ്ച ഫൊറോനതല മത്സര വിജയികൾക്കായുള്ള കലാമത്സരങ്ങളും (വചനമെഴുത്ത്, നിമിഷപ്രസംഗം, ഗ്രൂപ്പ് സോംഗ്, റംബാൻ പാട്ട്) എന്നിവ നടക്കുന്നതായിരിക്കും.

**ഡയറക്ടറി**

അതിരൂപത കുടുംബക്കൂട്ടായ്മ കേന്ദ്രസമിതിയുടെ നേതൃത്വത്തിൽ തയ്യാറാക്കിയ കുടുംബക്കൂട്ടായ്മ ഡയറക്ടറി ഫൊറോന കേന്ദ്രസമിതി വഴിയായ് ഓരോ ഇടവകയിലേക്കും 2 എണ്ണം വീതം ( വികാരിയച്ചൻ, ഇടവക കൺവിനർ എന്നിവർക്ക്) ലഭിക്കുന്നതാണ്. ഫൊറോന ഭാരവാഹികൾക്കുള്ള ഡയറക്ടറിയും ഫൊറോന കൺവിനർ കൈവശം ലഭിക്കുന്നതായിരിക്കും. ഡയറക്ടറി തയ്യാറാക്കുവാൻ സഹായിച്ച എല്ലാവർക്കും ഒത്തിരി നന്ദി.

**യുവജന കുടുംബ കൂട്ടായ്മ ഭാരവാഹികളുടെ സംഗമം**

യുവജന വർഷത്തോടനുബന്ധിച്ച് 2023 നവംബർ 5 ാം തിയതി ഞായറാഴ്ച എല്ലാ ഇടവകകളിലേയും യുവജനഭാരവാഹികളുടെ സംഗമം അതിരൂപതതലത്തിൽ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് രാവിലെ 9 മണി മുതൽ ഉച്ചതിരിഞ്ഞ് 4 മണി വരെ നടത്തപ്പെടുന്നു. ഈ യുവജനസംഗമത്തിൽ തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത്, അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ എന്നിവർ പങ്കെടുക്കുന്നതാണ്.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ഷിന്റോ മാത്യു**
ജനറൽ കൺവീനർ

**ജോർജ്ജ് അലക്സ്**
ജനറൽ സെക്രട്ടറി

# മാതൃവേദി

**പ്രാർത്ഥനാദിനം**

മാതൃവേദി അംഗങ്ങൾക്കായുള്ള അതിരൂപതാതല പ്രാർത്ഥനാദിനമാണ് ഒക്ടോബർ17–ാം തിയ്യതി ചൊവ്വാഴ്ച ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് കൂടുന്നത്. രാവിലെ 9.30 മുതൽ ഉച്ചക്ക് 1 മണി വരെയായിരിക്കും പ്രാർത്ഥനാദിനം. ആരാധനയും വി.കുർബാനയും ഉണ്ടായിരിക്കുന്നതാണ്. ഈ പ്രാർത്ഥനാദിനത്തിലേക്ക് മാതൃവേദിയിലെ എല്ലാ അമ്മമാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു.

**നേതൃത്വ പരിശീലനം**

മാതൃവേദി അംഗങ്ങൾക്ക് വേണ്ടി നേതൃത്വ പരിശീലന സെമിനാർ ഒക്ടോബർ 17 ചൊവ്വ രാവിലെ 10.30 മുതൽ 11.30 വരെ സംഘടിപ്പിച്ചിരിക്കുന്നു. ഈ സെമിനാറിലേക്ക് മാതൃവേദിയിലെ അമ്മമാരെ ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും ഒക്ടോബർ 17 ചൊവ്വ (9.30 am – 1.00 pm) ഉണ്ടായിരിക്കുന്നതാണ്. അമ്മമാർ ഉണ്ടാക്കിയ കരകൗശല വസ്തുക്കൾ കൊണ്ടുവരാൻ താൽപര്യമുണ്ടെങ്കിൽ ഒക്ടോബർ 17 –ാം തിയ്യതി ചൊവ്വാഴ്ച കൊണ്ടുവരാവുന്നതാണ്.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ. ഷാന്റോ തലക്കോട്ടൂർ**
അസി. ഡയറക്ടർ

**ശ്രീമതി എൽസി വിൻസെന്റ്**
പ്രസിഡണ്ട്

**ശ്രീമതി ജീന ജോസഫ്**
സെക്രട്ടറി

# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**തിരുമണിക്കൂർ ആരാധന, വി.കുർബാന**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കു വേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും ഒക്ടോബർ 2 തിങ്കൾ വൈകീട്ട് 6.30 മുതൽ 8.30 വരെ നടത്തുന്ന തിരുമണിക്കൂർ ആരാധനയിലേക്കും വിശുദ്ധ കുർബാനയിലേക്കും എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഭ്രൂണഹത്യക്കെതിരെ അഖണ്ഡ ജപമാല യജ്ഞം**

ജപമാല മാസമായ ഒക്ടോബർ മാസം സമാഗതമാകുകയാണല്ലോ. ഈ മാസത്തിൽ നമ്മുടെ അതിരൂപത അർപ്പണമനോഭാവത്തോടെ ജീവന്റെ മേഖലയ്ക്കുവേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിക്കുന്ന നല്ല പാരമ്പര്യമുണ്ട്. ഈ വർഷം ഒരു കോടി ജപമാല ചൊല്ലി പ്രാർത്ഥിക്കാനാണ് നാം അഭിലഷിക്കുന്നത്.

ആത്മഹത്യ, കൊലപാതകം, ദയാവധം എന്നിവയും റോഡപകടങ്ങളിലും മറ്റു ദുരന്തങ്ങളിലും പെട്ട് മനുഷ്യജീവനുകൾ പൊലിയുന്നു. യുദ്ധമേഖലകളിലും ആഭ്യന്തരകലാപമുള്ള പ്രദേശങ്ങളിലും സമാധാനം സ്ഥാപിക്കപ്പെടാൻ ഈ അവസരത്തിൽ പ്രാർത്ഥിക്കണം.

നമ്മുടെ പള്ളികളിലും സന്യാസഭവനങ്ങളിലും കുടുംബങ്ങളിലും ആതുരാലയങ്ങളിലും ധ്യാനകേന്ദ്രങ്ങളിലും മറ്റു സ്ഥാപനങ്ങളിലും ഒക്ടോബർ മാസത്തിൽ സമർപ്പിക്കപ്പെടുന്ന ജപമാലകൾ ഈ നിയോഗത്തിനുവേണ്ടിയായിരിക്കാൻ താൽപര്യപ്പെടുന്നു. ഒക്ടോബർ മാസം മുഴുവൻ അതിരൂപത പ്രോലൈഫ് സമിതിയുടെ നേതൃത്വത്തിൽ ഫാമിലി അപ്പോസ്റ്റോലേറ്റിൽ വച്ച് രാവിലെ 10 മണി മുതൽ 1 മണി വരെ അഖണ്ഡ ജപമാല ഉണ്ടായിരിക്കുന്നതാണ്.

**നന്ദിയോടെ**

തൃശ്ശൂർ അതിരൂപതയിലെ അദ്ധ്യാപകർക്കായി പ്രോലൈഫ് സെമിനാർ തൃശ്ശൂർ ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്ററിൽ വച്ച് നടത്തുകയുണ്ടായി. ഇതിൽ സംബന്ധിച്ച എല്ലാ അദ്ധ്യാപകർക്കും ഇവരെ പറഞ്ഞയച്ച എല്ലാ പ്രധാന അദ്ധ്യാപകർക്കും ഉദ്ഘാടനം നിർവ്വഹിച്ച

മോൺ. ജോസ് കോനിക്കരയച്ചനും വിവിധങ്ങളായ വിഷയങ്ങൾ പങ്കു വച്ച എല്ലാവർക്കും ഒത്തിരി ഒത്തിരി നന്ദി.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. രാജൻ ആന്റണി**
പ്രസിഡന്റ്

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ് (ലോഫ്)

**LOAF COUPLES RETREAT**

സെപ്റ്റംബർ മാസത്തെ ധ്യാനം 1, 2, 3 തിയ്യതികളിലായി ജോർദ്ദാനിയ ധ്യാനകേന്ദ്രത്തിൽ വച്ച് മനോഹരമായി നടത്തപ്പെട്ടു. സഹ കരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

2023 ഒക്ടോബർ മാസത്തെ ദമ്പദികൾക്കായുള്ള ധ്യാനം 13, 14, 15 തിയ്യതികളിലായി ലോഫിന്റെ നേതൃത്വത്തിൽ ജോർദ്ദാനിയ ധ്യാന കേന്ദ്രത്തിൽ വെച്ച് സംഘടിപ്പിക്കുന്നു. ഒക്ടോബർ 13 വെള്ളിയാഴ്ച വൈകീട്ട് 6 മണി മുതൽ ഞായറാഴ്ച വെകീട്ട് 5 മണി വരെയാണ് ധ്യാനം ക്രമീകരിച്ചിരിക്കുന്നത്. വിശദവിവരങ്ങൾക്ക് താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക. 8921049153, 9446996285, 9895924182.

**LOAF SPIRITUAL DAY**

കുടുംബങ്ങൾക്ക് വേണ്ടി ലോഫ് ഒരുക്കുന്ന 'സ്പിരിച്ച്വൽ ഡേ' സെപ്തംബർ 9–ാം തിയ്യതി മഡോണയിലുള്ള മൈനർ സെമിനാരിയിൽ വച്ച് നടന്നു. ലോഫിൽ നിന്നും പുറമെ നിന്നുമുള്ള കുടുംബങ്ങൾ പങ്കെടുത്തു. ലോഫ് കുടുംബധ്യാനത്തിൽ പങ്കെടുത്ത ദമ്പതികളും ഈ കൂട്ടായ്മയിൽ പങ്കെടുക്കാൻ വന്നതിൽ അതീവ സന്തോഷം രേഖപ്പെടുത്തുന്നു. വിശ്വസ്തത എന്ന പരിശുദ്ധാത്മാവിന്റെ ഫലത്തെകുറിച്ചായിരുന്നു ഈ മാസധ്യാനത്തിൽ ഊന്നൽ നൽകിയത്. പങ്കെടുത്ത എല്ലാവർക്കും, സഹകരിച്ച എല്ലാവർക്കും നന്ദി പറയുന്നു.

അടുത്തമാസത്തെ സ്പിരിച്ച്വൽ ഡേ ഒക്ടോബർ 14–ാം തിയ്യതി മഡോണയിലുള്ള മൈനർ സെമിനാരിയിൽ വച്ച് നടക്കുന്നു.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഡോ. ജോർജ്ജ് ലിയോൺസ്**
**& ശ്രീമതി അനി ജോർജ്ജ്**
പ്രസിഡണ്ട് ദമ്പതികൾ

# തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ

**വോട്ടർ പട്ടികയിൽ പേര് ചേർക്കൽ ട്രെയിനിംഗ്**

2024 ജനുവരി 1നു 18 വയസ് പൂർത്തിയാകുന്നവരും നിലവിൽ വോട്ടർ പട്ടികയിൽ പേര് ഇല്ലാത്തവരുമായ എല്ലാവരെയും വോട്ടർ പട്ടികയിൽ ചേർക്കുക എന്ന ലക്ഷ്യത്തോടെ ഇടവകകളിൽ സെപ്റ്റംബർ 10,17 തിയതികളിൽ നടക്കുന്ന ക്യാംപയിന് നേതൃത്വം കൊടുക്കുന്നവർക്കുള്ള രണ്ടാം ഘട്ട പരിശീലനം തൃശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ നൽകി. എ ഫ് സി കൺവീനർ ജോമി ജോൺസൺ പരിശീലനത്തിന് നേതൃത്വം നൽകി. ഡയറക്ടർ ഫാ ഡെന്നി താണിക്കൽ, ഫാ ഫ്രാൻസിസ് പള്ളിക്കുന്നത്, രാഷ്ട്രീയ കാര്യസമിതി കൺവീനർ ജോഷി വടക്കൻ മാസ്റ്റർ എന്നിവർ നേതൃത്വം നൽകി. അമ്പതോളം ഇടവകകളിൽ നിന്നും കോഡിനേറ്റർമാർ പങ്കെടുത്തു

**അഭയ കിരണം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു**

അശരണരായ വിധവകൾക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ലഭ്യമാക്കുന്ന അഭയ കിരണം പദ്ധതിയിലേക്ക് അപേക്ഷ ക്ഷണിച്ചു. സ്വന്തമായി താമസിക്കുന്നതിന് ചുറ്റുപാടില്ലാതെ ബന്ധുക്കളുടെ ആശ്രയത്തിൽ കഴിയുന്ന വിധവകളെ സംരക്ഷിക്കുന്നവർക്ക് അപേക്ഷിക്കാം., പ്രതിമാസം 1000 രൂപയാണ് ധനസഹായം ലഭിക്കുക. സർവ്വീസ് പെൻഷൻ, കുടുംബ പെൻഷൻ കൈപ്പറ്റുന്നവരാകരുത്.

വിധവയെ സംരക്ഷിക്കുന്ന അപേക്ഷകർ ക്ഷേമ പെൻഷനുകളോ സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധന സഹായമോ ലഭിക്കുന്നവരായിരിക്കരുത്.( ഉദാ– ആശ്വാസ കിരണം, സമാശ്വാസം

മുതലായവ). ടിയാൾ ബന്ധുവിന്റെ പരിചരണത്തിൽ കഴിയുന്ന വ്യക്തിയാണെന്നും വിധവയാണെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രതിനിധി/ വില്ലേജ് ഓഫീസർ നൽകിയിരിക്കണം. സംരക്ഷിക്കപ്പെടുന്ന വനിതക്ക് പ്രായപൂർത്തിയായ മക്കൾ ഇല്ലാത്തവരാകണം. താമസിക്കുന്നതിന് സ്വന്തമായി ചുറ്റുപാടുകളോ സൗകര്യമോ ഉള്ള വിധവകൾ ആയിരിക്കരുത്. ഏതെങ്കിലും സ്ഥാപനത്തിൽ താമസക്കാരിയായി കഴിയുന്ന വിധവകൾ ഈ ധനസഹായത്തിന് അർഹരല്ല. വകുപ്പ് നടപ്പിലാക്കി വരുന്ന മറ്റ് ധന സഹായമോ ലഭിക്കുന്നവരായിരിക്കരുത്.( ഉദാ– ആശ്വാസ കിരണം, സമാശ്വാസം മുതലായവ)

വാർഷിക വരുമാനം 1 ലക്ഷത്തിൽ താഴെ

പ്രായപരിധി – 50 വയസ്സിനു മുകളിൽ

അപേക്ഷ ലഭിക്കേണ്ട അവസാന തിയതി – 2023 ഡിസംബർ 15

**സഹായ ഹസ്തം.**

കേരള സർക്കാർ വനിതശിശുവികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതിയാണ് സഹായഹസ്തം. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെയുള്ള വനിതകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിനായി ഒറ്റത്തവണയായി നൽകുന്ന പലിശ രഹിത ധനസഹായമാണിത്. ലോൺ അനുവദിച്ചുകിട്ടിയതിനുശേഷം 6 മാസം കഴിഞ്ഞാൽ തുക മടക്കി അടച്ചു തുടങ്ങണം. ലഭ്യമാകുന്ന പരമാവധി തുക 30000 രൂപയാണ്. കുടുംബശ്രീ യൂണീറ്റുകൾ, വനിതാകൂട്ടായ്മകൾ തുടങ്ങിയ ഗ്രൂപ്പുകളിൽ ഉൾപ്പെട്ടവർക്കും ഭിന്നശേഷിക്കാരായ മക്കളുള്ളവർ, 18 വയസ്സിന് താഴെയുള്ള പെൺകുട്ടികളുള്ള വിധവകൾക്കും ബി.പി.എൽ./ മുൻഗണന വിഭാഗത്തിൽ ഉൾപ്പെടുന്നവർക്കും മുൻഗണന ഉണ്ട്. ആശ്വാസ കിരണം, വിധവപെൻഷൻ ലഭിക്കുന്നവർക്കും അപേക്ഷിക്കാം. ഈ പദ്ധതിയിൽ മുൻവർഷം ധനസഹായം ലഭിച്ചവർ അപേക്ഷിക്കേണ്ടതില്ല. തദ്ദേശസ്വയംഭരണ സ്ഥാപനം വഴിയോ മറ്റ് സർക്കാർ തലത്തിലോ സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം ലഭിച്ചിട്ടുള്ള വർ ഈ ആനുകൂല്യത്തിന് അർഹരല്ല. തുടങ്ങുന്ന തൊഴിൽ സംരംഭം ചുരുങ്ങിയത് 5 വർഷമെങ്കിലും നടപ്പാക്കിയിരിക്കണം.

പ്രായപരിധി: 55 വയസ്സിന് താഴെ

അപേക്ഷ അയക്കേണ്ട അവസാന തിയതി: 2023 ഡിസംബർ 15

പദ്ധതികൾക്ക് അപേക്ഷ നൽകുന്നതിനും കൂടുതൽ വിവരങ്ങൾക്കും സംശയനിവാരണത്തിനും ബന്ധപ്പെടുക

**തൃശ്ശൂർ അതിരൂപത ഫെസിലിറ്റേഷൻ സെന്റർ (AFC)**

ഫാമിലി അപോസ്റ്റോലേറ്റ്,കിഴക്കുംപാട്ടുകര, തൃശൂർ 680005

ഫോൺ : 7902713325, 7909293325
ഇമെയിൽ : info@afctcr.com
വെബ്സൈറ്റ് : www.afctcr.com
ആപ്പ് : https://afctcr.com/afc-mobile-download

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീ. ജോമി ജോൺസൻ**
കൺവീനർ

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
ജോ. കൺവീനർ

# ബൈബിൾ പ്രേഷിതത്വം

ലോഗോസ് ക്വിസ് 2023 ന് ഒരുക്കമായി വിവിധ വെരിത്താസ് ക്വിസ് മത്സരങ്ങൾ തൃശ്ശൂർ സെന്റ് തോമസ് കോളേജ് സ്കൂളിൽ വച്ച് നടത്തി. സമർപ്പിത വെരിത്താസ് ക്വിസ് ഓഗസ്റ്റ് 6 ന് നടത്തി. ക്വിസ് മത്സരത്തിൽ വിവിധ സന്യാസ സമൂഹങ്ങളിൽ നിന്നായി 62 ടീമുകൾ പങ്കെടുത്തു. ആഗസ്റ്റ് 13ന് യുവജനങ്ങൾക്കായി നടത്തിയ യൂത്ത് വെരിത്താസ് ക്വിസിൽ അമ്പതോളം ടീമുകൾ പങ്കെടുത്തു. ഓഗസ്റ്റ് 20ന് വേദപാഠ അധ്യാപകർക്കായി നടത്തിയ ടീച്ചേഴ്സ് വെരിത്താസ് ക്വിസിൽ 98 ടീമുകൾ പങ്കെടുത്തു. ഓഗസ്റ്റ് 27ന് വേദപാഠ വിദ്യാർത്ഥികൾക്കായി നടത്തിയ കാറ്റക്കിസം വെരിത്താസ് ക്വിസിൽ 66 ഇടവകകളിൽ നിന്നായി 109 ടീമുകൾ പങ്കെടുത്തു. സെപ്റ്റംബർ 3ന് കുടുംബങ്ങൾക്കായി നടത്തിയ ഫാമിലി വെരിത്താസ് ക്വിസിൽ 88 കുടുംബങ്ങൾ പങ്കെടുത്തു. ലോഗോസ് പരീക്ഷയ്ക്ക് ഒരുക്കമായി സെപ്റ്റംബർ 10 ന് നടന്ന വചനമെഴുത്ത് മത്സരത്തിൽ നൂറോളം പങ്കെടുത്തു.

## "Biblos Veritas Quiz"

പറപ്പൂർ സെൻറ് ജോൺ നെപുംസ്യാൻ ഇടവകയിൽ ലോഗോസ് പരീക്ഷയ്ക്ക് ഒരുക്കമായി കുടുംബ യൂണിറ്റുകൾക്കായി സെപ്റ്റംബർ 2 ന് Biblos Veritas Quiz എന്ന പേരിൽ സംഘടിപ്പിച്ച

ക്വിസ് മത്സരത്തിന് തൃശ്ശൂർ അതിരൂപത ബൈബിൾ പ്രേഷിതത്വം നേതൃത്വം നൽകി. 34 കുടുംബയൂണിറ്റുകൾ മത്സരത്തിൽ പങ്കെടുത്തു.

മത്സരങ്ങൾ നടത്താൻ സഹകരണവും പ്രോത്സാഹനവും നൽകിയ എല്ലാ വൈദികർക്കും വേദപാഠ അധ്യാപകർക്കും ബൈബിൾ പ്രേഷിതത്വം ആനിമേറ്റേഴ്സിനും വിവിധ ക്വിസ് മത്സരത്തിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ

# മദ്യവിരുദ്ധ സമിതി

**1. അതിരൂപതാതല മത്സരങ്ങളുടെ ഉദ്ഘാടനം**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപത, – ഇടവക, ഫൊറോന, അതിരൂപതാ – തല മത്സരങ്ങൾ സംഘടിപ്പിച്ചു. 23.07.2023 ഇടവക തലത്തിലും 13.08.2023 ഫൊറോന തലത്തിലും മത്സരിച്ച് ഒന്നും രണ്ടും സ്ഥാനങ്ങൾ കരസ്ഥമാക്കിയവർക്ക് അതിരൂപതാ തലത്തിൽ തൃശ്ശൂർ പാസ്റ്ററൽ സെന്റർ മത്സര വേദിയായി. മത്സരങ്ങളുടെ ഉദ്ഘാടനം ഫാ. റാഫേൽ ആക്കാമറ്റത്തിൽ നിർവ്വഹിച്ചു. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായിരുന്നു. അതിരൂപത ഡയരക്ടർ റവ. ഫാ. ദേവസ്സി പന്തല്ലൂക്കാരൻ അനുഗ്രഹ പ്രഭാഷണം നടത്തി.

**അതിരൂപതാതല ലേഖന മത്സര വിജയികൾ**

| | | | |
|---|---|---|---|
| Group 1 | - First | : | Ancy Joseph (Pathiyaram) |
| | Second | : | Delsa Mariya (Valapad) |
| | Third | : | Sany Antony (Cherpu) |
| Group 2 | - First | : | Merlin Francis (Kuriyachira) |
| | Second | : | Lis Pious (Wadakkanchery) |
| | Third | : | Gracy Shaji (Chottupara) |

**അതിരൂപതാതല പ്രസംഗ മത്സര വിജയികൾ**

| | | | |
|---|---|---|---|
| Junior | - First | : | Angel Antony (Valapad) |
| | Second | : | Sneha (Wadakkanchery) |

| | | | |
|---|---|---|---|
| | Third | : | Aliya Rose (Valapad) |
| Group 2 | - First | : | K. L. Antony (Cherpu) |
| | Second | : | O. D. Varkey (Cheroor) |
| | Third | : | Lilly (Wadakkanchery) |

**അതിരൂപതാതല ക്വിസ് മത്സര വിജയികൾ**

| | | | |
|---|---|---|---|
| Group 1 | - First | : | Katherine Solomon (Vijayapuram, Cheroor) |
| | Second | : | Anoopa Shaji (Ponganamkad) |
| | Third | : | Ann Maria A. J. (Cherpu) |
| Group 2 | - First | : | Jiji Annu Joseph (Vijayapuram, Cheroor) |
| | Second | : | Johnson C. A (Vijayapuram, Cheroor) |
| | Third | : | Jismy Francis (Pallikunnu) |

**2. പ്രമോട്ടേഴ്സ് മീറ്റ്**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ ഇടവകയിലെ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന വൈദികരുടെ സമ്മേളനം സംഘടിപ്പിച്ചു. തൃശ്ശൂർ പാസ്റ്ററൽ സെന്ററിൽ അരങ്ങേറിയ സമ്മേളനം ദേവമാതാ പ്രൊവിൻഷ്യൽ റവ. ഫാ. ജോസ് നന്തിക്കര സി.എം.ഐ. ഉദ്ഘാടനം ചെയ്തു.

**3. മേഖല സമ്മേളനങ്ങൾ**

കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി തൃശ്ശൂർ അതിരൂപതയുടെ ആഭിമുഖ്യത്തിൽ മേഖല സമ്മേളനങ്ങൾ 10.09.2023ന് സംഘടിപ്പിച്ചു.

1. തെക്കൻ മേഖല സമ്മേളനം

തൃശ്ശൂർ അതിരൂപതയുടെ അസംപ്ഷൻ ഇടവകയിൽ തെക്കൻ മേഖല സമ്മേളനം അരങ്ങേറി. പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ സ്വാഗതമരുളി. പള്ളിക്കുന്ന് ഇടവക വികാരി റവ. ഫാ. ജെയ്സൺ കൂനംപ്ലാക്കൽ അദ്ധ്യക്ഷനായ യോഗം ഉദ്ഘാടനം ചെയ്തത് അതിരൂപത ഡയരക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. പുതുക്കാട് ഫൊറോന പ്രമോട്ടർ റവ. ഫാ. സിജോ കാട്ടൂക്കാരൻ അനുഗ്രഹ പ്രഭാഷകനായി.

2. മദ്ധ്യമേഖല സമ്മേളനം

മദ്ധ്യമേഖല സമ്മേളനം ലൂർദ്ദ് ഫൊറോന പള്ളിയിൽ സംഘടിപ്പിച്ചു. അതിരൂപത ആനിമേറ്റർ റവ. സി. എൻസ്വീഡ് പ്രാർത്ഥന നയിച്ചു. ലൂർദ്ദ് ഫൊറോന പ്രസിഡന്റ് ശ്രീ. ജോസ് വാഴപ്പിള്ളി സ്വാഗതമരുളി. അതിരൂപത പ്രസിഡന്റ് ശ്രീ. വി.എം. അഗസ്റ്റിൻ അദ്ധ്യക്ഷനായ

യോഗം ഉദ്ഘാടനം ചെയ്തത് അതിരൂപത ഡയരക്ടർ ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരനാണ്. 26-ാം വാർഷിക കൺവീനർ ശ്രീ. ടി. എസ്. അബ്രാഹം വാർഷിക സമ്മേളന വിഷയാവതരണം നടത്തി.

**4. 26–ാം വാർഷിക സമ്മേളനം**

തൃശ്ശൂർ അതിരൂപത കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെ 26–ാം വാർഷിക സമ്മേളനം 2023 ഒക്ടോബർ 2–ാം തീയ്യതി പുത്തൻപള്ളി ബസലിക്കാ ഹാളിൽ രാവിലെ 9.45 മുതൽ ഉച്ചക്ക് 1 മണി വരെ. ഉദ്ഘാടകൻ തൃശ്ശൂർ അതിരൂപത സഹായ മെത്രാൻ മാർ ടോണി നീലങ്കാവിൽ. എല്ലാവരേയും പ്രത്യേകം ക്ഷണിക്കുന്നു.

**ഫാ. ഡോ. ദേവസ്സി പന്തല്ലൂക്കാരൻ**
ഡയറക്ടർ

**ശ്രീ. ലിന്റോ ഫ്രാൻസിസ്**
പി.ആർ.ഒ.

# ചിൽഡ്രൻസ് മിനിസ്ട്രി

**ബൈബിൾ പൂക്കളേഴ്സ് 2023**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രി – ജൂനിയർ സി. എൽ.സിയുടെ നേതൃത്വത്തിൽ വിശ്വാസപരിശീലന വിദ്യാർത്ഥികൾക്കായി കുരിയച്ചിറ സെന്റ് ജോസഫ്സ് സ്കൂളിൽ വച്ച് ഓഗസ്റ്റ് 26 –ാം തിയ്യതി ബൈബിൾ പൂക്കളേഴ്സ് 2023 സംഘടിപ്പിച്ചു. കുരിയച്ചിറ പള്ളി വികാരി റവ. ഫാ. തോമസ് വടക്കൂട്ട്, പൂക്കളമത്സരം തുടക്കം കുറിച്ചുകൊണ്ട് ഉദ്ഘാടനം നിർവഹിച്ചു. ഉച്ചയ്ക്ക് 12.15 ന് നടന്ന ഓണാഘോഷ സമ്മേളനം തൃശ്ശൂർ അതിരൂപത സി.എൽ.സി. ഡയറക്ടറും, സി.എൽ.സി. സംസ്ഥാന ഡയറക്ടറും, മാന്നാമംഗലം ഇടവക വികാരിയുമായ റവ. ഫാ. ഫ്രജോ വാഴപ്പിള്ളിയുടെ അദ്ധ്യക്ഷതയിൽ മണ്ണുത്തി കാർഷിക സർവകലാശാല പ്രൊഫസറും തൃശ്ശൂർ പാസ്റ്ററൽ കൗൺസിൽ സെക്രട്ടറിയുമായ ഡോ. മേരി റെജീന ഉദ്ഘാടനം ചെയ്തു. നാല്പതോളം ഇടവകകളിൽ നിന്ന് പങ്കെടുത്ത പൂക്കള മത്സരത്തിൽ വേലൂപാടം സെന്റ് ജോസഫ് ദേവാലയം ഒന്നാം സമ്മാനത്തിനും, പൊങ്ങണങ്ങാട് സെന്റ് മേരീസ് ദേവാലയം രണ്ടാം സമ്മാനത്തിനും, അരണാട്ടുകര സെന്റ് തോമസ് ദേവാലയം മൂന്നാം സമ്മാനത്തിനും

അർഹരായി.

**ആനിമേറ്റേഴ്സ് സെമിനാർ**

തൃശ്ശൂർ അതിരൂപത തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി.എൽ.സി. സംഘടനകളിലെ ഇടവക ആനിമേറ്റേഴ്സിനായി അർദ്ധദിന സെമിനാർ സെപ്റ്റംബർ 9 –ാം തിയ്യതി ശനിയാഴ്ച്ച ഡി.ബി. സി.എൽ.സി യിൽവെച്ച് ഉച്ചതിരിഞ്ഞ് 1.30 ന് സംഘടിപ്പിച്ചു. ശ്രിമതി. ആലീസ് മാത്യു തിരുബാലസഖ്യ ആനിമേറ്റേഴ്സിനും, ശ്രീ ബാസ്റ്റ്യൻ ജോസ് ജൂനിയർ സി.എൽ.സി., അൾത്താരസംഘം ആനിമേറ്റേഴ്സിനും ക്ലാസുകൾക്ക് നേതൃത്വം നൽകി.

**മിഷൻ കളക്ഷൻ, പ്രയർ ഫ്രണ്ട് കളക്ഷൻ, ജീസസ്സ് ബെർത്ത് ഡേ പാർട്ടി**

തിരബാലസഖ്യം: 'കുഞ്ഞുങ്ങൾ കുഞ്ഞുങ്ങളെ സഹായിക്കട്ടെ' എന്ന ആദർശവാക്യം ഉൾകൊണ്ട് മിഷൻ പ്രദേശങ്ങളിലെ കുഞ്ഞുങ്ങളെ സഹായിക്കാൻ തിരുബാലഖ്യാംഗങ്ങൾ ചെറിയ ഫണ്ട് രൂപീകരണം (മിഷൻ കളക്ഷൻ) യൂണിറ്റ് തലത്തിൽ നടത്തേണ്ടതാണ്.

അൾത്താരസംഘം: അതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ ചെറിയ ത്യാഗപ്രവർത്തികളിലൂടെ അൾത്താരസംഘാംഗങ്ങൾ ഒക്ടോബർ മാസത്തിൽ പ്രയർ ഫ്രണ്ട് കളക്ഷൻ സമാഹരിക്കുന്നു. ഒപ്പം ഒക്ടോബർ മാസത്തിൽ ഓരോ യൂണിറ്റിലേക്കും ലഭിക്കുന്ന മാലാഖ കുറിപ്പ് ഫോം കുട്ടികൾക്ക് വിതരണം ചെയ്ത് പ്രയർ ഫ്രണ്ടിന് വേണ്ടി പ്രാർത്ഥിക്കുവാനും കുട്ടികളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്. കുട്ടികൾ ഓരോ ദിവസവും ചെയ്യുന്ന സൽക്രിയകൾ മാലാഖകുറിപ്പിൽ രേഖപ്പെടുത്തേണ്ടതുമാണ്.

ജൂനിയർ സി.എൽ.സി. : ക്രിസ്തുമസ്സിനോട് അനുബന്ധിച്ച് അതുരാലയങ്ങളിലെ രോഗികളെ സഹായിക്കാൻ ജൂനിയർ സി.എൽ.സി അംഗങ്ങൾ ജീസസ്സ് ബെർത്ത് ഡേ പാർട്ടി സംഭാവന കൂപ്പൺ ചിലവഴിക്കേണ്ടതാണ്. ഒപ്പം ജപമാല മാസത്തോടനുബന്ധിച്ച് യൂണിറ്റ്തല റോസറി കളക്ഷനും നടത്തേണ്ടതാണ്. ഒക്ടോബർ മാസത്തിൽ ഒരു യൂണിറ്റിലെ ജൂനിയർ സി.എൽ.സി. സംഘടനാംഗങ്ങൾ ചൊല്ലുന്ന ജപമാലയുടെ മൊത്തം എണ്ണമാണ് റോസറി കളക്ഷൻ കൊണ്ട് അർത്ഥമാക്കുന്നത്.

ഓരോ യൂണിറ്റിൽ നിന്നും മേൽപറഞ്ഞ പ്രവർത്തനങ്ങളിലൂടെ വിവിധ സംഘടനകൾ ശേഖരിക്കുന്ന സംഖ്യയും, അൾത്താരസംഘത്തിന്റെ പ്രയർ ഫ്രണ്ട് കളക്ഷൻ ഫോമും (മാലാഖ കുറിപ്പ്), ജൂനിയർ സി.എൽ.സി.യുടെ ജീസസ്സ് ബെർത്ത് ഡേ പാർട്ടി കൗണ്ടർ കൂപ്പണും, റോസറി കളക്ഷനും കവറിലാക്കി യൂണിറ്റ് ആനിമേറ്റർ ചിൽഡ്രൻസ്

മിനിസ്ട്രി ഓഫീസിൽ ഡിസംബർ 31 ന് മുമ്പ് വാർഷിക റിപ്പോർട്ടിനോടൊപ്പം ഏല്പിക്കേണ്ടതാണ്. അതിരൂപതാതലത്തിൽ ഓരോ സംഘടനയിലും അംഗസഖ്യയുടെ ആനുപാതികത്തിൽ ഏറ്റവും കൂടുതൽ ഫണ്ട് ശേഖരിക്കുന്ന യൂണിറ്റിനും, മികച്ച മാലാഖകുറിപ്പിനും, മികച്ച റോസറി കളക്ഷൻ യൂണിറ്റിനും സമ്മാനം ഉണ്ടായിരിക്കുന്നതാണ്.

മിഷൻ കളക്ഷൻ കവറും, പ്രയർ ഫ്രണ്ട് കളക്ഷൻ കവറും, മാലാഖ കുറിപ്പും, ജീസസ്സ് ബെർത്ത് ഡേ പാർട്ടി കൂപ്പണും ലഭിക്കുന്നതിനായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

**തിരുബാലസഖ്യ പതാകദിനം**

ഫ്രാൻസിസ് മാർപാപ്പയുടെ നാമഹേതുകതിരുനാൾ ദിനമായ ഒക്ടോബർ 4 ന് പാപ്പാദിനത്തോടൊപ്പം തിരുബാലസഖ്യാംഗങ്ങൾ പതാകദിനമായും ആചരിക്കേണ്ടതാണ്. തിരുബാലസഖ്യ പതാക ലഭിക്കുന്നതിനായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. പതാക ഒന്നിന് 75/ രൂപയാണ് വില.

**കലാമത്സരങ്ങൾ 2023**

തിരുബാലസഖ്യം, അൾത്താരസംഘം, ജൂനയർ സി.എൽ.സി. സംഘടനകളിലെ കുട്ടികൾക്കായി ഒക്ടോബർ 23–ാം തിയ്യതി തിങ്കളാഴ്ച്ച സെന്റ് ക്ലയേഴ്സ് സ്കൂളിൽ വച്ച് രാവിലെ 8.30 ന് അതിരൂപതാതല കലാമത്സരം സംഘടിപ്പിക്കുന്നു. ഫൊറോന പ്രൊമോട്ടേഴ്സ് ഒക്ടോബർ 16 ന് മുമ്പായി അതിരൂപത എൻട്രി ഫോം പൂരിപ്പിച്ച് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ എത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്കായുള്ള അതിരൂപതാതല കലാമത്സരം നവംബർ 11–ാം തിയ്യതി ശനിയാഴ്ച്ച രാവിലെ 8.30 ന് സെന്റ് ക്ലയേഴ്സ് സ്കൂളിൽ വെച്ച് നടത്തപ്പെടുന്നതാണ്. മത്സരത്തിന്റെ എൻട്രി ഫോം പൂരിപ്പിച്ച് യൂണിറ്റ് ആനിമേറ്റർ ഒക്ടോബർ 28 ന് മുമ്പായി ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നേരിട്ട് എത്തിക്കേണ്ടതാണ്. സ്കൂൾ തിരുബാലസഖ്യം കുട്ടികൾക്ക് ഫൊറോനതല മത്സരം ഉണ്ടായിരിക്കുന്നതല്ല.

## Saints' Quiz 2k23

Saints' Quiz ഇടവകതല പരീക്ഷ ഒക്ടോബർ 29 ഞായറാഴ്ച്ച ഉച്ചയ്ക്ക് 2.00 മണി മുതൽ 2.30 വരെ ഓരോ യൂണിറ്റിലേയും വിശ്വാസപരിശീലന പ്രിൻസിപ്പലിന്റെ നേതൃത്വത്തിൽ ഇടവകയിൽ വെച്ച് തന്നെ നടത്തേണ്ടതാണ്. ഇടവകതലത്തിൽ നടത്തിയ Saints' Quiz പരീക്ഷയിൽ ഓരോ വിഭാഗത്തിലും (സബ് ജൂനിയർ, ജൂനിയർ,

സീനിയർ) ഫസ്റ്റ് കിട്ടിയ കുട്ടികളുടെ പേരുകൾ ഫൊറോന രജിസ്ട്രേഷൻ ഫോമിൽ പൂരിപ്പിച്ച് വികാരിയച്ചന്റെ ഒപ്പോടുകൂടെ 2023 നവംബർ 13–ാം തിയതിക്കുള്ളിൽ അതാത് ഫൊറോനകളിലെ ചിൽഡ്രൻസ് മിനിസ്ട്രി ഫൊറോന പ്രമോട്ടറെ ഏൽപിക്കേണ്ടതാണ്. ഫൊറോന തല പരീക്ഷ ഡിസംബർ 3 നാണ് നടത്തപ്പെടുക. Saints' Quiz മത്സരത്തിന് ഒരുങ്ങുന്നതിനായി 'വിശുദ്ധരുടെ ജീവചരിത്രത്തിലൂടെ' എന്ന പഠനസഹായിയും പ്രസിദ്ധീകരിച്ചിരിക്കുന്നു. പുസ്തകം ആവശ്യമുള്ളവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക. പുസ്തകം ഒന്നിന് 20 രൂപയാണ് വില.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

തിരുവചനം: "പ്രിയപ്പെട്ടവരെ നിങ്ങൾ പരിശുദ്ധാത്മാവിൽ പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളുടെ പവിത്രമായ വിശ്വാസത്തിൽ അഭിവൃദ്ധി പ്രാപിക്കുവിൻ." (യൂദാ 1: 20)

സുകൃതജപം: എന്റെ കാവൽ മാലാഖേ എനിക്ക് കൂട്ടായിരിക്കേണമേ!

പ്രാർത്ഥനാ നിയോഗം: തിസഭയെ കുറിച്ചുള്ള അറിവ് ലേകമെമ്പാടും വ്യാപിക്കുന്നതിനായി പരിശുദ്ധ പിതാവിനോടൊപ്പം നമുക്കും പ്രാർത്ഥിക്കാം.

പരിചയപ്പെടുന്ന വിശുദ്ധൻ: നീണ്ട 27 വർഷം വി. പത്രോസിന്റെ പിൻഗാമിയായി തിരുസഭയെ നയിച്ച ജോൺ പോൾ രണ്ടാമൻ മാർപാപ്പയാണ് ഈ മാസം നാം പരിചയപ്പെടുന്ന വിശുദ്ധൻ. 2005 ഏപ്രിൽ 2–ാം തിയതിയാണ് പാപ്പ ഈ ലോകം വിട്ട് തന്റെ സ്വർഗ്ഗീയ പിതാവിങ്കലേക്ക് യാത്രയായത്. അദ്ദേഹത്തിന്റെ മരണശേഷവും അദ്ദേഹം വഴി ദൈവം ലോകത്തിൽ പ്രവർത്തിക്കുന്നു, അതിനുള്ള തെളിവാണ് ഈ ചുരുങ്ങിയ കാലത്തിനിടയിൽ അദ്ദേഹത്തെ സഭയിലെ വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തിയത്. യുവജനങ്ങളോട് അഗാധമായ സ്നേഹം പുലർത്തിയ ഈ മാർപാപ്പയാണ് ലോക യുവജന ദിനങ്ങൾ സംഘടിപ്പിച്ചു തുടങ്ങിയത്. കത്തോലിക്കാസഭയ്ക്ക് ഏറ്റവും കൂടുതൽ വിശുദ്ധരെയും വാഴ്ത്തപ്പെട്ടവരെയും ലഭിച്ചത് ഈ മാർപാപ്പയുടെ കാലത്താണ്. കേരളം സന്ദർശിച്ച ആദ്യ മാർപാപ്പയാണ് വി. ജോൺ പോൾ രണ്ടാമൻ. തിരുസഭയിൽ ഒക്ടോബർ 22 ന് വിശുദ്ധന്റെ തിരുനാൾ കൊണ്ടാടുന്നു.

പ്രവർത്തനം : ലോകസമാധാനത്തിനും ഐക്യത്തിനുംവേണ്ടി പരിശുദ്ധ അമ്മയുടെ കരം പിടിച്ച് ജപമാല ചൊല്ലി പ്രാർത്ഥിക്കാം.

**സി. ബീന റോസ് SSPC**
കോർഡിനേറ്റർ

**ഫാ. സിജോ മുരിങ്ങാത്തേരി**
ഡയറക്ടർ

# കത്തോലിക്ക കോൺഗ്രസ്സ്
തൃശൂർ അതിരൂപത

* **ക്രിസ്റ്റോണിയൻ 2023**
  തൃശൂർ അതിരൂപതയിലെ പതിനാറു ഫൊറോന കേന്ദ്രങ്ങളിലും കത്തോലിക്ക കോൺഗ്രസ് അംഗങ്ങളും അവരുടെ കുടുംബാംഗങ്ങളും പ്രത്യേകം ക്ഷണിക്കപ്പെട്ടവരും ഒത്തുചേരുന്നു. സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി ക്രമീകരിച്ചിരിക്കുന്ന ഈ സ്നേഹ കുടുംബ സംഗമങ്ങളിൽ വെച്ച് പ്രത്യേക മേഖലകളിലെ വ്യക്തിത്വങ്ങൾക്ക് അനുമോദനങ്ങളും അഭിനന്ദനങ്ങളും നേരുന്നതായിരിക്കും.
* **മദർ തെരേസയോടൊപ്പം യൂത്ത് വാക്ക്**
  കത്തോലിക്ക കോൺഗ്രസ്സിന്റെ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ കാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി മദർ തെരേസയോടൊപ്പം യൂത്ത് വാക്ക് സംഘടിപ്പിക്കുന്നു. അതിരൂപതതല ഉദ്ഘാടനം ചേറൂർ ക്രൈസ്റ്റ് വില്ലയിൽ വെച്ച് അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ നിർവഹിച്ചു. കത്തോലിക്ക കോൺഗ്രസ്സ് അതിരൂപത ഭാരവാഹികളും അതിരൂപത യൂത്ത് കൗൺസിൽ അംഗങ്ങളും പരിപാടിക്ക് നേതൃത്വം നൽകി.
* **നാഷ്ണൽ യൂത്ത് കോൺഗ്രസ്സ്**
  കത്തോലിക്ക കോൺഗ്രസ്സ് ഗ്ലോബൽ യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ മൗണ്ട് സെന്റ് തോമസ് കാക്കനാട്ട് വെച്ച് നാഷ്ണൽ യൂത്ത് കോൺഫ്രൻസ് സംഘടിപ്പിക്കുന്നു. തൃശൂർ അതിരൂപതയെ പ്രതിനിധാനം ചെയ്ത 10 പേർ കോൺഫ്രൻസിൽ പങ്കെടുക്കുന്നു
* **റോഡുകൾ സഞ്ചാരയോഗ്യമല്ലാത്തതിൽ പ്രതിഷേധം**
  തൃശൂരിലെ പ്രധാന റോഡുകളുടെ പുനർനിർമ്മാണം ഇഴയുന്നതിൽ കത്തോലിക്ക കോൺഗ്രസ്സ് പ്രതിഷേധം രേഖപ്പെടുത്തി. റോഡുകളുടെ ശോചനീയാവസ്ഥ മൂലം ജനങ്ങൾ ദുരിതത്തിലായിരിക്കുകയാണെന്നും റോഡിൽ രൂപപ്പെടുന്ന ബ്ലോക്കുകൽ ജനങ്ങളെ ദുരന്തത്തിലേയ്ക്ക് എത്തിച്ചിരിക്കുകയാണെന്നും അധികാരികൾ എത്രയും വേഗം ഉണർന്ന് പ്രവർത്തിക്കണമെന്നും അതിരൂപത സമിതി ആവശ്യപ്പെട്ടു.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ

**ജോഷി വടക്കൻ**
പ്രസിഡന്റ്

**ശ്രീ. എൻ.പി. ജാക്സൺ**
ജനറൽ സെക്രട്ടറി

# ജീസസ് യൂത്ത്

**വി. ജോൺ പോൾ മാ4പാപ്പയുടെ തിരുശേഷിപ്പ് പ്രയാണം തൃശ്ശൂ4 അതിരൂപതയിലൂടെ**

ജീസസ് യൂത്ത് നാഷണൽ കോൺഫറൻസ് ജാഗോയുടെ ഭാഗമായി വി. ജോൺ പോൾ രണ്ടാമൻ പാപ്പയുടെ തിരുശേഷിപ്പുമായുള്ള മധ്യസ്ഥ പ്രാർഥനയാത്ര ഇന്ത്യ മുഴുവനിലൂടെ കടന്നു പോകുന്നതിന്റെ ഭാഗമായി സെപ്റ്റംബർ 04, 05, 06 തീയതികളിൽ തൃശ്ശൂർ അതിരൂപതയിലൂടെ പ്രയാണം ചെയ്തു. പുതുക്കാട്, പനംകുറ്റിച്ചിറ, മുക്കാട്ടുകര, എറവ്, അരണാട്ടുകര, പുത്തൻപള്ളി, വടക്കാഞ്ചേരി, എരുമപ്പെട്ടി, വേലൂർ, മുണ്ടൂർ, പറപ്പൂർ, പാവറട്ടി, പാലയൂർ, കല്ലൂർ എന്നീ ഇടവകകളിലൂടെയും ഡോൺ ബോസ്കോ കോളേജ് മണ്ണുത്തി, സേക്രഡ് ഹാർട്ട് സ്കൂൾ തൃശ്ശൂർ, സെന്റ് തോമസ് കോളേജ് തൃശ്ശൂർ, മാതാ നികേതൻ പുത്തൻപള്ളി, പോപ്പ് ജോൺ പോൾ പീസ് ഹോം പെരിങ്ങണ്ടൂർ എന്നീ സ്ഥാപനങ്ങളിലൂടെയും പ്രയാണം നടന്നു. തിരുശേഷിപ്പ് വഹിച്ചുകൊണ്ട് വിശുദ്ധനോടൊപ്പമുള്ള ഈ യാത്രയിൽ എല്ലാവരുടെയും നിറഞ്ഞ സാന്നിധ്യം ഉണ്ടായിരുന്നു.

**ഫാ. ബാസ്റ്റ്യൻ പുന്നോലിപ്പറമ്പിൽ**
ഡയറക്ടർ

# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

**വിൻസെൻഷ്യൻ അഭയകേന്ദ്രം പത്താം വാർഷികം.**

തൃശ്ശൂർ അതിരൂപതയുടെ പരസ്നേഹ പ്രവർത്തനങ്ങളുടെ മുഖമായി മാറിയ സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ തൃശ്ശൂർ സെൻട്രൽ കൗൺസിൽ സ്ഥാപിച്ച വിൻസെൻഷ്യൻ അഭയകേന്ദ്രത്തിന്റെ പത്താം വാർഷികം ആഘോഷിച്ചു. സെൻട്രൽ കൗൺസിൽ ആദ്ധ്യാത്മിക ഉപദേഷ്ടാവ് ഫാ. ജിക്സൺ താഴത്ത് അദ്ധ്യക്ഷത വഹിച്ച യോഗം വടക്കാഞ്ചേരി നിയോജകമണ്ഡലം

എം.എൽ.എ. ശ്രീ. സേവിയർ ചിറ്റിലപ്പിള്ളി ഉദ്ഘാടനം ചെയ്തു. മുളങ്കുന്നത്തുക്കാവ് മെഡിക്കൽ കോളേജ് സൂപ്രണ്ട് ഇൻ ചാർജ് ശ്രീമതി നിഷ എം. ദാസ് മുഖ്യാതിഥിയായിരുന്നു. കീമോ, റേഡിയേഷൻ, ഡയാലിസിസ് തുടങ്ങിയ തുടർ ചികിൽസകൾക്കായി മലപ്പുറം, പാലക്കാട് തുടങ്ങി ദൂരസ്ഥലങ്ങളിൽ നിന്നും വരുന്ന നിർധനരായ രോഗികൾക്കും അവരുടെ കൂട്ടിരിപ്പുക്കാർക്കും തൃശ്ശൂർ മുളങ്കുന്നത്തുക്കാവ് മെഡിക്കൽ കോളേജിന് സമീപമുള്ള ഈ സ്ഥാപനത്തിൽ സൗജന്യമായി താമസവും, ഭക്ഷണവും ഒരുക്കിയിട്ടുണ്ട്. ഇക്കാലയളവിനുള്ളിൽ ഏകദേശം രണ്ടായിരത്തോളം പേർ ഇവിടെ താമസിച്ച് ഈ സേവനം ഉപയോഗപ്പെടുത്തിയതായി ആമുഖപ്രസംഗത്തിൽ വൈ. പ്രസിഡണ്ട് ശ്രീ. ഷിബു കെ.എ. സൂചിപ്പിച്ചു. വെളപ്പായ പളളി വികാരി റവ.ഫാ. വിൻസെന്റ് കണിമംഗലത്തുകാരൻ ആശംസകൾ നേർന്നു. പ്രസിഡണ്ട് ശ്രീ.ജോസ് ജെ. മഞ്ഞളി സ്വാഗതവും, സെക്രട്ടറി ശ്രീ. പ്രശാന്ത് ചിറ്റിലപ്പിള്ളി നന്ദിയും പറഞ്ഞു. ഇവിടുത്തെ സൗകര്യം ഉപയോഗപ്പെടുത്തുവാൻ ആശുപത്രി അഡ്മിഷൻ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ ഫോട്ടോ കോപ്പി ഹാജരാക്കേണ്ടതാണ്.

**ഫാ. ജിക്സൺ താഴത്ത്**
ആദ്ധ്യാത്മിക ഉപദേഷ്ടാവ്

**ജോസ് ജെ. മഞ്ഞളി**
പ്രസിഡന്റ്

**പ്രശാന്ത് ചിറ്റിലപ്പിള്ളി**
സെക്രട്ടറി

## യൂത്ത് മിനിസ്ട്രി

**കരിസ്മ 2023**

തൃശ്ശൂർ അതിരൂപത കെ സി വൈ എം, സി എൽ സി, ജീസസ് യൂത്ത് അതിരൂപത ഭാരവാഹികൾക്കായ് ഏകദിന ലീഡേഴ്സ് ക്യാമ്പ് വെട്ടുക്കാട് സ്നേഹാശ്രമത്തിൽ ഓഗസ്റ്റ് 6 ന് സംഘടിപ്പിച്ചു. ചെറുപുഷ്പം മിഷൻ ലീഗ് മുൻ സംസ്ഥാന കോഡിനേറ്ററും കോതമംഗലം രൂപതാംഗവുമായ ശ്രീമാൻ അരുൺ ജോസും Jesus

Fraternity മുൻ സംസ്ഥാന ഡയറക്ടറും ഇപ്പോൾ വെട്ടുക്കാട് സ്നേഹാശ്രമം ഡയറക്ടറുമായ ബഹുമാനപ്പെട്ട ഫാ. അലക്സാണ്ടർ കുരീക്കാട്ടിലും ക്ലാസുകൾക്ക് നേതൃത്വം നൽകി.

**യൂത്ത് ക്യാമ്പുകൾ**

ഓഗസ്റ്റ്-സെപ്റ്റംബർ മാസത്തിൽ യൂത്ത് മിനിസ്ട്രി ടീമിന്റെ നേതൃത്വത്തിൽ നടന്ന യുവജന ക്യാമ്പുകൾ:

1) ഓഗസ്റ്റ് 15 സെൻറ് ആൻറണീസ് ചർച്ച്, കോടന്നൂർ

2) ഓഗസ്റ്റ് 26 സെൻറ് ജോസഫ് ചർച്ച്, കുരിയച്ചിറ

3) ഓഗസ്റ്റ് 26 വിജയമാതാ ചർച്ച്, വെള്ളക്കാരിത്തടം

4) ഓഗസ്റ്റ് 26, 27 സേക്രട്ട് ഹാർട്ട് ചർച്ച്, ചെമ്പുക്കാവ്

5) ഓഗസ്റ്റ് 30, 31 സെപ്റ്റംബർ 1 സെൻറ് സെബാസ്റ്റ്യൻ ചർച്ച്, പുറനാട്ടുകര

6) സെപ്റ്റംബർ 6 ഡോളേഴ്സ് ബസിലിക്ക ചർച്ച്, തൃശ്ശൂർ

7) സെപ്റ്റംബർ 6 ലിറ്റിൽ ഫ്ളവർ ചർച്ച്, ഒളരിക്കര

8) സെപ്റ്റംബർ 8,9,10 സെൻറ് ജോസഫ് ചർച്ച്, നിർമലപുരം

വളരെ മനോഹരമായി ക്യാമ്പുകൾ സംഘടിപ്പിച്ച എല്ലാ വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും നന്ദി!

**ഫാ. ലിൻസൻ തട്ടിൽ**
ഡയറക്ടർ, യൂത്ത് മിനിസ്ട്രി

# അതിരൂപത പബ്ലിക് റിലേഷൻസ് വകുപ്പ്

**പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്**

തൃശ്ശൂർ അതിരൂപതയിലെ ഇടവകകളിലെ പി. ആർ. ഒ. മാരുടെ കാലാവധി 2023 ഡിസംബർ 31ന് അവസാനിക്കുകയാണ്. ആയതിനാൽ ഇടവകകളിൽ പുതിയ പി. ആർ. ഒ. മാരെ തെരഞ്ഞെടുക്കേണ്ടതാണ്. ഇവരുടെ പേരും അഡ്രസ്സും ഫോട്ടോയും വാട്സ് ആപ് നമ്പറും വികാരിയച്ചന്റെ കത്തിന്റെ കോപ്പിയും താഴെ കൊടുത്തിരിക്കുന്ന മൊബൈൽ നമ്പറിൽ 2023 ഡിസംബർ 31ന് മുമ്പായി അയച്ചു തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ചില ഇടവകകളിൽ പി.ആർ.ഒ. മാരെ പുതിയതായി തെരഞ്ഞെ

ടുത്തിട്ടുണ്ട്. അവരുടെ വിശദവിവരങ്ങൾ ഒരിക്കൽ കൂടി അയച്ചു തരണ മെന്ന് അഭ്യർത്ഥിക്കുന്നു.

മൊബൈൽ നമ്പർ : **9446424520, 9744002152**

| **പാരിഷ് ബുള്ളറ്റിൻ മത്സരം 2022** | | |
|---|---|---|
| **എല്ലാ മാസവും പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ** | | |
| ഒന്നാം സമ്മാനം | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |
| രണ്ടാം സമ്മാനം | *സാൻജോസ് പാരിഷ്* വോയ്സ് | – പാവറട്ടി |
| | *ഡോളേഴ്സ് ഡൈജസ്റ്റ്* | – തൃശ്ശൂർ ബസിലിക്ക |
| | *പാരിഷ്* വോയ്സ് | – നല്ലെങ്കര |
| മൂന്നാം സമ്മാനം | *മാർതോമാ ദീപ്തി* | – മറ്റം |
| | *ടച്ച് മീ* | – കുന്നംകുളം |
| | *സെന്റ് ലാസേഴ്സ്* വോയ്സ | – കോട്ടപ്പടി |
| | *ഫ്ളവർ* വോയ്സ് | – എറവ് |
| | *സെന്റ് സേവിയേഴ്സ്* വോയ്സ് | – വടക്കാഞ്ചേരി |
| **ഇടവിട്ട മാസങ്ങളിൽ പ്രസിദ്ധീകരിക്കുന്ന വിഭാഗത്തിലെ സമ്മാനാർഹർ** | | |
| ഒന്നാം സമ്മാനം | *കർമ്മലദീപ്തി* | – ചേറ്റുപുഴ |
| രണ്ടാം സമ്മാനം | *മരിയ രശ്മി* | – നോർത്ത് നന്തിപുലം |
| | *സ്നേഹദൂത്* | – പൂങ്കുന്നം |
| മൂന്നാം സമ്മാനം | *സാൻജോസ് പൾസ്* | – അമലനഗർ |
| | *റോസറി വോയ്സ്* | – കല്ലൂർ പടിഞ്ഞാറ് |
| **കവർ** | | |
| ഒന്നാം സമ്മാനം | *സാൻജോസ് പാരിഷ്* വോയ്സ് | – പാവറട്ടി |
| | *ഹൃദയനാദം* | – നടത്തറ |
| രണ്ടാം സമ്മാനം | *നല്ല ഇടയൻ* | – മുക്കാട്ടുകര |
| | *സാന്തോം വോയ്സ്* | – തിരൂർ |
| | *തിരുഹൃദയനാദം* | – പെരിഞ്ചേരി |
| മൂന്നാം സമ്മാനം | *പാരിഷ് വോയ്സ്* | – നല്ലെങ്കര |
| | *പാദുവാദീപം* | – മണ്ണുത്തി |
| | *വിശ്വാസപ്രഭ* | – പാലയൂർ |
| | *സാൻന്റോ* വേവ്സ് | – മച്ചാട് |

## എഡിറ്റോറിയൽ

| | | |
|---|---|---|
| ഒന്നാം സമ്മാനം | ജിജോ മഞ്ഞളി, | |
| | *മരിയൻ വോയ്സ്* | – പൊങ്ങണംകാട് |
| | ബിജോ തോമസ് തേറാട്ടിൽ, | |
| | *ചെറുപുഷ്പനാദം* | – ഒളരിക്കര |
| രണ്ടാം സമ്മാനം | പ്രൊഫ. ജോൺ സിറിയക്, | |
| | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |
| | പോൾ കൊച്ചുവീട്ടിൽ, | |
| | *സാൻജോസ് വോയ്സ്* | – കുരിയച്ചിറ |
| | *പാരിഷ് വോയ്സ്* | – നല്ലെങ്കര |
| മൂന്നാം സമ്മാനം | വർഗ്ഗീസ് മഞ്ഞളി, *ഷാലോം* | – അരണാട്ടുകര |
| | *സെന്റ് ആന്റണീസ് വോയ്സ്* | – വരടിയം |

## ലേ ഔട്ട്

| | | |
|---|---|---|
| ഒന്നാം സമ്മാനം | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |
| | *ഡോളേഴ്സ് ഡൈജസ്റ്റ്* | – തൃശ്ശൂർ ബസിലിക്ക |
| രണ്ടാം സമ്മാനം | *സാൻജോസ് പാരിഷ്* വോയ്സ് | – പാവറട്ടി |
| | *പാദുവാദീപം* | – മണ്ണുത്തി |
| | *പ്രകാശനാളം* | – പുത്തൻപീടിക |
| മൂന്നാം സമ്മാനം | *ഹൃദയനാദം* | – നടത്തറ |
| | *മരിയൻ വോയ്സ്* | – ചെങ്ങാലൂർ |
| | *സ്നേഹസ്പന്ദനം* | – ചെവ്വൂർ |

## ഫീച്ചർ

| | | |
|---|---|---|
| ഒന്നാം സമ്മാനം | റാഫി നീലങ്കാവിൽ, | |
| | *സാൻജോസ് പാരിഷ്* വോയ്സ് | – പാവറട്ടി |
| രണ്ടാം സമ്മാനം | ബെന്നി കൊളങ്ങര, | |
| | *വിജയകാഹളം* | – ചേറൂർ |
| | പ്രൊഫ. എം. ഡി. ജോസ്, | |
| | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |
| മൂന്നാം സമ്മാനം | പ്രൊഫ. ചാക്കോ കാക്കശ്ശേരി, | |
| | *മാർ തോമാദീപ്തി* | – മറ്റം |
| | റോബിൻ ഇമ്മാനുവൽ, | |
| | *വിജയമാത* | – ചിയ്യാരം |
| | കെ. സി. ദേവസ്സി, *ജീവൻപ്രഭ* | – പാലക്കൽ |

| കവിത | | |
|---|---|---|
| ഒന്നാം സമ്മാനം | ലാസർ ചുങ്കത്ത്, | |
| | *സാന്തോം വോയ്സ്* | – തിരൂർ |
| രണ്ടാം സമ്മാനം | സിസിലി ആന്റോ മേച്ചേരി, | |
| | *കർമ്മലദീപ്തി* | – ചേറ്റുപുഴ |
| | ഫ്ളവർ സി. എ., *മേരിനാദം* | – ഒല്ലൂർ മേരിമാത |
| | സൗമ്യ തോമസ് വി., | |
| | *മാർത്തോമാ ദീപ്തി* | – മറ്റം |
| മൂന്നാം സമ്മാനം | ലൗലി ഫ്രാൻസിസ്, | |
| | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |
| | ജോൺ തേറാട്ടിൽ, | |
| | *നിത്യജ്യോതി* | – വിയ്യൂർ |
| | ലിൻസി ഷാജു, *പാദുവാരശ്മി* | – അമ്മാടം |

| ലേഖനം | | |
|---|---|---|
| ഒന്നാം സമ്മാനം | സ്റ്റാർലിൻ വർഗ്ഗീസ്, *മരിയനാദം* | – അയ്യന്തോൾ |
| രണ്ടാം സമ്മാനം | നിഷ മാർട്ടിൻ, | |
| | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |
| | ജോൺ തേറാട്ടിൽ, | |
| | *നിത്യജ്യോതി* | – വിയ്യൂർ |
| | ഇ. ഡി. ബെന്നി, *മരിയരശ്മി* | – പേരാമംഗലം |
| മൂന്നാം സമ്മാനം | സി. റ്റി. ഡേവിസ്, *സ്നേഹദൂത്* | – പൂങ്കുന്നം |
| | റാഫി നീലങ്കാവിൽ, | |
| | *സാൻജോസ് പാരിഷ്* വോയ്സ് | – പാവറട്ടി |
| | ജാൻസി പോൾ, | |
| | *മാർതോമാ ദീപ്തി* | – മറ്റം |

| കഥ | | |
|---|---|---|
| ഒന്നാം സമ്മാനം | സൗമ്യ തോമസ് വി., | |
| | *മാർത്തോമാ ദീപ്തി* | – മറ്റം |
| രണ്ടാം സമ്മാനം | ജിസ്മി ബിനോയ്, | |
| | *പാദുവാരശ്മി* | – അമ്മാടം |
| | ബൈജു പൊന്തേക്കൻ, | |
| | *ജീവൻ പ്രഭ* | – പാലക്കൽ |
| | ബിന്ദു ടി. എൽ, *വിജയമാത* | – ചിയ്യാരം |
| | റാണി ജോൺസൻ, | |
| | *കത്തീഡ്രൽ വോയ്സ്* | – തൃശ്ശൂർ ലൂർദ്ദ് |

മൂന്നാം സമ്മാനം സി. പി. ദേവസ്സി, *ഷാലോം* – അരണാട്ടുകര
നിതിൻ സാബു, *വിശ്വാസപ്ര* – പാലയൂർ
ലാസർ ചുങ്കത്ത്,
*സാന്തോം വോയ്സ്* – തിരൂർ

**കാർട്ടൂൺ**

ഒന്നാം സമ്മാനം ജോഷി ജോസ്, *മരിയ രശ്മി* – പേരാമംഗലം
രണ്ടാം സമ്മാനം ബിനിത ബേബി,
*സാൻജോസ് പാരിഷ്* വോയ്സ് – പാവറട്ടി
മൂന്നാം സമ്മാനം സി. മരിയ ജിൻസി എസ്. എം. സി.,
*വിജയകാഹളം* – ചേറൂർ
ഷാജു കുറ്റിക്കാടൻ,
*സാൻന്റോ വേവ്സ്* – മച്ചാട്

**ഇടയശബ്ദം (വികാരി)**

ഫാ. ആന്റണി ചിറ്റിലപ്പിള്ളി, *യേശുനാദം* – ഒല്ലൂർ
ഫാ. മാത്യു കുറ്റിക്കോട്ടയിൽ, *പാരിഷ് വോയ്സ്* – നല്ലെങ്കര
ഫാ. ജോൺ കിടങ്ങൻ, *പാദുവാരശ്മി* – അമ്മാടം
ഫാ. അജിത് തച്ചോത്ത്, *വിജയകാഹളം* – ചേറൂർ
ഫാ. സ്റ്റാർസൻ കള്ളിക്കാടൻ, *പൗളിൻ നാദം* – തൈക്കാട്ടുശ്ശേരി

**ഇടയശബ്ദം (സഹവികാരി)**

ഫാ. അജിത് ചിറ്റിലപ്പിള്ളി, *കത്തീഡ്രൽ വോയ്സ്* – തൃശ്ശൂർ ലൂർദ്ദ്
ഫാ. റിതിൻ ചിറ്റിലപ്പിള്ളി, *ഫ്ളവർ വോയ്സ്* – എറവ്
ഫാ. ഗ്രിജോ മുരിങ്ങാത്തേരി, *സാൻജോ വോയ്സ്* – കുരിയച്ചിറ
ഫാ. സിന്റോ പൊന്തേക്കൻ, *സാൻജോസ് പാരിഷ് വോയ്സ്* – പാവറട്ടി
ഫാ. കനേഡിയൻ തണ്ടാശ്ശേരി, *ഹൃദയനാദം* – നടത്തറ

NB: 2022ലെ പാരിഷ് ബുള്ളറ്റിൻ മത്സര വിജയികൾക്കുള്ള സമ്മാന വിതരണം 2023 നവംബർ 12 ഞായറാഴ്ച നടത്തുന്നതാണ്.

**ജോർജ്ജ് ചിറമ്മൽ**
പ്രസിഡണ്ട്

**ഫാ. സിംസൺ ചിറമ്മൽ**
ഡയറക്ടർ

# എവുപ്രാസ്യാ മിഷൻ
## (വിശാഖപട്ടണം)

തൃശ്ശൂർ അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ പിതാവ് 2023 ആഗസ്റ്റ് 26 മുതൽ 30 വരെ തൃശ്ശൂർ അതിരൂപതയുടെ ആന്ധ്രപ്രദേശ് മിഷൻ സന്ദർശിച്ചു. പാർവ്വതീപുരം – മന്യം ജില്ലയിലെ കുറുപ്പം, വീരഘട്ടം പ്രദേശങ്ങളിൽ ആരംഭിച്ചിരിക്കുന്ന വി. എവുപ്രാസ്യാ മിഷനിലെ തിരുനാളാഘോഷത്തിലും വില്ലേജ് സന്ദർശനങ്ങളിലും അഭിവന്ദ്യപിതാവ് പങ്കെടുത്തു. കഴിഞ്ഞ വർഷം പിതാവും അച്ചന്മാരും മാത്രമായി കുർബാന അർപ്പിച്ച സ്ഥാനത്ത് ഇപ്പോൾ 25 തദ്ദേശവാസികളും വൈദികരും സിസ്റ്റേഴ്സും മധ്യസ്ഥപ്രാർത്ഥനക്കു വന്നിരുന്ന സഹോദരീമാരും കുർബാനയിൽ പങ്കെടുത്തു.

ദൈവപരിപാലനയിൽ സി. എം. സി. മഞ്ചേരിയാൽ പ്രൊവിൻഷ്യൽ സുപ്പീരിയർ രണ്ടു സിസ്റ്റേഴ്സിനെ ഇവിടുത്തെ മിഷൻപ്രവർത്തനത്തിന് നൽകാമെന്ന് വാഗ്ദാനം നൽകി. തെലുങ്ക് നന്നായി അറിയാവുന്ന സി. ദീപ്തിയും സിയ ദിവീനയും ഈ കർമ്മരംഗത്തേക്ക് കടന്നു വരികയും ചെയ്തു.

ഡൺസ്റ്റണച്ചനും അജിത് അച്ചനും അഭിജിത്ത് അച്ചനും യേശുദാസച്ചനും ജിനുവച്ചനും വെല്ലുവിളികളോട് പൊരുതി മുന്നേറുന്നു. ഫെല്ലോഷിപ്പ് മിനിസ്ട്രിയിലെ റീത്ത ചേച്ചി, ലില്ലി കുട്ടി ചേച്ചി എന്നിവർ മധ്യസ്ഥപ്രാർത്ഥനയിൽ ചെലവഴിക്കുന്നു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
സെക്രട്ടറി, ഇവാഞ്ചലൈസേഷൻ കമ്മീഷൻ

# പതിനെട്ടാം പാസ്റ്ററൽ കൗൺസിൽ
# എട്ടാം യോഗ റിപ്പോർട്ട്

**09 സെപ്തംബർ 2023**

പതിനെട്ടാം പാസ്റ്ററൽ കൗൺസിലിന്റെ എട്ടാം യോഗം 2023 സെപ്തംബർ 9 ശനി രാവിലെ 9:30ന് ഫാമിലി അപ്പസ്തോലേറ്റ് സെന്ററിൽ നടന്നു. രജിസ്ട്രേഷനു ശേഷം സി. ജെസിൻ തെരേസ് സി. എച്ച്. എഫും സി. ലെത്തീസിയ എസ്. എം. സി. യും നയിച്ച പ്രാർത്ഥനയോടെ യോഗനടപടികൾ ആരംഭിച്ചു. വികാരി ജനറാൾ മോൺ. ജോസ് കോനിക്കര യോഗത്തിലേക്ക് ഏവരെയും സ്വാഗതം ചെയ്തു. ജോയിന്റ് സെക്രട്ടറി എൻ. പി. ജാക്സൺ റിപ്പോർട്ട് അവതരിപ്പിക്കുകയും യോഗം പാസ്സാക്കുകയും ചെയ്തു. ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ ആമുഖപ്രഭാഷണം നടത്തി. "ദിവ്യകാരുണ്യ കേന്ദ്രീകൃതമായി സഭാനവീകരണം" എന്ന വിഷയത്തെ ആസ്പദമാക്കി ഫാ. ക്ലിന്റ് വെട്ടികുഴിയിൽ എം. സി. ബി. എസ്. ക്ലാസ്സ് നയിച്ചു. ശ്രീമതി ബീന ജോഷി ക്ലാസ്സിനു നേതൃത്വം നൽകിയ ഫാ. ക്ലിന്റിന് നന്ദി പറഞ്ഞു. തുടർന്ന് വികാരി ജനറാൾ മോൺ. ജോസ് വല്ലൂരാൻ അറിയിപ്പുകൾ നൽകി. പതിനെട്ടാമത് പാസ്റ്ററൽ കൗൺസിലിന്റെ അവസാനത്തെ സാധാരണയോഗമാണ് ഇതെന്നും നവംബറിൽ നടക്കുന്നത് അവാർഡ് ഡേ ആണെന്നും അദ്ദേഹം അറിയിപ്പിൽ സൂചിപ്പിച്ചു.

ഏഷ്യൻ ബിഷപ്സ് കോൺഫ്രൻസിൽ സീറോ മലബാർ സഭയുടെ പ്രതിനിധിയായി പങ്കെടുക്കാൻ അവസരം ലഭിച്ച അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീനക്ക് യോഗം അഭിനന്ദനങ്ങളും ആശംസകളും നേർന്നു. ഒക്ടോബർ 1 മുതൽ ഡിസംബർ 3 വരെ തൃശ്ശൂർ അതിരൂപതയിൽ പ്രത്യേകമായി ദിവ്യകാരുണ്യ കേന്ദ്രീകൃതമായ പ്രവർത്തനങ്ങൾ വിഭാവനം ചെയ്തിരിക്കുന്ന കാര്യം വികാരി ജനറാൾ അറിയിച്ചു. തുടർന്ന് ദിവ്യകാരുണ്യദിനത്തോടനുബന്ധിച്ച് ആവിഷ്കരിക്കാവുന്ന പ്രായോഗിക ചിന്തകൾ പങ്ക് വയ്ക്കുന്നതിനുള്ള ചർച്ചകൾ വിഷയാവതരണത്തെ ആസ്പദമാക്കി നടന്നു. അതിരൂപത സഹായമെത്രാൻ മാർ ടോണി നീലങ്കാവിൽ മോഡറേറ്ററായിരുന്നു. നമ്മുടെ എല്ലാ പ്രവർത്തനങ്ങളും രൂപീകരണത്തിലേ

ക്കായിരിക്കണമെന്നും യുവാക്കൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേക പരിഗണന നൽകണമെന്നും അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു. ശേഷം ശൂന്യവേളയായിരുന്നു. അഭിവന്ദ്യ മാർ ആൻഡ്രൂസ് പിതാവ് അധ്യക്ഷപ്രസംഗം നടത്തി. ശൂന്യവേളയിലെ അഭിപ്രായങ്ങൾക്ക് അഭിവന്ദ്യപിതാവ് അധ്യക്ഷപ്രസംഗത്തിൽ മറുപടി നൽകി. വോട്ടേഴ്സ് ലിസ്റ്റിൽ പേരു ചേർക്കുന്ന രാഷ്ട്രീയകാര്യ സമിതിയുടെ പ്രവർത്തനങ്ങൾ അഭിവന്ദ്യപിതാവ് സൂചിപ്പിച്ചു. തൃശ്ശൂർ അതിരൂപതയിലെ ഔദ്യോഗിക സംഘടനകളുടെ നേതൃത്വത്തിലോ പള്ളിയോഗ തീരുമാന പ്രകാരമുള്ള കമ്മിറ്റികളുടെ നേതൃത്വത്തിലോ ആണ് തിരുനാൾ ആഘോഷങ്ങൾ ഇടവകകളിൽ നടത്തേണ്ടതെന്ന് അഭിവന്ദ്യപിതാവ് ഓർമ്മപ്പെടുത്തി. മീഡിയ കത്തോലിക്കയുടെ ലിങ്ക് എല്ലാ ഇടവകകളിലേക്കും നൽകുന്നത് നല്ലതാണ് എന്ന് അഭിവന്ദ്യപിതാവ് പറഞ്ഞു. തുടർന്ന് അഭിവന്ദ്യ പിതാവിന്റെ നിർദ്ദേശപ്രകാരം പാസ്റ്ററൽ കൗൺസിലിന്റെ നിയമാവലിയിൽ വരുത്താൻ പോകുന്ന ഭേദഗതികൾ ജനറൽ സെക്രട്ടറി ഫാ. ഡൊമിനിക് തലക്കോടൻ വിശദീകരിച്ചു. ഇടവകയിൽ നിന്ന് പാസ്റ്ററൽ കൗൺസിലിലേക്ക് നേരിട്ട് പ്രതിനിധികളെ അയക്കാതെ, 2008ന് മുമ്പുള്ള സമ്പ്രദായമനുസരിച്ച്, ഇടവകപ്രതിനിധികളെ ഫൊറോന കൗൺസിലിലേക്ക് അയക്കുകയും ഫൊറോന കൗൺസിലിൽ നിന്ന് പാസ്റ്ററൽ കൗൺസിലിലേക്ക് തെരഞ്ഞെടുക്കുന്ന രീതി സ്വീകരിക്കാൻ തീരുമാനിച്ചു. യോഗം ഹർഷാരവത്തോടെ ഭേദഗതികൾ അംഗീകരിച്ചു.

പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. മേരി റെജീന നന്ദിപറഞ്ഞു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ സമാപനാശീർവാദത്തോടെ യോഗം ഒരു മണിക്ക് സമാപിക്കുകയും ചെയ്തു.



**ഫാ. ഡൊമിനിക് തലക്കോടൻ**
ജനറൽ സെക്രട്ടറി


പരിശുദ്ധ ജപമാല രാജ്ഞി
ഞങ്ങൾക്കുവേണ്ടി
പ്രാർത്ഥിക്കണമേ
പരിശുദ്ധ ജപമാല
രാജ്ഞിയുടെ തിരുനാൾ
ഒക്ടോബർ 7

Registered R.N.I. No. 27348/1975
KL/TCR/275/2021-2023
KL/CR/TCR/WPP-11/2021-23
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.09.2023
**October- 2023**




# FEET ON THE MOVE

ജ്വലിക്കുന്ന ഹൃദങ്ങൾ, ചലിക്കുന്ന പാദങ്ങൾ

## ആഗോള മിഷൻ ഞായർ 2023

**22 ഒക്ടോബർ 2023**

Printed and Published by Dr. Francis Aloor on behalf of Catholic Archdiocese of Trichur and
Printed at St. Mary's Orphanage Press, Madona Nagar, Kachery - 680 005 and
Published at Catholic Archbishop's House, Thrissur, Kerala - 680 005., Editor: Dr. Francis Aloor